കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – നവകേരളത്തിന് ജനകീയാസൂത്രണം – മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യത്തെ വാർഷിക പദ്ധതി (2017–18) തയ്യാറാക്കുന്നതിനുള്ള– മാർഗരേഖ അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്

ജി.ഒ(എം.എസ് )നം.79/2017/തസ്വഭവ തിരുവനന്തപുരം, തീയതി: 03.04.2017

പരാമർശം: 09–01–2017–ലെ ജി.ഒ.(എം.എസ് ) 11/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

1. പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് കേരളത്തെ വളർച്ചയുടെ ഒരു ഉയർന്ന പന്ഥാവിലേയ്ക്ക് എത്തിക്കുന്നതോടൊപ്പം സാമൂഹ്യനീതിയുടേയും പരിസ്ഥിതി സുരക്ഷയുടേയും ഉത്തമ മാതൃകയായി മാറ്റാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം കേരളത്തിന്റെ ഇന്നത്തെ നേട്ടങ്ങൾക്കെല്ലാം അടിസ്ഥാനമായ ജനാധിപത്യവൽക്കരണത്തെ മുന്നോട്ടു കൊണ്ടുപോകുകയും വേണം. ഈ ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാന സർക്കാരിനൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളും ഊർജ്ജിതമായി പ്രവർത്തിക്കേണ്ടതുണ്ട്. അതിനുള്ള സാഹചര്യം സംജാതമാക്കുന്നതിന് താരതമ്യേന ലളിതവും കാലതാമസം ഒഴിവാക്കുന്നതും വിദഗ്ധരുടേയും സന്നദ്ധ പ്രവർത്തകരുടേയും പങ്കാളിത്തം ഉറപ്പു വരുത്തുന്നതുമായ ഒരു ആസൂത്രണ പ്രക്രിയയാണ് ഈ മാർഗരേഖയിൽ ആവിഷ്കരിച്ചിട്ടുള്ളത്.

2. നഗരസഭകൾ പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ (2017–22) ആദ്യ വാർഷിക പദ്ധതി (2017–18) തയ്യാറാക്കുന്നതിന് അവലംബിക്കേണ്ട ആസൂത്രണ പ്രക്രിയയിലെ ആദ്യത്തെ രണ്ട് പ്രധാന ഘട്ടങ്ങളായ ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനും സൂചനയിലെ സർക്കാർ ഉത്തരവിൽ നിർദ്ദേശം നൽകിയിരുന്നു.

3. ഒൻപതാം പഞ്ചവൽസര പദ്ധതിക്ക് ശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ വികസനരേഖ (Development Report) തയ്യാറാക്കുക എന്ന ദൗത്യം ഗൗരവമായി ഏറ്റെടുത്തിട്ടില്ല. വികസനരേഖ തയ്യാറാക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ പരാമർശത്തിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്നുണ്ട്. അതുപ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നിർബന്ധമായും വികസനരേഖ തയ്യാറാക്കേണ്ടതാണ്.

4. നഗരസഭകൾ പതിമൂന്നാം പഞ്ചവൽസര പദ്ധതിയും വാർഷിക പദ്ധതി (2017–18)യും തയ്യാറാക്കുന്നതിന് സൂചനയിലെ ഉത്തരവിന്റെ തുടർച്ചയായി പാലിക്കേണ്ടതായ ആസൂത്രണ രീതികളും നിബന്ധനകളും സംബന്ധിച്ച് ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള വിശദമായ മാർഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണവും നിർവഹണവും സംബന്ധിച്ച് പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് (2012–17) പല ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. അവയിൽ എന്തുതന്നെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ഒരു സംഗതിയിൽ ഈ ഉത്തരവിലും 09.01.2017–ലെ ജി.ഒ(എം.എസ് )11/2017 തസ്വഭവ നമ്പർ ഉത്തരവിലും എന്താണോ നിർദ്ദേശിച്ചിട്ടുള്ളത് അതായിരിക്കും വാർഷിക പദ്ധതിയിൽ (2017–18) പ്രാബല്യത്തിൽ ഉണ്ടായിരിക്കുക.

6. 2017-18 വാർഷിക പദ്ധതിക്ക് 2017 മേയ് 5-ന് മുൻപ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പ്രിൻസിപ്പൽസെക്രട്ടറി
(തദ്ദേശസ്വയംഭരണം)

1 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
4 എല്ലാ ജില്ലാ കളക്ടർമാർക്കും (ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിമാർ)
5 അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
6 എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
7 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
8 ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്(ഉപരിപത്രം സഹിതം)
9 മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (ഉപരിപത്രം സഹിതം)
10 മാനേജിംഗ് ഡയറക്ടർ കേരള ജല അതോറിട്ടി (ഉപരിപത്രം സഹിതം)
11 എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ/ കോർപ്പറേഷനുകൾ/ബോർഡുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർമാർക്കും, ചീഫ് എക്സിക്യൂട്ടീവ്മാർക്കും (ഉപരിപത്രം സഹിതം)
12 നഗരകാര്യഡയറക്ടർ
13 പൊതു വിദ്യാഭ്യാസ ഡയറക്ടർ
14 പട്ടികജാതി വികസന ഡയറക്ടർ
15 പട്ടികവർഗ വികസന ഡയറക്ടർ
16 ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ
17 കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
18 സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
19 പബ്ലിക് റിലേഷൻസ് ഡയറക്ടർ
20 ആരോഗ്യ വകുപ്പ് ഡയറക്ടർ
21 ആയുർവേദ വകുപ്പ് ഡയറക്ടർ
22 ഹോമിയോ വകുപ്പ് ഡയറക്ടർ
23 കൃഷി വകുപ്പ് ഡയറക്ടർ
24 മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ
25 ക്ഷീര വികസന വകുപ്പ് ഡയറക്ടർ
26 വ്യവസായ വകുപ്പ് ഡയറക്ടർ
27 ഡയറക്ടർ ജനറൽ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്
28 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
29 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
30 എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
31 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
31 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
32 എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും
33 ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
34 മറ്റെല്ലാ വകുപ്പ് ഡയറക്ടർമാർക്കും
35 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
36 സെക്രട്ടറി, മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ
37 സെക്രട്ടറി, മേയർമാരുടെ ചേംബർ
38 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
39 അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
40 പൊതുഭരണ (എസ്.സി.) വകുപ്പ്

പകർപ്പ്:-

1. മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. മറ്റ് എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
6. മെമ്പർ (ഡി.പി) സംസ്ഥാന ആസൂത്രണബോർഡ്

ഉത്തരവിൻ പ്രകാരം

സെക്ഷൻഓഫീസർ

**അനുബന്ധം**

## മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും വാർഷിക പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള അധിക മാർഗരേഖ

### 1 ആമുഖം

1.1 പ്രാദേശിക വികസന പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നത് പ്രാദേശിക സർക്കാരുകളിൽ നിയമപ്രകാരം നിക്ഷിപ്തമായ അധികാരവും ഉത്തരവാദിത്വവുമാണ്. കഴിഞ്ഞ രണ്ടു ദശാബ്ദക്കാലത്തെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ അനുഭവം പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളെ കൂടുതൽ പ്രാപ്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്വാഭാവികമായും ആസൂത്രണ പ്രക്രിയയുടെ എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സങ്കീർണ്ണമായ നടപടിക്രമങ്ങൾ മുകൾതട്ടുകളിൽ നിന്നും താഴേയ്ക്ക് നിർദ്ദേശിക്കേണ്ടതില്ല. ആസൂത്രണ നടപടിക്രമങ്ങൾ അനാവശ്യമായ കാലവിളംബവും ഉദ്യോഗസ്ഥ മേധാവിത്വവും സൃഷ്ടിക്കുന്നു, ജനകീയത ഇല്ലാതാക്കുന്നു, കാര്യക്ഷമതയ്ക്ക് കോട്ടമുണ്ടാക്കുന്നു തുടങ്ങിയ വിമർശനങ്ങളും പ്രസക്തമാണ്. അതുകൊണ്ട് താരതമ്യേന ലളിതവും കാലതാമസം ഒഴിവാക്കുന്നതും, വിദഗ്ധരുടേയും സന്നദ്ധ പ്രവർത്തകരുടേയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതുമായ ഒരു നടപടിക്രമമായിരിക്കും പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് അനുവർത്തിക്കുന്നത്.

1.2 ഒൻപതാം പഞ്ചവൽസര പദ്ധതിക്കാലം മുതൽ നാളിതുവരെ പദ്ധതി പ്രവർത്തനങ്ങളിൽ ഗ്രാമീണമേഖലയ്ക്കും നഗരപ്രദേശങ്ങളിലേയ്ക്കും ഒരു പൊതുവായ മാർഗരേഖയാണ് നിലനിന്നിരുന്നത്. എന്നാൽ അതിവേഗം നഗരവൽക്കരണം നടന്നു വരുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ കേരളത്തിലെ നഗരപ്രദേശങ്ങൾ അഭിമുഖീകരിക്കുന്ന സവിശേഷത മുന്നിൽ കണ്ടുള്ള സമഗ്രമായ ഒരു നഗര വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തിയെങ്കിൽ മാത്രമേ നാം ഉദ്ദേശിക്കുന്ന വിധത്തിലുള്ള സമഗ്ര വികസനം സാദ്ധ്യമാകൂ. ആയതിനാൽ പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ നഗരസഭകളുടെ ആസൂത്രണ പ്രവർത്തനങ്ങൾക്ക് മാത്രമായി പ്രത്യേക മാർഗരേഖ തയ്യാറാക്കിയിരിക്കുന്നു. ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലെ ഒന്നാം പട്ടികയിലും നഗരസഭകളെ ചുമതലപ്പെടുത്തിയിട്ടുള്ള ഉത്തരവാദിത്തങ്ങൾ യഥാവിധി നിർവഹിക്കുന്നതിന് മാർഗരേഖ ലക്ഷ്യമിടുന്നു.

1.3 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വിഭാവനം ചെയ്യുന്നത് ബഹുതല ആസൂത്രണമാണ്. അതിനാൽ ഭരണഘടനയും ബന്ധപ്പെട്ട നിയമങ്ങളും അനുശാസിക്കുന്ന തരത്തിൽ പദ്ധതി

ആസൂത്രണം ചെയ്യണം. ഇതിനു പുറമേയാണ് വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമാവുന്ന വിഭവങ്ങൾ വകയിരുത്തുന്നതിന് പാലിക്കേണ്ട വ്യവസ്ഥകളുടേയും അവ സമന്വയിപ്പിക്കേണ്ട തിന്റേയും പ്രാധാന്യം. ഇവ സംബന്ധിച്ചുള്ള പൊതു മാർഗ നിർദ്ദേശങ്ങളാണ് ഈ ഉത്തരവിൽ പ്രധാനമായും വിശദീകരിക്കുന്നത്. നിർബന്ധമായും അനുവർത്തിക്കേണ്ടതായ കാര്യങ്ങളോ ടൊപ്പം നിർബന്ധമില്ലാത്തതും എന്നാൽ അനുകരണീയവും അഭികാമ്യവുമായ കാര്യങ്ങൾ കൂടി കൂട്ടിച്ചേർത്ത് അവതരിപ്പിക്കുന്നതാണ് പലപ്പോഴും അവ്യക്തതയ്ക്കും ഓഡിറ്റ് പ്രശ്നങ്ങൾക്കും ഇടയാക്കുന്നത്. ഈ ഉത്തരവിൽ നിർബന്ധമായും (mandatory) അനുഷ്ഠിക്കേണ്ട കാര്യങ്ങളും അഭികാമ്യമായ (desirable) കാര്യങ്ങളും സംബന്ധിച്ച് പരമാവധി വ്യക്തത വരുത്തിയിട്ടുണ്ട്.

1.4 സംസ്ഥാനത്തിന്റെ പതിമൂന്നാം പഞ്ചവൽസര പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിലും, വിവിധ വകുപ്പുകളിലും പുരോഗമിക്കുകയാണ്. ഏകദേശം 2 ലക്ഷം കോടി രൂപയാണ് സംസ്ഥാന പദ്ധതിക്കായി വിഭാവനം ചെയ്യുന്നത്. ഇതിൽ ഏതാണ്ട് അറുപതിനായിരം കോടിയിലധികം രൂപ പ്രാദേശിക സർക്കാരുകൾക്കുള്ള വിഹിതമായിരിക്കും. സംസ്ഥാനത്തിന്റെ പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ ലക്ഷ്യം തുടർച്ചാ സാദ്ധ്യതയുള്ള, പരിസ്ഥിതി രക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യനീതി മുറുകെ പിടിക്കുന്ന, സാമ്പത്തിക വളർച്ചയുടെ ഒരു ഉയന്ന പന്ഥാവിലേയ്ക്ക് കേരളത്തെ എത്തിക്കുക എന്നതാണ്. ഉയർന്ന വളർച്ച ഉറപ്പാക്കാൻ സാമൂഹ്യനീതിയും പരിസ്ഥിതി രക്ഷയും വിട്ടുവീഴ്ച ചെയ്തുകൊണ്ട് നിക്ഷേപകരെ ആകർഷിക്കുന്ന സമീപനം കേരളത്തിന് സ്വീകാര്യമല്ല. മതനിരപേക്ഷത, സമുദായ സൗഹാർദ്ദം, സമാധനാന്തരീക്ഷം, ഉയർന്ന ഗുണനിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, മെച്ചപ്പെട്ട മനുഷ്യ വിഭവശേഷി, പരിസ്ഥിതി വൈവിദ്ധ്യം എന്നിവ ഉയർത്തിക്കാണിച്ചുകൊണ്ട് നിക്ഷേപം ആകർഷിക്കുകയും ഒപ്പം പൊതു നിക്ഷേപം ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്യുന്ന ബദൽ സമീപനമാണ് പതിമൂന്നാം പദ്ധതിയിൽ സ്വീകരിക്കുക. പൊതുജനാരോഗ്യ – പൊതു വിദ്യാഭ്യാസ സൗകര്യങ്ങൾ ലോകോത്തരമാക്കിക്കൊണ്ടും ഉന്നതവിദ്യാഭ്യാസത്തിനും തൊഴിൽ നൈപുണിയ്ക്കും ഉയർന്ന പരിഗണന നൽകിക്കൊണ്ടും മനുഷ്യ വിഭവശേഷിയുടെ സാദ്ധ്യത വലിയ തോതിൽ ഉയർത്തും. വളർച്ചയോടൊപ്പം പരിസ്ഥിതിരക്ഷ ഉറപ്പാക്കാൻ മണ്ണും, ജലവും ഇതര പ്രകൃതി വിഭവങ്ങളും ഒപ്പം കൃഷിയും സംരക്ഷിക്കുന്നതിന് ഹരിത കേരളം പദ്ധതി നടപ്പിലാക്കും. പതിമൂന്നാം പദ്ധതിക്കാലത്ത് സംസ്ഥാനത്തിന്റെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണും. പദ്ധതിക്കാലയളവിൽ ഭൂരഹിതരും, ഭവനരഹിതരും, അഗതികളും ഇല്ലാത്ത സംസ്ഥാനമായി കേരളം മാറും. ജനനം മുതൽ മരണം വരെയുള്ള ജീവിത ചക്രത്തിലെ എല്ലാ ഘട്ടങ്ങളിലും സമൂഹത്തിന്റെ പിന്തുണ ആവശ്യമുള്ളവർക്ക് അത് എത്തിക്കത്തക്ക നിലയിൽ സംസ്ഥാനത്തിന്റെ സമൂഹ്യ സുരക്ഷാ സംവിധാനത്തെ സമഗ്രമാക്കി മാറ്റും. കേവലദാരദ്ര്യം നിർമ്മാർജ്ജനം ചെയ്ത സംസ്ഥാനം എന്ന ഖ്യാതി കേരളത്തിന് നേടിയെടുക്കാനാവും. ഈ ലക്ഷ്യങ്ങൾ നേടാൻ പ്രാദേശിക സർക്കാരുകളും മുന്നിൽ നിന്നു പ്രവർത്തിക്കേണ്ടതുണ്ട്.

1.5 ദേശീയതലത്തിലും സംസ്ഥാന തലത്തിലുമുള്ള ലക്ഷ്യങ്ങളെ പ്രാദേശിക തലത്തിൽ അതാതിടത്തെ പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് നിർവഹിക്കുകയും പ്രാദേശിക പ്രശ്നങ്ങളും സാധ്യതകളും കണക്കിലെടുത്തുകൊണ്ട് ആവശ്യമായ തനത് ലക്ഷ്യങ്ങൾ കൂട്ടിച്ചേർക്കേണ്ടതുമുണ്ട്.

1.6 പദ്ധതി തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയും പദ്ധതിയുടെ പൊതുവ്യവസ്ഥകളും

(i) ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും അവർക്ക് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.

(ii) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ ഒന്നാം പട്ടികയിൽ നഗരസഭകളുടെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. അതുപ്രകാരം തദ്ദേശഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ചുകൊടുക്കുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിനും വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്ക്കരിക്കണം

(iii) തദ്ദേശഭരണ സ്ഥാപനം അതിന്റെ അതിർത്തിക്കുള്ളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്.

(iv) പദ്ധതി രൂപീകരണ നിർവഹണ കാര്യങ്ങളിൽ തദ്ദേശഭരണ സ്ഥാപനം ഉൾക്കൊള്ളുന്ന പ്രദേശത്തു നിന്നും മറ്റു സംസ്ഥാനങ്ങളിലേയ്ക്കും വിദേശ രാജ്യങ്ങളിലേയ്ക്കും ജോലി തേടിപോയ പ്രവാസികളായ നാട്ടുകാരുടെ അഭിപ്രായങ്ങളെ കണിലെടുക്കാനും അവരുടെ പ്രശ്നങ്ങൾ ഉൾക്കൊള്ളാനും ഒപ്പം സഹകരണം ഉറപ്പാക്കാനും ശ്രദ്ധിക്കണം. ഇതിനായി വിവര സാങ്കേതിക വിദ്യയും അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്.

(v) ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ പ്രത്യേകിച്ചും അവരുടെ താമസ സ്ഥലത്തെ ശുചിത്വം, ആരോഗ്യം അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ ശ്രദ്ധ നൽകി വേണം നഗരസഭകൾ പദ്ധതി തയ്യാറാക്കേണ്ടത്.

1.7 വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന അവസ്ഥാരേഖ (Status Report)യിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. അപ്രകാരമാണ് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളതെന്ന് ജില്ലാ ആസൂത്രണ സമിതി ഉറപ്പുവരുത്തേണ്ടതാണ്.

1.8 ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് വിപുലമായ ജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ഇന്റർനെറ്റ്, വിവര സാങ്കേതിക വിദ്യ, നവ മാധ്യമങ്ങൾ തുടങ്ങിയവയുടെ സാധ്യതകൾ പരമാവധി ഉപയോഗിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രമിക്കേണ്ടതാണ്.

1.9 പദ്ധതി അസൂത്രണത്തിന് സാമൂഹ്യ സംഘടനാ സംവിധാനങ്ങൾ പ്രയോജനപ്പെടുത്താവുന്നതും പ്രോജക്ട് തയ്യാറാക്കുന്നതിന് സ്റ്റേക്ക്ഹോൾഡർമാർ, ബാങ്ക്-സഹകരണ സംഘം പ്രതിനിധികൾ എന്നിവരുമായുള്ള കൂടിയാലോചനകൾ സംഘടിപ്പിക്കാവുന്നതുമാണ്.

1.10 ഈ മാർഗരേഖ നഗരസഭകൾക്ക് മാത്രം ബാധകമായിട്ടുള്ളതാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് സ്ഥാപനങ്ങളുടെ ആസൂത്രണ പ്രവർത്തനങ്ങൾക്ക് പ്രത്യേകം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**പൊതുസമീപനം**

- നഗര പ്രദേശത്ത് താമസിക്കുന്നവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാരിനും നഗരസഭകൾക്കും ഉത്തരവാദിത്തമുണ്ട്. നഗര സാമ്പത്തിക മേഖലയുടെ വളർച്ചയ്ക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും പ്രാധാന്യമുണ്ട്. നഗര- വികസന കാര്യങ്ങളിൽ നഗരസഭയുടെ പങ്ക് നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. നഗരത്തിന്റെ വികസനം എന്നത് അന്നന്ന് തീരുമാനിക്കപ്പെട്ട ഹ്രസ്വകാല സ്വഭാവത്തോടു കൂടിയതും കേവലം തനിച്ചു നിൽക്കുന്നതുമായ പദ്ധതികളിൽ ഊന്നിയല്ല വേണ്ടത്. മറിച്ച് ദീർഘ വീക്ഷണത്തോടുകൂടിയതും സമഗ്രവുമായ പദ്ധതികളാണാവശ്യം. നഗരത്തിലെ വാർഡുകൾ അടിസ്ഥാനമാക്കിയുള്ള പദ്ധതികളേക്കാൾ പ്രയോജനം ലഭിക്കുന്നത് നഗരത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി രൂപീകരിച്ച പദ്ധതികളിലൂടെയാണ്. അതിനാൽ, നഗരവികസനത്തിന് വേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ സഹായത്തോടെയും അതിലെ നിർദ്ദേശങ്ങൾക്കനുസരണമായും നഗരസഭയുടെ പഞ്ചവൽസര പദ്ധതികളും വാർഷിക പദ്ധതികളും തയ്യാറാക്കുന്ന സമ്പ്രദായത്തിലേയ്ക്ക് മാറേണ്ടിയിരിക്കുന്നു.
- എല്ലാ വികസന പദ്ധതികൾക്കും സ്ഥലപരമായ മാനങ്ങൾ ഉണ്ട് . നഗരത്തിലെ ഏത് പ്രദേശത്തേയ്ക്കാണോ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് ആ പദ്ധതി ആ പ്രദേശത്തിലെ താമസക്കാർക്കും അവിടത്തെ നിലവിലെ ഭൂഉപയോഗത്തിനും അനുയോജ്യമായിരിക്കണം. ഭൂപ്രകൃതി , പച്ചപ്പ്, ജല ലഭ്യത, മഴവെള്ള നിർഗമന- സംഭരണ രീതികൾ എന്നിവയെല്ലാം പരിഗണിച്ചുകൊണ്ടുള്ള പദ്ധതികളെ മാത്രമാണ് സുസ്ഥിര വികസന പദ്ധതികളായി പരിഗണിക്കാൻ സാധിക്കുന്നത്.
- നഗര വികസനത്തിനായി വിഭാവന ചെയ്യുന്ന മാസ്റ്റർ പ്ലാനുകൾ കേവലം ഭൂവിനിയോഗ നിയന്ത്രണ രേഖകളായി മാത്രമാണ് പലപ്പോഴും നാം പരിഗണിക്കുന്നത്. എന്നാൽ മാസ്റ്റർ പ്ലാനുകൾ പ്രധാനമായും വികസന മാർഗരേഖയാണ്.
- നഗരങ്ങളുടെ ആസൂത്രിത വികസനത്തിനായി തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകളിലെ ഭൂമിയുടെ ഉപയോഗത്തിലുള്ള നിയന്ത്രണം പൊതുജന നന്മയ്ക്കുള്ളതാണ്. അനുയോജ്യമായ ഉപയോഗങ്ങൾ ഒരുമിക്കാനുള്ളതാണ് മിക്കവാറും ഭൂവിനിയോഗ നിയന്ത്രണങ്ങൾ. ഉദാഹരണത്തിന് പ്രധാന ജനവാസ മേഖലകളിൽ ബഹുനില വാണിജ്യ കേന്ദ്രങ്ങളോ

വ്യവസായങ്ങളോ നിർമ്മിക്കുന്നതിനുള്ള നിയന്ത്രണം പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനും ഉപദ്രവകരമായ സാഹചര്യങ്ങൾ ഒഴിവാക്കാനുമുള്ളവയാണ്.

- ഓരോ നഗരത്തിലേയും ഭൂപ്രദേശത്തിന്റേയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ആയിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. ലഭ്യമായ വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി വ്യത്യസ്ത വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയുള്ള ആസൂത്രണമായിരിക്കണം സാദ്ധ്യമാക്കേണ്ടത്. അതായത് പങ്കാളിത്ത ആസൂത്രണത്തിലൂടെയുള്ള സമഗ്രവികസനമായിരിക്കണം പൊതു സമീപനം.

**മുൻഗണനകൾ**

കേരളത്തിലെ നഗരപ്രദേശങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ, ഭൂവിസ്തൃതിക്കുറവ്, വർദ്ധിച്ച ജനസാന്ദ്രത, നഗരത്തിൽ നിത്യേന വന്നുപോകുന്ന ജനസഞ്ചയവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ, ഖര-ദ്രവ മാലിന്യ സംസ്കരണം, ജല സ്രോതസ്സുകളിലെ മാലിന്യം, ചേരികളും അവയുടെ വികസനവും, ഭൂരഹിതരും ഭവനരഹിതരുമായവരുടെ പാർപ്പിട പ്രശ്നങ്ങൾ, വർദ്ധിച്ചുവരുന്ന വാഹനപെരുപ്പവും ഗതാഗതക്കുരുക്കും അവ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പൊതു സ്ഥലങ്ങളുടെ കുറവ് തുടങ്ങിയവയാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾക്കാണ് മുൻഗണന നൽകേണ്ടത്. ഉത്പാദന സേവന മേഖലകളുടെ സമഗ്ര വികസനവും കണക്കിലെടുക്കേണ്ടതുണ്ട്. അതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവൽസര പദ്ധതി പ്രവർത്തനത്തിലൂടെയാണ് സർക്കാർ വിഭാവനം ചെയ്യുന്ന നാലു മിഷനുകളുടെ (ആർദ്രം, ലൈഫ്, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം) പ്രവർത്തനങ്ങളും ഏകോപിപ്പിക്കേണ്ടത്.

**(i) ഉത്പാദന മേഖലയുടെ സ്ഥായിയായ വളർച്ച**

ഭക്ഷ്യ വിളകൾ, പച്ചക്കറികൾ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉത്പാദനവും ഉത്പ്പന്നങ്ങളുടെ സംസ്കരണവും വിപണനവും മെച്ചപ്പെടുത്തുക, എന്നതിനു പുറമെ ഓരോ വർഷവും ഭക്ഷ്യയോഗ്യമായ എത്ര കൂടുതൽ നെല്ലും പച്ചക്കറികളും മറ്റു വിഭവങ്ങളും ഉത്പാദിപ്പിക്കാം എന്നിവയ്ക്കും പ്രാധാന്യം നൽകണം. ഈ മേഖലയിലെ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നഗരങ്ങളിൽ അനുഭവപ്പെടുന്ന സ്ഥലപരിമിതികൾ കണക്കിലെടുക്കേണ്ടത് അത്യാവശ്യമാണ്.

**(ii) പരിസ്ഥിതിയുടേയും പ്രകൃതി വിഭവങ്ങളുടേയും സംരക്ഷണം**

ആവാസ വ്യവസ്ഥയുടെ പരിപാലനവും ജൈവ വൈവിദ്ധ്യത്തിന്റെ സ്ഥായിയായ നിലനിൽപ്പും ഉറപ്പുവരുത്തണം. രണ്ട് മേഖലയിലും കൂടുതൽ പാരിസ്ഥിതിക ആഘാതമേൽക്കുന്നത് ഗ്രാമപ്രദേശങ്ങളെ അപേക്ഷിച്ച് നഗരങ്ങളിലാണെന്ന വസ്തുത കണക്കിലെടുക്കണം.

**(iii) മാനവിക വികസനം**

മാനവിക വികസനത്തിന് നിദാനമായ ആരോഗ്യം, വിദ്യാഭ്യാസം, സ്ഥിരം തൊഴിൽ ലഭ്യമാക്കൽ എന്നീ മേഖലകൾ മെച്ചപ്പെടുത്തുക.

**(iv) ജീവിത നിലവാരം മെച്ചപ്പെടുത്തൽ**

അഞ്ച് വർഷത്തിനുള്ളിൽ സ്വന്തമായി ഭൂമി ഉള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവന രഹിതർക്കും മാന്യവും വാസയോഗ്യമായ ഭവനം സ്വന്തമായി നൽകുക. ഭവനം എന്നതിനപ്പുറം ജീവിതോപാധിക്ക് കൂടി സൗകര്യം നൽകിക്കൊണ്ട് രൂപകൽപന ചെയ്യുന്ന ഭവന സമുച്ചയങ്ങൾ സാധാരണക്കാരന്റെ ജീവിത നിലവാരം ഉയർത്തുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനും ലക്ഷ്യമിടുന്ന പദ്ധതികൾ, വർഷം മുഴുവൻ ശുദ്ധമായ കുടിവെള്ള ലഭ്യത, വൈദ്യുതി, മെച്ചപ്പെട്ട ഗതാഗത – വാർത്താ വിനിമയ സൗകര്യങ്ങൾ, മറ്റു പൊതു സൗകര്യങ്ങൾ, തെരുവുവിളക്കുകൾ, ഊർജ്ജ സംരക്ഷണം, പാരമ്പര്യേതര ഊർജ്ജോല്പാദനം, അഴുക്കുചാൽ പദ്ധതി, ശുചിത്വമുള്ള പരിസരം എന്നിവ ഉറപ്പ് വരുത്തുക.

**(v) സേവന പ്രദാന സംവിധാനത്തിന്റെ ഗുണമേന്മ**

നഗരസഭയിലൂടെയും ഘടക സ്ഥാപനങ്ങളിലൂടേയും (കൃഷി ഭവനുകൾ, ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ മുതലായവ) ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വർദ്ധിച്ച ഗുണമേന്മയിലും സമയബന്ധിതമായും ലഭ്യമാക്കുക.

**(vi) സാമൂഹ്യനീതി**

പാർശ്വവല്ക്കരിക്കപ്പെട്ടവരേയും പ്രത്യേകപരിഗണന അർഹിക്കുന്നവരേയും (സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ, പട്ടികജാതിക്കാർ, പട്ടികവർഗക്കാർ, മത്സ്യതൊഴിലാളികൾ, പരമ്പരാഗത തൊഴിൽമേഖലയിൽ പണിയെടുക്കുന്നവർ) പ്രത്യേകപരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.

**(vii) ആസ്തി പരിപാലനം**

പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതോടൊപ്പം നിലവിലുള്ളവയുടെ കൃത്യമായ സംരക്ഷണവും പരിപാലനവും ഗുണനിലവാരവും ഉയർത്തുക എന്നതിനാകണം ഊന്നൽ.

**(viii) (1) റോഡുകൾ**

- നഗരപ്രദേശത്തിലെ റോഡുകളെ പ്രധാനമായും ദേശീയപാത, സംസ്ഥാനപാത, പ്രധാന ജില്ലാ റോഡുകൾ, നഗരസഭാ നിയന്ത്രണത്തിലുള്ള റോഡുകൾ, എന്നീ വിഭാഗത്തിൽ തരം തിരിക്കാം. ഇതിൽ ദേശീയ പാത, സംസ്ഥാനപാത, ജില്ലാ റോഡുകൾ എന്നിവ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലാണ് .
- നഗരപ്രദേശത്ത് ഏതെങ്കിലും പുതിയ റോഡ് നിർമ്മിക്കാൻ നഗരസഭ പരിഗണിക്കുന്ന തിനുമുമ്പ് പ്രസ്തുത റോഡ് നഗരത്തിന്റെ 'റോഡ് നെറ്റ് വർക്ക്'മായി സമന്വയിപ്പിക്കണം .
- സർക്കാർ അംഗീകരിച്ച മാസ്റ്റർ പ്ലാനോ നഗരസഭ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനോ നിലവിൽ ഉണ്ടെങ്കിൽ, അവയിൽ ആ നഗരത്തിലെ "റോഡ് നെറ്റ് വർക്ക്" പ്ലാൻ

ഉണ്ടായിരിക്കും. മേൽപ്പറഞ്ഞ മാസ്റ്റർ പ്ലാൻ നിലവിലില്ലെങ്കിൽ, 'സിറ്റി മൊബിലിറ്റി പ്ലാൻ' (സി.എം.പി) തയ്യാറാക്കിയിട്ടുണ്ടെങ്കിൽ സി.എം.പി.യിൽ റോഡ് നെറ്റ് വർക്ക് പ്ലാൻ ഉണ്ടായിരിക്കും. ഇത്തരം പ്ലാനുകളിൽ 7 മീറ്ററോ അതിൽ കൂടുതലോ മാത്രം വീതിയുള്ള റോഡുകൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കുറഞ്ഞ വീതിയുള്ള റോഡുകളും ഇതോടൊപ്പം കൂട്ടിച്ചേർക്കേണ്ടതാണ്.

- മാസ്റ്റർ പ്ലാനോ, സിറ്റി മൊബിലിറ്റി പ്ലാനോ തയ്യാറാക്കിയിട്ടില്ലാത്ത നഗരത്തിൽ പുതിയ റോഡ് നിർമ്മാണം പരിഗണിക്കുമ്പോൾ നഗരത്തിന്റെ റോഡ് നെറ്റ് വർക്കിനായി ജില്ലാ ടൗൺ പ്ലാനറുടെ സഹായം തേടാവുന്നതാണ്.

**(viii) (2) ഫുട്ട്പാത്തുകൾ:**

റോഡ് എന്നത് വാഹനങ്ങൾക്കുവേണ്ടി മാത്രമുള്ളതല്ല. അതിനാൽ കാൽനടയാത്ര ക്കാർക്കുള്ള സൗകര്യം എല്ലാ റോഡിലും ഉണ്ടാകേണ്ടതാവശ്യമാണ്. ഫുട്ട്പാത്തുകൾ നിർമ്മിക്കുമ്പോൾ കാൽനട യാത്രക്കാരുടെ ബാഹുല്യം എത്രയുണ്ടാകുമെന്ന് ഏകദേശ കണക്ക് പരിഗണിച്ചാണ് ഫുട്ട്പാത്തിന്റെ വീതി തീരുമാനിക്കേണ്ടത്.

**(viii) (3) ഓടകൾ:**

സാധാരണഗതിയിൽ റോഡിന്റെ ഇരുവശങ്ങളിലും ഓട നിർമ്മിക്കേണ്ടത് ആവശ്യമാണ്. മഴവെള്ളം ഒഴുകി പോകാനുള്ള പ്രസ്തുത ഓടകൾ ചെറിയ റോഡുകൾക്ക് ഒരു വശത്ത് മാത്രവും പന്ത്രണ്ടോ അതിൽ കൂടുതലോ വീതിയുള്ള റോഡുകളുടെ ഇരുവശങ്ങളിലും നിർമ്മിക്കേണ്ടതാണ്. ഓടകളുടെ വലിപ്പം, അതിൽ നിർമ്മാർജ്ജനം ചെയ്യേണ്ട മഴവെള്ള ത്തിന്റെ തോതിനുസരിച്ച് നിർണ്ണയിക്കേണ്ടതാണ്. ഓടകളിൽ ഇടയ്ക്ക് 'സിൽറ്റ് ട്രാപ്പുകൾ', 'ഇന്റർസെപ്റ്റർ ഹോളുകൾ' എന്നിവ ഉണ്ടാകേണ്ടതാണ്. ഇത് മാലിന്യം തടഞ്ഞു നിർത്താനും ഓടകൾ ശുചിയാക്കാനും സാഹായിക്കും. കഴിയുന്നതും ഓടകളുടെ താഴ്ഭാഗം കോൺക്രീറ്റ് ചെയ്യാതിരിക്കുന്നതാണ് നല്ലത്. മഴവെള്ളം ഭൂമിയിൽ പ്രവേശിക്കുന്നതിന് ഇത് സഹായകരമാകും. ഓടകൾ നിർമ്മിക്കുമ്പോൾ ആ പ്രദേശത്തെ സ്വാഭാവിക ജല നിർഗ്ഗമന മാർഗ്ഗങ്ങളുമായി ബന്ധിപ്പിക്കേണ്ടതും ആവശ്യമായ ചരിവ് നൽകേണ്ടതുമാണ്.

**(viii) (4) റോഡ് നിർമ്മാണം** – നഗര മാലിന്യങ്ങളിൽ ഗുരുതര പ്രശ്നം ഉണ്ടാക്കുന്നതാണ് പ്ലാസ്റ്റിക്. മണ്ണിൽ അലിഞ്ഞ് ചേരാത്തതും 50 മൈക്രോണിന് താഴെയുള്ളതുമായ ഇത്തരം 'ക്യാരിബാഗുകൾ' കത്തിക്കുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നമുണ്ടാക്കുന്നു. എന്നാൽ ഇവയെ, ''ഷ്രെഡ്ഡ്'' ചെയ്ത് (ചെറിയ മെഷീനുകൾ ഉപയോഗിച്ച് ചെറുതായി മുറിച്ചെടുത്ത്) ടാറിനോട് ഉരുക്കിച്ചേർത്ത് റോഡ് നിർമ്മാണത്തിന് ഉപയോഗിയ്ക്കാവുന്നതാണ്. ഇത്തരത്തിലുള്ള പ്ലാസ്റ്റിക് ചേർത്ത റോഡ് നിർമ്മാണ രീതിയ്ക്ക് രണ്ട് പ്രയോജനം ഉണ്ട്.

- പ്ലാസ്റ്റിക് ഉരുക്കി ചേർത്തതിനാൽ റോഡിന് കൂടുതൽ ഉറപ്പും നല്ല പ്രതലവും കൂടുതൽ ആയുസ്സും ലഭിക്കുന്നു.
- പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് ഒരു മാർഗ്ഗമായി ഇതു മാറുന്നു.

ഇക്കാര്യത്തിൽ 10% റോഡുവർക്കുകളിലെങ്കിലും പ്ലാസ്റ്റിക് ചേർത്ത ബിറ്റുമിൻ ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തുന്നതിന് ഉത്തരവ് ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്. അതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ക്ലീൻ കേരള കമ്പനിയുടെ സഹായം തേടാവുന്നതാണ്.

എല്ലാ മുനിസിപ്പാലിറ്റികളിലും, മുനിസിപ്പൽ കോർപ്പറേഷനുകളിലും ഇതിനാശ്യമായ എണ്ണം പ്ലാസ്റ്റിക് ഷ്രെഡിംഗ്, ബെയിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

**(ix) പാർക്കിംഗ് സൗകര്യങ്ങൾ:**

നഗരങ്ങളിൽ വർദ്ധിച്ചു വരുന്ന വാഹന ബാഹുല്യം പല പ്രധാന റോഡുകളിലെയും ഗതാഗത തടസ്സത്തിന് കാരണമാകുന്നു. റോഡിന്റെ ഇരുവശവും വാഹനങ്ങൾ പാർക്കു ചെയ്യുന്നതു മൂലം നിലവിലുള്ള റോഡുകൾ ഫലപ്രദമായി ഗതാഗതത്തിന് ഉപയോഗിക്കാൻ സാധിക്കുന്നില്ല. നഗരങ്ങളുടെ മദ്ധ്യഭാഗങ്ങളിലും മറ്റ് പ്രധാന പ്രവർത്തനമേഖലകൾ കേന്ദ്രീകരിച്ചും വാഹന പാർക്കിംഗിനുള്ള സംവിധാനം ഉണ്ടാകേണ്ടത് ഇന്നത്തെ ആവശ്യമാണ്.

നഗരപ്രദേശങ്ങളിലെ വാഹന പാർക്കിംഗിന് ഒരു നയം (policy) സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ ഓരോ നഗരത്തിലും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

ഭൂമിയുടെ ലഭ്യത കുറവുള്ള പട്ടണങ്ങളിൽ വാഹന ബാഹുല്യം വളരെ കൂടുതലുണ്ടെങ്കിൽ Multi Level Parking സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

ഇപ്പോൾ ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗ് ആവശ്യം മറ്റു പാർക്കിംഗിന്റെ ഏകദേശം അറുപത് ശതമാനത്തോളം വേണ്ടി വരുന്നതായാണ് കാണുന്നത്. അതിനാൽ കാർ പാർക്കിംഗ് സൗകര്യങ്ങളുടെ അത്രതന്നെ ഇരുചക്രവാഹന പാർക്കിംഗ് സൗകര്യങ്ങൾ നൽകേണ്ടതാണ്. പാർക്കിംഗിന്റെ ആവശ്യം രണ്ടു തരത്തിലാണ്. 30 മിനിട്ട് മുതൽ രണ്ടു മണിക്കൂർ വരെ സമയപരിധിയിലുള്ള Short Duration Parking ഉം നീണ്ട സമയത്തേക്കുള്ള Long Duration Parking ഉം. പൊതുസ്ഥലങ്ങളിലെ പാർക്കിംഗിന് പാർക്കിംഗ് ഫീസ് ഈടാക്കണം. ഇത് നഗരസഭയുടെ അധികാര പരിധിയിൽ വരുന്നതാണ്.

**(X) സൈക്കിൾ ട്രാക്കുകൾ:**

സമതലമായിട്ടുള്ള വാസഗൃഹ മേഖലകളിൽ പ്രത്യേകമായ സൈക്കിൾ ട്രാക്കുകളും കാൽനടപ്പാതകളും നിർമ്മിക്കുന്നത് അനുയോജ്യമാണ്. മാത്രമല്ല, ഇങ്ങനെയുള്ള സൈക്കിൾ ട്രാക്കുകളേയും കാൽനടപ്പാതകളേയും അടുത്തുള്ള പ്രധാന 'ആക്റ്റിവിറ്റി റോഡുകളുമായി' ബന്ധപ്പെടുത്തുന്നത് വലിയ വാഹനങ്ങളുടെ ബാഹുല്യം റോഡുകളിൽ കുറയ്ക്കാൻ സഹായിക്കുന്നതാണ്.

**(Xi) കവലകളുടെ നവീകരണം:**

പ്രധാന റോഡുകളുമായി ബന്ധപ്പെട്ടു വരുന്ന കവലകളുടെ നവീകരണം പൊതുമരാമത്ത് വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. പ്രധാനമായും റോഡുകളിൽ തടസ്സമുണ്ടാകുന്നത് ഇലക്ട്രിക് പോസ്റ്റ്, ബോർഡുകൾ, ആർച്ചുകൾ എന്നിവ റോഡിൽ കയറ്റി നിർമ്മിക്കുന്നത് കൊണ്ടാണ്. ഭൂമി ഏറ്റെടുക്കാതെ തന്നെ ഇത്തരം തടസ്സങ്ങൾ നീക്കാൻ സാധിക്കുന്നതാണ്. റോഡ് ജംഗ്ഷനിൽ നിന്ന് കഴിയുന്നതും അമ്പത് മീറ്റർ മാറിയാണ് ഓട്ടോ/ടാക്സി സ്റ്റാൻഡുകൾ, ബസ്സ് സ്റ്റോപ്പ് എന്നിവയുടെ സ്ഥാനം നിർണ്ണയിക്കേണ്ടത്. ഇക്കാര്യത്തിൽ ടൗൺ പ്ലാനിംഗ്, പൊതുമരാമത്ത് എന്നിവയുമായി നഗരസഭകൾക്ക് ചർച്ച ചെയ്യാവുന്നതാണ്.

### (Xii) ചേരി പ്രദേശങ്ങളുടെ വികസനം:

ചേരി പ്രദേശങ്ങൾക്കായി പദ്ധതി ആവിഷ്ക്കരിക്കുമ്പോൾ പാർപ്പിടം, റോഡ്, വൈദ്യുതി, കുടിവെള്ളം, ശുചിത്വം എന്നീ സമസ്ഥ മേഖലകളും ഉൾപ്പെടെയുള്ള ചേരിയുടെ / ചേരിപ്രദേശത്തിന്റെ സമഗ്രവികസനമായിരിക്കണം ലക്ഷ്യം. ചേരികളിൽ പദ്ധതി നടത്തിപ്പിന് ശേഷം അവ ചേരികളായി തുടരരുത്. മറിച്ച് അവ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ മേഖലയായി മാറണം.

### (Xiii) കുളങ്ങളുടെയും ജലാശയങ്ങളുടേയും സംരക്ഷണം:

നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ജലദൗർലഭ്യം ഏതൊരു നഗരസഭയുടെയും സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് തരണം ചെയ്യേണ്ട ഏറ്റവും വലിയ പ്രശ്നമാണ്. നിലവിൽ നഗരങ്ങളിൽ ലഭ്യമായിട്ടുള്ള പരിമിതമായ ജലാശയങ്ങളും ഭൂജലനിർഗമന മേഖലകളും അതീവ പ്രാധാന്യം നൽകി വൃത്തിയായി സംരക്ഷിക്കേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്. നഗരപ്രദേശത്ത് ലഭ്യമാകുന്ന ഉപരിതല ജല ഒഴുക്ക് (Surface run–off)പൂർണ്ണമായും ആ പട്ടണത്തിലെ തന്നെ ഭൂജല സ്രോതസ്സുകളിലേയ്ക്ക് നിർഗമനം ചെയ്യുന്ന രീതിയിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ് ഏറ്റവും ഉത്തമം. നഗരസഭയിലുള്ള ജലാശയങ്ങളും കുളങ്ങളും സംരക്ഷിക്കേണ്ടതാണ്. ഇതിനായി കുളം വൃത്തിയാക്കൽ, പാർശ്വഭിത്തി നിർമ്മാണം, കയർ ഭൂവസ്ത്ര സംരക്ഷണം, മാലിന്യം നീക്കംചെയ്യൽ എന്നീ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

### (Xiv) ശുചിത്വം

നമ്മുടെ സംസ്ഥാനം വ്യക്തിഗത ശുചിത്വത്തിൽ ഏറെ മുമ്പിലാണെങ്കിൽ കൂടി നഗരത്തിലെ പൊതു പ്രദേശങ്ങളുടെയും നഗരസിരാകേന്ദ്രത്തിലെയും ഉയർന്ന ജനസാന്ദ്രതയുള്ള ഭാഗങ്ങളിലെയും ശുചിത്വം ഉറപ്പാക്കേണ്ടത് സുസ്ഥിര നഗരവികസനത്തിന് അനിവാര്യമാണ്. നഗരത്തിലെ എല്ലാ പൗരന്മാർക്കും ശാസ്ത്രീയമായി നിർമ്മിച്ച ശൗചാലയങ്ങളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടത് ഏറ്റവും അത്യാന്താപേക്ഷിതമാണ്. അതുപോലെ തന്നെ പൊതുപ്രദേശങ്ങളായ കവലകൾ, ബസ് സ്റ്റാൻഡ്, പാർക്കുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ അവയുടെ സ്ഥലപരമായ പ്രത്യേകതകൾ ഉൾക്കൊണ്ട് അവിടെ വരുന്ന ജനങ്ങൾക്ക് ആനുപാതികമായി പൊതു ശൗചാലയങ്ങൾ ഏർപ്പെടുത്തേണ്ടതായുണ്ട്.

നഗരപ്രദേശത്തെ സ്ഥലപരമായ ഘടനയും പ്രത്യേകതയും ജനങ്ങളുടെയും പ്രവർത്തനങ്ങളുടെയും വിതരണവും കണക്കിലെടുത്ത് ദീർഘവീക്ഷണത്തോടുകൂടിയുള്ള ശാസ്ത്രീയമായ ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ കൂടി ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ, ആളോഹരി ഖര–ദ്രവ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിന് ആവശ്യമായ ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾ (Reduce- Recycle Reuse) ഈ മേഖലയിൽ ആവശ്യമാണ്. മേൽ പദ്ധതികളാവിഷ്ക്കരിക്കുമ്പോൾ മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിൽ ഊന്നൽ കൊടുക്കേണ്ടതാണ്.

### (Xv) വഴിയോര കച്ചവടക്കാർക്കുള്ള സൗകര്യം:

എല്ലാ പട്ടണങ്ങളിലും ഗതാഗതത്തിന് തടസ്സമായി വരുന്നതും, പക്ഷേ എല്ലാവർക്കും ആവ ശ്യമായി വരുന്നതുമാണ് വഴിയോര കച്ചവടക്കാർ. താഴെപറയുന്ന രീതിയിൽ വഴിയോര കച്ചവടക്കാർക്ക് സൗകര്യം ഒരുക്കാവുന്നതാണ്.

- നഗരത്തിലെ ഏതെങ്കിലും ഒരു റോഡ് വഴിയോര കച്ചവടക്കാർക്കായി ഒരുക്കുക.
- ഇവർക്കുവേണ്ടി ലൈസൻസോടു കൂടിയ കടകൾ നൽകുക.
- കച്ചവടം ചെയ്യാനുള്ള യാർഡുകൾ മാത്രം, (മലിന ജലം ഒഴുകി പോകാനുള്ള സൗകര്യത്തോടുകൂടി) നിർമ്മിച്ചു നൽകാവുന്നതാണ്.

**(Xvi) കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും**

പി.എം.എ.വൈ. പോലുള്ള നിരവധി കേന്ദ്രാവിഷ്കൃത പദ്ധതികളും മറ്റു സംസ്ഥാനാവിഷ്കൃത പദ്ധതികളും നഗരസഭകൾ വഴി നടപ്പിലാക്കാറുണ്ട്. എന്നാൽ, പലപ്പോഴും ഈ പദ്ധതികളെ സ്ഥലപരമായ വികസനവുമായി കൂട്ടിച്ചേർക്കാൻ സാധിക്കാറില്ല. ഇങ്ങനെയുള്ള പദ്ധതികൾ ഏത് പ്രദേശത്തിലാണോ (വാർഡിലാണോ) നടപ്പിലാക്കുന്നത്, ആ പ്രദേശത്തിലെ റോഡുകൾ, കുടിവെള്ള പദ്ധതി, മാലിന്യ നിർമ്മാർജ്ജനം, വൈദ്യുതി, സാമൂഹിക വികസന പദ്ധതികൾ എന്നിവയെല്ലാം കൂട്ടിച്ചേർത്ത് ആ പ്രദേശത്തിന്റെ സ്ഥലപരമായ സമഗ്ര വികസനത്തിന്റെ ലക്ഷ്യം നഗരസഭ ഉൾക്കൊള്ളേണ്ടതാണ്.

## 2 പദ്ധതി ആസൂത്രണ നിർവഹണ നടപടികൾ

2.1 പദ്ധതി ആസൂത്രണ ഘട്ടങ്ങൾ

നഗരസഭകൾ വാർഷിക പദ്ധതി (2017-18) ആവിഷ്ക്കരിക്കുന്നതിന് ചുവടെ വിവരിക്കുന്ന പ്രകാരം ഒൻപത് ഘട്ടങ്ങൾ അവലംബിക്കേണ്ടതാണ്.

(1) ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ

(2) സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും തയ്യാറാക്കൽ

(3) വാർഡ് സഭ/ഊരുക്കൂട്ടങ്ങൾ /മത്സ്യസഭകൾ യോഗം ചേരൽ

(4) വികസന സെമിനാർ

(5) വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ

(6) പ്രോജക്ടുകൾ തയ്യാറാക്കൽ

(7) വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

(8) പ്രോജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും

(9) പദ്ധതി നിർവഹണവും, മോണിട്ടറിംഗും

2.2 ഇവയിൽ ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ, സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും തയ്യാറാക്കൽ എന്നീ രണ്ട് ഘട്ടങ്ങളുടെ മാർഗരേഖ 09-01.2017-ലെ ജി.ഒ(എം.എസ് )11/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്നുള്ള പ്രവർത്തനങ്ങളുടെ നിർദ്ദേശങ്ങളും നിബന്ധനകളും ആണ് ഈ മാർഗരേഖയിൽ പ്രതിപാദിക്കുന്നത്.

2.3 വിവിധ വിഭവ സമാഹരണ സാദ്ധ്യതകൾ പരിഗണിച്ച് പദ്ധതിയുടെ ഏകദേശ അടങ്കൽ തുക, തദ്ദേശഭരണ സ്ഥാപനത്തിന്റെ മുൻഗണനകൾ എന്നിവ പരിഗണിച്ച് ഓരോ വിഷയ മേഖലയിലേയും ഉപമേഖലയ്ക്കും ഓരോ വിഭാഗത്തിനും വകയിരുത്താവുന്ന അടങ്കൽ തുക ഒരു പ്രമേയം മുഖേന ഭരണ സമിതി തീരുമാനിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും അതിന്റെ നിയന്ത്രണത്തിൽ

പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾക്ക് സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരട് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

2.4 കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി വാർഡ് സഭാ/ഊരുകൂട്ടം/മത്സ്യസഭ യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റേയും പരിഗണനയ്ക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ. അവ ഫലപ്രദമായി നിറവേറ്റണ മെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതാണ്. അതിനാൽ ഈ രണ്ടു ദൗത്യങ്ങളും നിർവഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്. ആ യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ നിശ്ചയമായും പങ്കെടുക്കണം.

**3 വാർഡ്സഭകൾ/ഊരുകൂട്ടങ്ങൾ/മത്സ്യസഭകൾ യോഗം ചേരൽ**

**1 വാർഡ്സഭാ യോഗങ്ങൾ**

പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണ്. ആസൂത്രണത്തിൽ നിർണായകമായ പങ്കു വഹിക്കാൻ ജനങ്ങൾക്ക് എത്രമാത്രം അവസരമുണ്ടാവുന്നോ അത്രമാത്രം നല്ലത്. വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ വാർഡ്സഭയിലേയ്ക്ക് പോകുന്നതിന് മുമ്പ് തന്നെ അവ അയൽസഭകളിലും ഇതര വേദികളിലും ചർച്ച ചെയ്ത് വേണ്ട മാറ്റം വരുത്താവുന്നതാണ്. പ്രാദേശിക പദ്ധതിയെ ജനകീയമാക്കുന്നതിനുള്ള ഇത്തരം പ്രവൃത്തികൾ ഓരോ പ്രദേശത്തിന്റേയും സാദ്ധ്യതകൾക്കും ഭരണ സമിതിയുടെ പ്രതിബദ്ധതയ്ക്കും അനുസരിച്ച് എത്രയും വിപുലമായി നടത്താവുന്നതാണ്. എന്നാൽ അവ ഓരോന്നും നിർബന്ധമായും ചെയ്യേണ്ട കാര്യങ്ങൾ എന്ന നിലയ്ക്ക് ഇവിടെ നിഷ്കർഷിക്കുന്നില്ല. അവ അഭികാമ്യമായ കാര്യങ്ങളാണ്. എന്നാൽ നിർബന്ധമായും വാർഡ്സഭാ യോഗം ചേർന്ന് ആസൂത്രണ പ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തണം. ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരസഭാ സ്ഥാപനങ്ങൾക്ക് വാർഡ് സഭയ്ക്ക് പകരം വാർഡ് കമ്മിറ്റി രൂപീകരിക്കാം എങ്കിലും പദ്ധതി ആസൂത്രണത്തിന് വാർഡ്സഭാ യോഗം ചേരേണ്ടതാണ്.

1.2 പ്രാദേശിക ആസൂത്രണത്തിന് വാർഡ് സഭകൾ യോഗം ചേരുന്നതിന് മുമ്പ് വ്യാപകമായ പ്രചരണ പരിപാടികൾ നഗരസഭയിലുടനീളം സംഘടിപ്പിക്കണം. മാധ്യമങ്ങൾ, (നവ മാധ്യമങ്ങൾ ഉൾപ്പെടെ) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനകീയ സംഘടനകൾ, തൊഴിൽ വേദികൾ, കുടുംബശ്രീ ശൃംഖല എന്നിവയെ പ്രചരണ പരിപാടിയുടെ ഉപാധികളായി ഉപയോഗിക്കാവുന്നതാണ്. നഗരസഭയുടെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിപ്പിക്കുന്ന രീതിയിലാണ് വാർഡ്സഭാ യോഗത്തിന്റെ കാര്യപരിപാടി രൂപപ്പെടുത്തേണ്ടത്.

വാർഡ്സഭാ യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ/വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പ ചർച്ചകൾ വിശദമായി സംഘടിപ്പിക്കണം.

1.3 വാർഡ് സഭകളിൽ വികസന പ്രശ്നങ്ങൾ തരം തിരിച്ച് കൃത്യമായി മുൻഗണന നിശ്ചയിക്കണം. പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിൽ ആദ്യം വാർഡ് തലത്തിൽ മുൻഗണന നിശ്ചയിച്ചതിനുശേഷം എല്ലാ വാർഡുകളിൽ നിന്നും നിർദ്ദേശങ്ങൾ ശാസ്ത്രീയമായി ക്രോഡീകരിച്ച് നഗരസഭാതല മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതാണ്.

1.4 വാർഡ്സഭാ യോഗത്തിൽ പങ്കെടുക്കുവരിൽ നിന്നും നഗരസഭ ഏറ്റെടുക്കേണ്ടതായ വികസന പ്രശ്നങ്ങളുടെ മുൻഗണനാക്രമം സംബന്ധിച്ച് ഒരു ജനകീയ വോട്ടെടുപ്പ് നടത്തുത് അഭികാമ്യമാണ്. ഓരോരുത്തർക്കും അവരുടെ മുൻഗണന രേഖപ്പെടുത്തുന്നതിന് ബാലറ്റ് പേപ്പർ വിതരണം ചെയ്ത് പൂരിപ്പിച്ച് വാങ്ങണം. മുൻഗണനകൾ വാർഡ് അടിസ്ഥാനത്തിലും നഗരസഭാ അടിസ്ഥാനത്തിലും ക്രോഡീകരിച്ച് പദ്ധതിയിലെ പൊതു മുൻഗണനകൾ നിശ്ചയിക്കാവുന്നതാണ്. ജനകീയ വോട്ടെടുപ്പിന്റെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ഐ.കെ.എം. സോഫ്റ്റ് വെയറിൽ വ്യവസ്ഥ ചെയ്യുന്നതാണ്. ജനങ്ങളുടെ മുൻഗണനകൾ നഗരസഭാടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും ക്രോഡീകരിക്കുന്നതിന് ഇത് സഹായിക്കും. (ഇങ്ങനെ ലഭിക്കുന്ന മുൻഗണന 2017-18 വാർഷിക പദ്ധതിയിൽ പൂർണ്ണമായും പാലിക്കാൻ കഴിഞ്ഞുവെന്ന് വരില്ല എന്നാൽ വരും വാർഷിക പദ്ധതികളിൽ പരിഗണിക്കേണ്ടതാണ്) അഭിപ്രായ സർവേയുടെ ഫോറം അനുബന്ധം 1-ൽ നൽകുന്നു.

1.5 വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, യുവജനങ്ങൾ, ഭിന്നലിംഗക്കാർ എന്നീ വിഭാഗങ്ങൾക്ക് നഗരസഭാതല യോഗങ്ങൾ സംഘടിപ്പിക്കുന്നത് അഭികാമ്യമാണ്. പ്രോജക്ടുകളിൽ ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിക്കപ്പെടുന്നതിന് പ്രത്യേക ഉദ്യമങ്ങൾ സ്വീകരിക്കേണ്ടതാണ്. നഗരസഭാതലത്തിൽ സംഘടിപ്പിക്കുന്ന പ്രത്യേക യോഗത്തിൽ ഈ വിഭാഗങ്ങളുടെ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നത് അഭിലഷണീയമാണ്.

1.6 ഭിന്നശേഷി വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് അവരുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രോജക്ട് നിർദ്ദേശങ്ങൾ രൂപപ്പെടുത്തുവാൻ പ്രത്യേകം യോഗം ചേരണം എന്നത് അനിവാര്യമാണ്. (മുനിസിപ്പാലിറ്റികളിൽ മുനിസിപ്പാലിറ്റി തലത്തിലും, കോർപ്പറേഷനു കളിൽ മേഖലാ തലത്തിലും പ്രത്യേക യോഗം ചേരാവുന്നതാണ്.)

**3.1 ഊരുകൂട്ട യോഗം**

(1) പട്ടിക വർഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന നഗരസഭകൾ പദ്ധതി ആസൂത്രണ വാർഡ് സഭകൾ ചേരുന്നതിനു മുമ്പായി പട്ടിവർഗ ഊരുകളിൽ വാർഡ്സഭായോഗത്തിന് നിശ്ചയിച്ചിട്ടുള്ള കാര്യപരിപാടിക്ക് സമാനമായ രീതിയിൽ ഊരുമൂപ്പന്റെ അദ്ധ്യക്ഷതയിൽ

ഊരുകൂട്ടയോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ഊരുകൂട്ടയോഗങ്ങൾ ചേരുന്നതിനുള്ള മറ്റ് വ്യവസ്ഥകൾ ചുവടെ നൽകുന്നു.

(i) ഊരിലെ ആകെ വോട്ടർമാരിൽ അൻപത് ശതമാനത്തിലധികം അംഗങ്ങൾ ഊരുകൂട്ട യോഗത്തിൽ നിർബന്ധമായും പങ്കെടുത്തിരിക്കണം

(ii) ബന്ധപ്പെട്ട വാർഡ് കൗൺസിലർ എല്ലാ ഊരുകൂട്ടയോഗങ്ങളിലും നിർബന്ധമായും പങ്കെടുക്കണം. നഗരസഭാ അദ്ധ്യക്ഷൻ/അദ്ധ്യക്ഷ കഴിയുന്നത്ര ഊരുകൂട്ട യോഗങ്ങളിൽ പങ്കെടുക്കേണ്ടതാണ്.

(iii) ഊരുകൂട്ടയോഗം വിളിച്ചു ചേർക്കുന്നതിനുള്ള സഹായക പ്രവർത്തനങ്ങൾ എസ്.റ്റി. പ്രമോട്ടർ ഏറ്റെടുക്കണം.

(iv) എസ്.റ്റി പ്രമോട്ടർ നിർബന്ധമായും ചുമതലയുള്ള ഊരുകൂട്ടയോഗത്തിൽ പങ്കെടുക്കണം

(v) ഊരുകൾക്ക് പുറത്ത് അങ്ങിങ്ങായി താമസിക്കുന്ന പട്ടികവർഗങ്ങളിലെ പ്രായ പൂർത്തിയായവരെയും ഊരുകൂട്ട യോഗത്തിലേയ്ക്ക് ക്ഷണിക്കേണ്ടതാണ്.

(vi) ഊരുകൂട്ടയോഗത്തിൽ വച്ച് നടപ്പാക്കേണ്ട പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കേണ്ടതും രേഖപ്പെടുത്തേണ്ടതുമാണ്.

(vii) ഓരോ ഊരുകൂട്ടയോഗത്തിൽ നിന്നും ഒരു വനിത ഉൾപ്പെടെ രണ്ട് പേരെ തദ്ദേശഭരണ സ്ഥാപനത്തിലെ വികസന സെമിനാർ പ്രതിനിധികളായി തിരഞ്ഞെടുക്കേണ്ടതാണ്.

(2) പട്ടിക വർഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന നഗരസഭകളിൽ ഊരുകൂട്ടയോഗം ചേർന്നുവേണം ആസൂത്രണ പ്രവർത്തനങ്ങളും ഗുണഭോക്തൃ തിരഞ്ഞെടുപ്പും നടത്തേണ്ടത് എന്നത് നിർബന്ധ വ്യവസ്ഥയാണ്.

(3) ഊരുകൂട്ടയോഗങ്ങൾ ചേരുന്നതിന് മുമ്പേ ഓരോ ഊരിലും വ്യപകമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കണം.

(4) ഊരുകളിലെ പട്ടികവർഗ വിഭാഗങ്ങളുടെ സമഗ്ര വികസനമായിരിക്കണം ഊരുകൂട്ടയോഗത്തിലെ മുഖ്യ ചർച്ചാ വിഷയം

(5) ഊരുകൂട്ടങ്ങളിൽ ഊരിലെ വികസന പ്രശ്നങ്ങൾ തരം തിരിച്ച് കൃത്യമായി മുൻഗണന നിശ്ചയിക്കണം.

**3.2 മത്സ്യസഭാ യോഗം**

മത്സ്യവകുപ്പിന്റെ പ്രഖ്യാപിത മത്സ്യഗ്രാമങ്ങൾ നിലവിലുള്ള നഗരസഭാ വാർഡുകളിൽ ഊരുകൂട്ടം മാതൃകയിൽ പരമ്പരാഗത മത്സ്യതൊഴിലാളികൾക്കായി മത്സ്യസഭകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനുപുറമേ കുറഞ്ഞത് 25 മത്സ്യതൊഴിലാളികൾ എങ്കിലും

രജിസ്റ്റർ ചെയ്തിട്ടുള്ള വാർഡ്കളിലും വാർഡ്സഭയ്ക്ക് മുമ്പായി മത്സ്യസഭ നിർബന്ധമായും വിളിച്ചുചേർക്കേണ്ടതാണ്.

### 3.3 വാർഡ്സഭാ/ഊരുകൂട്ടം/മത്സ്യസഭായോഗങ്ങൾക്കുള്ള മറ്റ് നിർദ്ദേശങ്ങൾ

(i) പദ്ധതി ആസൂത്രണ വാർഡ്സഭകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ, ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവരിൽ ഒരാളെ വാർഡ്സഭാ കോഓർഡിനേറ്ററായി കൗൺസിൽ നിശ്ചയിച്ച് ചുമതല ഏൽപ്പിക്കണം.

(ii) വാർഡ്സഭാ/ഊരുകൂട്ടം/മത്സ്യസഭായോഗങ്ങൾ സംഘടിപ്പിക്കുക, ചർച്ചകൾ ഫലപ്രദമാക്കുക, തീരുമാനങ്ങൾ ക്രോഡീകരിച്ച് ഭരണ സമിതിക്കും സംസ്ഥാനതലത്തിലും നൽകുന്നതിനുള്ള ശുപാർശകൾ തയ്യാറാക്കുക എന്നീ കാര്യങ്ങൾക്ക് നഗരസഭാതല ആസൂത്രണസമിതി അംഗങ്ങൾ നിർണ്ണായക പങ്ക് വഹിക്കേണ്ടതാണ്.

(iii) വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങളും നഗരസഭയുടെ അവസ്ഥാരേഖ (Status Report) യുടെ രത്നച്ചുരുക്കവും (സംഗ്രഹവും) കരട് വികസനരേഖ എന്നിവ അച്ചടിച്ച് വാർഡ്സഭാ യോഗത്തിൽ ചർച്ചയ്ക്ക് നൽകണം. കരട് പ്രോജക്ട് നിർദ്ദേശങ്ങളുടെ പട്ടിക ഫോറം 1 – ൽ തയ്യാറാക്കണം.

(iv) നഗരസഭയുടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ വാർഡ്സഭാ/ഊരുകൂട്ടം/ മത്സ്യസഭ നിശ്ചയിച്ച മുൻഗണനകൾ അനുസരിച്ചുള്ളതാവണം. എന്നാൽ അനിവാര്യ പ്രോജക്ടുകൾക്കും സർക്കാർ നിർദ്ദേശിക്കുന്ന പ്രോജക്ടുകൾക്കും ഈ വ്യവസ്ഥ ബാധകമല്ല.

(v) വാർഡ്സഭാ/ഊരുകൂട്ടം/മത്സ്യസഭാ യോഗത്തിന്റെ തീരുമാനങ്ങൾ അപ്പോൾ തന്നെ എഴുതി തയ്യാറാക്കി വാർഡ്സഭാ/ഊരുകൂട്ടം/മത്സ്യസഭ അദ്ധ്യക്ഷൻ, കൺവീനർ, ഉദ്യോഗസ്ഥർ, യോഗത്തിൽ പങ്കെടുത്തവർ ഉൾപ്പെടെ കുറഞ്ഞത് 15 പേരുടെയെങ്കിലും ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏൽപ്പിക്കേണ്ട ചുമതല വാർഡ് കോ–ഓർഡിനേറ്ററുടേതാണ്.

(vi) വാർഡ്സഭാ/ഊരുകൂട്ടം/മത്സ്യസഭാ യോഗത്തിലെ ഹാജർ രജിസ്റ്റർ, ഗ്രൂപ്പ് ചർച്ചകളിലെ നിർദ്ദേശങ്ങൾ, ലഭിച്ച ചോദ്യങ്ങൾ, മിനിട്സ്, തീരുമാനങ്ങൾ എന്നിവ യോഗം നടന്നതിന്റെ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ കോ–ഓർഡിനേറ്റർ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്. ഫോട്ടോഗ്രാഫുകൾ അതത് മിനിട്സ് ബുക്കുകളിൽ ഒട്ടിച്ചു വയ്ക്കണം.

(vii) വാർഡ്സഭയിൽ നിന്നും രണ്ട് വനിതകൾ, ഒരു പട്ടികജാതി അംഗം എന്നിവർ ഉൾപ്പെടെ 5 പ്രതിനിധികളെ വികസന സെമിനാറിലേയ്ക്ക് തിരഞ്ഞെടുക്കണം.

(viii) വാർഡ്സഭാ യോഗത്തിന്റെ കാര്യപരിപാടിയുടെ മാതൃക അനുബന്ധം 2–ൽ നൽകുന്നു

## 4 വികസന സെമിനാർ

1 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഏകദിന വികസന സെമിനാർ സംഘടിപ്പിക്കണം. നഗരസഭാ കൗൺസിലർമാർ, നഗരസഭാ ആസൂത്രണസമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ്

അംഗങ്ങൾ, വാർഡ്സഭാ പ്രതിനിധികൾ, നിർവഹണ ഉദ്യോഗസ്ഥർ, ഊരുക്കൂട്ടവും മത്സ്യസഭയും ഉണ്ടെങ്കിൽ അവയുടെ പ്രതിനിധികൾ, എസ്.സി/എസ്.റ്റി പ്രമോട്ടർമാർ, എ.ഡി.എസ്/സി.ഡി.എസ് പ്രതിനിധികൾ, ബാങ്കുകളിലേയും സഹകരണ സ്ഥാപനങ്ങളിലേയും പ്രതിനിധികൾ, സ്റ്റേക്ക് ഹോൾഡർമാർ, പ്രൊഫഷണലുകൾ, വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ മുതലായ എല്ലാ വിഭാഗം ജനങ്ങളെയും വികസന സെമിനാറിൽ പങ്കെടുപ്പിക്കണം.

2 വികസന സെമിനാറിനു മുമ്പേ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് വാർഡ്സഭ/ഊരുകൂട്ട/മത്സ്യസഭാ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് നഗരസഭാ കൗൺസിലിന് സമർപ്പിക്കണം. കൗൺസിലിന്റെ പരിഗണനയ്ക്ക് ശേഷമാണ് കരട് പദ്ധതിരേഖ തയ്യാറാക്കി വികസന സെമിനാറിൽ അവതരിപ്പിക്കേണ്ടത്.

3 വികസന സെമിനാറിൽ വർക്കിംഗ് ഗ്രൂപ്പടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കണം. ഗ്രൂപ്പ ചർച്ചകൾക്ക് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നേതൃത്വം നൽകണം.

4 കരട് വികസനരേഖ, 2017–18–ലെ കരട് പദ്ധതിരേഖ എന്നിവ വികസന സെമിനാറിൽ അച്ചടിച്ച് വിതരണം ചെയ്യണം

5 പരമാവധി ജനപങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനത്തിന്റെ 2017–18 വാർഷിക പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുക എന്നതാണ് വികസന സെമിനാറിന്റെ ലക്ഷ്യം. അതിനായി ചുവടെ വിവരിക്കുന്ന കാര്യങ്ങൾ വികസന സെമിനാറിൽ ചർച്ച ചെയ്ത് ഉറപ്പു വരുത്തണം.

(i) വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി വിഭാവ ചെയ്തുകൊണ്ടുള്ള വികസനതന്ത്രവും സമീപനവുമാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ii) പദ്ധതിയുടെ പൊതു വികസന കാഴ്ചപ്പാട് ദീർഘ വീഷണത്തോടെയുള്ളതും മുൻഗണനകൾ യുക്തിസഹവും വികസന മേഖലകൾക്ക് നിർദ്ദേശിച്ചിട്ടുള്ള സമീപനത്തിന് അനുയോജ്യവുമാണ്.

(iii) വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, വികസനതന്ത്രം എന്നിവയ്ക്ക് അനുയോജ്യമായ പ്രോജക്ട് ആശയങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളത്.

(iv) വാർഡ്സഭകൾ/ഊരുകൂട്ടങ്ങൾ/മത്സ്യസഭകൾ എന്നിവിടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ശുപാർശകൾ പരിഗണിച്ചാണ് പ്രോജക്ട് നിർദ്ദേശങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്.

6 വാർഡ്സഭ യോഗങ്ങൾക്ക് നിർദ്ദേശിച്ചിട്ടുള്ള യോഗ നടപടിക്രമങ്ങളിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തി വികസന സെമിനാറിന് അനുവർത്തി ക്കേണ്ടതാണ്.

## 5 വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ

1 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ മുന്നോടിയായി വായ്പാബന്ധിത പ്രോജക്ടുകളുടെ വായ്പാ സാദ്ധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി തദ്ദേശഭരണ സ്ഥാപനതല ആസൂത്രണ സമിതിയുടേയും വർക്കിംഗ് ഗ്രൂപ്പുകളുടേയും നേതൃത്വത്തിൽ ലീഡ് ബാങ്ക് (Lead Bank) പ്രതിനിധികളുമായും അതാത് തലത്തിലെ ബാങ്കേഴ്സ് കമ്മിറ്റികളുമായും ചർച്ച നടത്തേണ്ടതാണ്. അതുപോലെ തദ്ദേശഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘ പ്രതിനിധികളുമായി സഹകരണാടിസ്ഥാനത്തിൽ യോജിച്ച് നടപ്പിലാക്കാവുന്ന പ്രോജക്ടുകളെക്കുറിച്ച് കൂടിയാലോചനകളും നടത്തേണ്ടതാണ്. ഇപ്രകാരം നടത്തുന്ന ചർച്ചകളുടെ അടിസ്ഥാനത്തിലായിരിക്കണം വായ്പാബന്ധിത പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്.

2 വാർഡ്സഭ/ഊരുകൂട്ടം/മത്സ്യസഭ യോഗങ്ങളിലും വികസന സെമിനാറിലും ആവിഷ്ക്കരിക്കുന്ന നിർദ്ദേശങ്ങൾ രണ്ടായി തരം തിരിക്കണം. നഗരസഭാ തലത്തിൽ പരിഹാരം കാണേണ്ടതായ നിർദ്ദേശങ്ങൾ പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് നൽകണം. സംസ്ഥാന തലങ്ങളിൽ നടപടി ആവശ്യമുള്ളവ ആയതിലേയ്ക്ക് കൈമാറേണ്ടതാണ്.

3 വികസനരേഖ (Development Report) തയ്യാറാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ഉപസമിതിയാണ് വാർഷിക പദ്ധതിരേഖയും തയ്യാറാക്കേണ്ടത്. എങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതിയാണ് പദ്ധതി പൂർത്തിയാക്കൽ ദൗത്യം നിർവഹിക്കേണ്ടത്.

4 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിനു മുമ്പ് വിഭവ സമാഹരണം സംബന്ധിച്ച് കൃത്യമായ ഒരു ധാരണ ഉണ്ടാക്കണം. വിഭവ പരിധികൾക്ക് ഉള്ളിൽ നിന്നുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ പ്രോജക്ടുകൾ തിരഞ്ഞെടുത്ത് പദ്ധതിക്ക് അന്തിമ രൂപം നൽകണം.

5 വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടിന്റെ അടങ്കൽ തുകയെക്കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തണം. പ്രോജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകളും വർക്കിംഗ് ഗ്രൂപ്പുകൾ പരിശോധനാ വിധേയമാക്കണം. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കുന്നത് അഭികാമ്യമായിരിക്കും.

5.1 പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പങ്ക്

(1) പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ മുന്നോടിയായി, മേഖലാവിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്ന വിഭവസ്രോതസ്സുകൾ, പദ്ധതി അടങ്കൽ, ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും

നൽകേണ്ടതും അവ പരിശോധിച്ച് അന്തിമ തീരുമാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയിന്മേൽ ഭരണസമിതി കൈക്കൊള്ളേണ്ട താണ്.

(2) അപ്രകാരം ഭരണസമിതി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും തങ്ങളുടെ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം വിളിച്ച്, പദ്ധതിയിൽ അന്തിമമായി ഉൾപ്പെടുത്താവുന്ന പ്രോജക്ടുകളെ സംബന്ധിച്ച് ധാരണയുണ്ടാക്കണം. അന്തിമമായി ഉൾപ്പെടുത്താവുന്ന ഓരോ പ്രോജക്ടിന്റേയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ ഈ യോഗത്തിൽ ചർച്ച ചെയത് ഉറപ്പ് വരുത്തണം.

(3) പദ്ധതിയിൽ ഉൾപ്പെടുത്തുന്ന ഓരോ പ്രോജക്ടും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രോജക്ട് അംഗീകാര തീരുമാന നമ്പർ, തീയതി എന്നിവ പ്രോജക്ട് രേഖയിൽ രേഖപ്പെടുത്തി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഒപ്പ് വയ്ക്കണം. പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കുള്ള ചുമതലകൾ അനുബന്ധം 3 – ൽ നൽകിയിട്ടുണ്ട്.

**5.2 വാർഷിക പദ്ധതിരേഖ (2017–18)**

വാർഷിക പദ്ധതിരേഖയ്ക്ക് 10 അദ്ധ്യായങ്ങൾ ഉണ്ടായിരിക്കണം. അവയുടെ ഉള്ളടക്കം ചുവടെ വിവരിക്കുന്ന രീതിയിൽ ആയിരിക്കണം. ഇതിൽ ആദ്യത്തെ നാലു ഭാഗങ്ങൾ നേരത്തെ തയ്യാറാക്കിയ അവസ്ഥാരേഖ (Status Report) ഉപയോഗിച്ച് എളുപ്പം തയ്യാറാക്കാവുന്നതാണ്.

(1) തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസനസ്ഥിതി അവസ്ഥ

ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ സവിശേഷതകൾ, മനുഷ്യ–പ്രകൃതി വിഭവങ്ങൾ, പൊതു സാമൂഹിക–സാമ്പത്തിക അവസ്ഥ, ഓരോ മേഖലയുടേയും പ്രത്യേക വിഭാഗങ്ങളുടേയും അവസ്ഥയും നിലനിൽക്കുന്ന വികസന പ്രശ്നങ്ങളും വെല്ലുവിളികളും എന്നിവ ഹ്രസ്വമായി ഈ ഭാഗത്ത് നൽകണം. (വികസനരേഖയുടെ 1–ഉം 2–ഉം അദ്ധ്യായങ്ങളുടെ ലഘു വിവരണം)

(2) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012–17) വിലയിരുത്തൽ

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിലെ ആദ്യത്തെ നാല് വാർഷിക പദ്ധതി പുരോഗതിയും 2016–17 വാർഷിക പദ്ധതി നടത്തിപ്പും സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയതും വികസന രേഖയിൽ ക്രോഡീകരിച്ചതുമായ വിവരങ്ങൾ ഈ ഭാഗത്ത് ചേർക്കേണ്ടതാണ്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ വിശദമായ വിലയിരുത്തൽ ആണ് ഇവിടെ പ്രതിപാദിക്കേണ്ടത്. ആദ്യത്തെ നാല് വാർഷിക പദ്ധതി (2012–16) പ്രവർത്തനങ്ങൾ, പദ്ധതി വിഹിതം, ചെലവ്, ഭൗതിക നേട്ടങ്ങൾ മുതലായ വിവരങ്ങളും 2016–17 വാർഷിക പദ്ധതിയിലെ അടങ്കൽ തുക, വിലയിരുത്തൽ നടത്തുന്നതുവരെയുള്ള ചെലവ്, പ്രോജക്ടുകളുടെ

നിർവഹണാവസ്ഥ എന്നിവയും വിലയിരുത്തൽ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കണം. പദ്ധതികാലയളവിലെ യഥാർത്ഥ നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും വിജയിച്ച പ്രോജക്ടുകളും അവയുടെ വിജയ കാരണങ്ങളും പരാജയപ്പെട്ട പ്രോജക്ടുകളും അതിനുള്ള കാരണങ്ങളും വ്യക്തമാക്കണം. അതോടൊപ്പം വിവിധ വകുപ്പുകളും ഏജൻസികളും തദ്ദേശഭരണ സ്ഥാപനത്തിൽ പദ്ധതിക്കാലയളവിൽ നടപ്പിലാക്കിയ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ, സംസ്ഥാന പരിപാടികൾ മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയുടെ വിവരണങ്ങൾ കൂട്ടിച്ചേർത്ത് ഈ ഭാഗം മെച്ചപ്പെടുത്തേണ്ടതാണ്.

(3) പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാദ്ധ്യതകളും

അവസ്ഥാരേഖ (Status Report) - അടിസ്ഥാനമാക്കിയാണ് ഈ ഭാഗം തയ്യാറാക്കേണ്ടത്. 09.01.2017-ലെ ജി.ഒ(എം.എസ് )11/17/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കിയിട്ടുള്ള ഫോറം 5-ലെ വിവരങ്ങൾ അവലംബമാക്കാം. ഓരോ മേഖലയുടേയും ഗുരുതരവും അതീവ ഗുരുതരവുമായ പ്രശ്നങ്ങൾ മാത്രം വിശകലനം ചെയ്താൽ മതിയാകുന്നതാണ്.

(4) വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

വികസനരേഖയുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയുടേയും വികസന കാഴ്ചപ്പാട്, നയസമീപനം, തന്ത്രം എന്നിവ വിശദമാക്കിയതിനുശേഷം ആ നിഗമനങ്ങൾ ക്രോഡീകരിച്ച് തദ്ദേശഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതി വികസന കാഴ്ചപ്പാടിനും ലക്ഷ്യങ്ങൾക്കും തന്ത്രത്തിനും രൂപം നൽകണം. അപ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം എന്നിവ കണക്കിലെടുത്തുകൊണ്ടാണ് പ്രോജക്ടുകളും പദ്ധതിരേഖയും തയ്യാറാക്കേണ്ടത്. (ജില്ലാ ആസൂത്രണസമിതി ഇത് പ്രത്യേകം പരിശോധിക്കുന്നതാണ്.)

പ്രാദേശിക വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ വലിയ പ്രധാന്യമുള്ള വികസന കാഴ്ചപ്പാട് (പരിപ്രേക്ഷ്യം), ലക്ഷ്യങ്ങൾ, വികസനതന്ത്രം എന്നിവയുടെ വിശദീകരണം ചുവടെ നൽകുന്നു.

(i) വികസന കാഴ്ചപ്പാട് (പരിപ്രേക്ഷ്യം) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രദേശത്തിന്റെ അഥവാ വിഷയ മേഖലയുടെ വികസനത്തിൽ നഗരസഭ നടത്തുന്ന ഇടപെടലുകളെ നയിക്കേണ്ട അടിസ്ഥാന സമീപനം അഥവാ പൊതു നയം എന്താണ് എന്നതാണ്.

ഉദാ:- സാമൂഹ്യനീതിയും പരിസ്ഥിതി സുരക്ഷയും വിട്ടുവീഴ്ച ചെയ്യാതെയും തുടർച്ചാസാധ്യത ഉറപ്പാക്കിക്കൊണ്ടും ഉയർന്ന വളർച്ച കൈവരിക്കുക എന്നത് സംസ്ഥാനത്തിന്റെ വികസന പരിപ്രേക്ഷ്യത്തിലെ കേന്ദ്ര നിലപാടാണ് എന്നു പറയാം. അതുപോലെ ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ സാങ്കേതിക വിദ്യകൾ

ഉപയോഗിച്ചുകൊണ്ടും സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ടും എല്ലാവർക്കും പാർപ്പിടം ഒരുക്കുക എന്നതാണ് പാർപ്പിട രംഗത്തെ വികസന പരിപ്രേക്ഷ്യം എന്നു പറയാം.

(ii) വികസന കാഴ്ചപ്പാടിനെ അഥവാ വികസന പരിപ്രേക്ഷ്യത്തെ യാഥാർത്ഥ്യമാക്കു ന്നതിന് അതിനെ ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങളാക്കി മാറ്റി കൃത്യതയോടെ നിർവചിക്കേണ്ടതുണ്ട്. 2017-18-ലെ വാർഷിക പദ്ധതിയിൽ ഓരോ വികസനമേഖല യിലേയും പഞ്ചവൽസര പദ്ധതി (2017-18 മുതൽ 2021-22 വരെ) ലക്ഷ്യങ്ങളും വാർഷിക പദ്ധതി ലക്ഷ്യങ്ങളും (2017-18) പ്രത്യേകം രേഖപ്പെടുത്തണം.

ഉദാഃ പാർപ്പിട മേഖലയിൽ ഓരോ വിഭാഗത്തിലും (ഭൂരഹിത ഭവന രഹിതർ, ഭൂമിയുള്ള ഭവന രഹിതർ, വാസയോഗ്യമായ വീടില്ലാത്തവർ, വീട്ടു പണി പൂർത്തിയാക്കാൻ കഴിയാത്തവർ) എത്ര വീതം ഗുണഭോക്താക്കൾക്ക് ആദ്യത്തെ വർഷവും പിന്നീട് പതിമൂന്നാം പദ്ധതിക്കാലത്ത് മൊത്തത്തിലും എത്രപേർക്ക് സഹായമെത്തിക്കും എന്ന് വ്യക്തമാക്കണം.

(iii) വികസന കാഴ്ചപ്പാടിനോട് നീതി പുലർത്തിക്കൊണ്ട് വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പ്രദേശത്തിന്റെ സാധ്യതകൾക്കും പരിമിതികൾക്കും അനുസൃതമായി സ്വീകരിക്കുന്ന മുൻഗണനകൾ, മാർഗങ്ങൾ എന്നിവയെയാണ് വികസനതന്ത്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് .

ഉദാഃ പാർപ്പിടത്തിന്റെ കാര്യത്തിൽ ആഡംബര വീടുകൾക്ക് ഉയർന്ന നികുതി, പരിസ്ഥിതി സൗഹൃദ വീടുകൾക്ക് കുറഞ്ഞ നികുതി, വായ്പകളും സംഭാവനകളും ഗുണഭോക്തൃ വിഹിതവും സമാഹരിക്കുക, പണി പൂർത്തിയാകാത്ത വീടുകൾക്കും വാസയോഗ്യമല്ലാത്ത വീടുകൾക്കും ആദ്യവർഷം മുന്തിയ പരിഗണന നൽകുക, ബാക്കി ഗുണഭോക്താക്കൾക്ക് തുടർന്നുള്ള നാലു വർഷത്തിനുള്ളിൽ വീടുകൾ നൽകുക എന്നീ ഘടകങ്ങളാണ് വികസന തന്ത്രത്തിൽ സ്വീകരിക്കാവുന്നത്.

(5) വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്ന ധനവിഭവങ്ങൾ പ്രോജക്ടുകൾക്ക് വകയിരുത്തുന്നത് കൂടാതെ പ്രദേശത്ത് ലഭ്യമാക്കാൻ കഴിയുന്ന മനുഷ്യ-പ്രകൃതി വിഭവങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താമെന്നത് സംബന്ധിച്ച വിശകലനവും നടത്തേണ്ടതാണ്.

(6) പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

(i) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകളുടെ വിവരങ്ങൾ പദ്ധതിരേഖയിൽ ഉണ്ടായിരിക്കണം. ഓരോ പ്രോജക്ടിനേയും സംബന്ധിച്ച പ്രധാന വിവരങ്ങൾ പ്രതിപാദിക്കുന്ന പ്രോജക്ട് സംഗ്രഹം അനിവാര്യമാണ്. പ്രോജക്ട് നമ്പർ, പേര്, വികസന മേഖല, വിഭവ സ്രോതസ്സ്, ഭൗതിക ലക്ഷ്യങ്ങൾ, പ്രോജക്ടിന്റെ പ്രത്യേക സവിശേഷതകൾ എന്നിവ സംഗ്രഹ കുറിപ്പിൽ വ്യക്തമായി രേഖപ്പെടുത്തണം.

(ii) 2016–17–ലെ സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തിയാണ് പദ്ധതിരേഖ തയ്യാറാക്കേണ്ടത്. ഈ മാർഗരേഖയിലെ നിർവചനങ്ങൾ പ്രകാരം സ്പിൽഓവറായി ഭരണ സമിതി കണ്ടെത്തുന്ന പ്രോജക്ടുകളാണ് ഉൾപ്പെടുത്തേണ്ടത്.

(7) പ്രത്യേക പദ്ധതികൾ/പരിപാടികൾ

പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ ഉപപദ്ധതി, വനിതാ ഘടക പദ്ധതി, സാമൂഹ്യ സുരക്ഷാ പദ്ധതി (കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ – വയോജനങ്ങളുടേയും പാലിയേറ്റീവ് കെയർ രോഗികൾ എന്നിവരുടെ സംരക്ഷണം) ആസ്തി സംരക്ഷണം, സദ്ഭരണം അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി എന്നിവയ്ക്കായി പ്രത്യേക ഭാഗങ്ങൾ പദ്ധതിരേഖയിൽ ഉണ്ടായിരിക്കണം.

(8) വായ്പാ ബന്ധങ്ങൾ

പദ്ധതിക്ക് വായ്പാ സാദ്ധ്യതകളെ സംബന്ധിച്ച ഒരു ലഘു വിവരണം തയ്യാറാക്കണം. തുടർന്ന് ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ വായ്പാ ബന്ധിതമായി നടപ്പിലാക്കാൻ തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകളുടെ പട്ടികയും തയ്യാറാക്കി ഉൾപ്പെടുത്തണം.

(9) സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

(i) അവസ്ഥാരേഖ (Status Report)–യിൽ പ്രതിപാദിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചാണ് സമഗ്ര പരിപാടിക്ക് രൂപം നൽകേണ്ടത്. സമഗ്ര പരിപാടിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെ, ഉൾപ്പെടുന്ന പ്രോജക്ടുകൾ ഏതെല്ലാം, പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ, വകുപ്പുകൾ, ഏജൻസികൾ എന്നിവ ഏതൊക്കെയാണ്, പ്രധാന പ്രവർത്തനങ്ങൾ, അവയുടെ മുൻ–പിൻ ബന്ധങ്ങൾ, ഏകോപനം എന്നിവ വിശദമായി നൽകണം. കേന്ദ്ര– സംസ്ഥാനാവിഷ്കൃത പരിപാടികൾ, സംസ്ഥാന പരിപാടികൾ, നവകേരളം കർമ്മ പദ്ധതി, വിവിധ സ്ഥാപനങ്ങൾ, ഏജൻസികൾ, സംഘടനകൾ എന്നിവ നടത്തുന്ന പ്രവർത്തനങ്ങൾ മുതലായവയുടെ വിവരണമാണ് ഈ അദ്ധ്യായത്തിലെ ആദ്യ ഭാഗത്ത് ഉണ്ടായിരിക്കേണ്ടത്.

(ii) സമഗ്ര പരിപാടിയിലെ നിർദ്ദേശങ്ങൾപ്രകാരം ഓരോ മേഖലയിലേയും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അനിവാര്യമായും സംയോജിപ്പിക്കേണ്ടതായ പ്രവർത്തനങ്ങളും സമന്വയിപ്പിക്കേണ്ടതായ വിഭവങ്ങളും വിവരിക്കുകയെന്നതാണ് സംയോജന സാധ്യതകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. നവകേരളം കർമ്മ പദ്ധതി പ്രവർത്തനങ്ങളാണ് മുഖ്യമായും പ്രതിപാദിക്കേണ്ടത്. അത് ചുവടെ വിവരിക്കുന്ന രീതിയിലായിരിക്കണം.

- കാർഷിക വികസനം, ശുചിത്വം, മാലിന്യ സംസ്ക്കരണം, ജലസംരക്ഷണം, മുതലായവയുടെ പരിപാടികൾ 'ഹരിത കേരളം' മിഷന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കണം.
- ഭവന നിർമ്മാണ പരിപാടികൾ സമ്പൂർണ്ണ ഭവന പദ്ധതി വിഭാവനം ചെയ്യുന്ന 'ലൈഫ്' മിഷന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കണം.
- പൊതു വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പരിപാടികൾ 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം' മിഷന്റെ പ്രവർത്തനങ്ങളുമായാണ് സംയോജിപ്പിക്കേണ്ടത് .
- ആരോഗ്യ സംരക്ഷണ പരിപാടികൾ ജനസൗഹൃദ സർക്കാർ ആശുപത്രികൾക്കായി വിഭാവനം ചെയ്യുന്ന 'ആർദ്രം' മിഷന്റെ പ്രവർത്തനങ്ങളുമായി സമന്വയിപ്പിക്കുന്ന തിനുള്ള സാദ്ധ്യതകളാണ് വ്യക്തമാക്കേണ്ടത്.

**(10) മോണിട്ടറിംഗ്**

പ്രോജക്ട് നിർവഹണ സമയത്തെ മോണിട്ടറിംഗ് കമ്മിറ്റികളായി രൂപാന്തരപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും പ്രവർത്തന രീതിയും ഈ അദ്ധ്യായത്തിൽ വ്യക്തമാക്കണം. അതോടൊപ്പം നഗരസഭാ തലത്തിൽ പദ്ധതി മോണിട്ടറിംഗിനുള്ള സംവിധാനവും(മോണിട്ടറിംഗ് സമിതിയുടെ ഘടന, ചുമതലകൾ) ഇവിടെ ഉൾപ്പെടുത്തണം.

**5.3 വാർഷിക പദ്ധതിക്കും പ്രോജക്ടുകൾക്കും ഭരണസമിതി അംഗീകാരം**

(1) സ്റ്റാന്റിംഗ് കമ്മിറ്റികൾ അന്തിമരൂപം നൽകിയ പദ്ധതിയും പ്രോജക്ടുകളും ഭരണസമിതി യോഗത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അവതരിപ്പിക്കേണ്ടതാണ്. യോഗസമയത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ അഭാവത്തിൽ ആ സമിതിയിലെ ഒരു അംഗത്തെ പദ്ധതി അവതരിപ്പിക്കുവാൻ മേയർ/ ചെയർപേഴ്സൺ നിർദ്ദേശിക്കേണ്ടതാണ്

(2) ഓരോ പ്രോജക്ടിന്റേയും പേരും വകയിരുത്തൽ വിശദാംശങ്ങളും ഉൾപ്പെടെയുള്ള വിവരങ്ങളടങ്ങുന്ന കരട് പദ്ധതിരേഖയുടെ പകർപ്പ് എല്ലാ ജനപ്രതിനിധികൾക്കും വിതരണം ചെയ്യേണ്ടതാണ്.

(3) തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി യോഗം ചർച്ചകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കും പ്രോജക്ടുകൾക്കും അംഗീകാരം നൽകണം.

(4) പദ്ധതിയും പ്രോജക്ടുകളും ഭരണസമിതി അംഗീകരിച്ചു കഴിഞ്ഞാൽ പ്രോജക്ട് രേഖകളിൽ ഭരണസമിതി അംഗീകാര തീരുമാനത്തിന്റെ നമ്പരും തീയതിയും രേഖപ്പെടുത്തി ചെയർപേഴ്സൺ/മേയറും സെക്രട്ടറിയും ഒപ്പ് രേഖപ്പെടുത്തണം

(5) ഭരണസമിതി അംഗീകരിച്ച പദ്ധതിപ്രകാരം, ആദ്യം അച്ചടിച്ച കരട് പദ്ധതി രേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ പദ്ധതിരേഖ അച്ചടിക്കേണ്ടതും അതിന്റെ പകർപ്പ് ജില്ലാ ആസൂത്രണ സമിതി, മറ്റ് ഏജൻസികൾ എന്നിവയ്ക്ക് നൽകേണ്ടതുമാണ്.

(6) വാർഷിക പദ്ധതി (2017–18) വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം–2 ലും പ്രോജക്ടുകളുടെ പട്ടിക ഫോറം –3 ലും രേഖപ്പെടുത്തേണ്ടതാണ്.

**6 പ്രോജക്ടുകൾ തയ്യാറാക്കൽ**

1) വികസന സെമിനാറിനുശേഷം ഭരണ സമിതി വാർഷിക പദ്ധതി അംഗീകരിച്ചു കഴിഞ്ഞാൽ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ട് റിപ്പോർട്ടുകൾ വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തയ്യാറാക്കേണ്ട ചുമതല അതാത് വിഷയമേഖലയുടെ നിർവഹണ ഉദ്യോഗസ്ഥന്റെതാണ്.

2) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം മുതൽ അംഗീകാരം, നിർവഹണം വരെയുള്ള മുഴുവൻ കാര്യങ്ങളും ഐ.കെ.എം. തയ്യാറാക്കി നൽകിയിട്ടുള്ള വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ ആയ സുലേഖ മുഖേനയാണ് നടത്തേണ്ടത്.

3) നിർവഹണ ഉദ്യോഗസ്ഥന് അനുവദിച്ചിട്ടുള്ള യൂസർ നെയിമും പാസ് വേർഡും ഉപയോഗിച്ചു മാത്രമേ ഡാറ്റാ എൻട്രി നടത്തുവാനും പ്രോജക്ട് ഭേദഗതി വരുത്തുവാനും കഴിയുകയുള്ളൂ.

4) ഏതൊരു വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശമായിരുന്നാലും പ്രോജക്ടിന്റെ നിർവഹണ ചുമതല വരുന്ന ഉദ്യോഗസ്ഥനാണ് ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടത്.

ഉദാ: ഏതൊരു വർക്കിംഗ് ഗ്രൂപ്പിൽ നിന്നു വന്ന നിർദ്ദേശമായിരുന്നാലും നിർമ്മാണ പ്രവർത്തികളുടെ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ്. ആയതുപോലെ ഏതൊരു വർക്കിംഗ് ഗ്രൂപ്പിൽ നിന്നുവന്ന കാർഷിക മേഖല പ്രോജക്ടുകളും തയ്യാറാക്കി നിർവ്വഹണം നടത്തേണ്ടത് കാർഷികമേഖലയിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥനാണ്

5) പ്രോജക്ടുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയെന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. കഴിഞ്ഞ 20 വർഷക്കാലത്തെ അനുഭവങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയോടെ വേണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. പ്രോജക്ടുകളുടെ സാങ്കേതിക സാദ്ധ്യത ഉറപ്പുവരുത്തുന്നതിലും വർക്കിംഗ് ഗ്രൂപ്പുകൾക്കാണ് ഉത്തരവാദിത്വം. അതിനാൽ പ്രോജക്ട് തയ്യാറാക്കുന്ന വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സണും കൺവീനറും നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കിയിട്ടുള്ള പ്രോജക്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**6.1 പ്രോജക്ട് ഡാറ്റാ എൻട്രി ചെയ്യുന്നതിനു മുൻപ് ചുവടെ പറയുന്ന കാര്യങ്ങൾ ഉറപ്പു വരുത്തണം**

- ഭരണ സമിതി അംഗീകരിച്ച പദ്ധതിയും പ്രോജക്ടുകളും നിയമാനുസൃതമാണ്
- പ്രോജക്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള വിഷയം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിലും ഉത്തരവാദിത്തത്തിലും ഉള്ളതാണ്

- സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്, എസ്റ്റിമേറ്റുകൾ  അംഗീകൃത നിരക്ക പ്രകാരമാണ് സാങ്കേതികമായ ക്ഷമത ഉള്ളതും പ്രായോഗികമായി നടപ്പിലാക്കാവുന്നതും  ആണ്
- ആസൂത്രണനടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ്  പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്
- പ്രോജക്ടുകൾ  ഗുണമേന്മ  ഉള്ളതാണ്.
- പ്രാബല്യത്തിലുള്ള  നിയമങ്ങളും   ഉത്തരവുകളും   മാർഗ നിർദ്ദേശങ്ങളും   പൂർണമായും അവലംബിച്ചാണ് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്.
- പുതിയ   പ്രോജക്ട്   തയ്യാറാക്കുന്നതിന്    മൂന്ന്   രീതിയിലുള്ള    ഫോറങ്ങളാണ് ഉപയോഗിക്കുന്നത് .നിർവഹണ ഉദ്യോഗസ്ഥൻ പ്രോജക്ടിന് അനുയോജ്യമായ ഫോറം തിരഞ്ഞെടുക്കണം

  (1) ഗുണഭോക്തൃ തിരഞ്ഞെടുപ്പിനാവശ്യമായ പ്രോജക്ടുകൾ

  (2) പൊതു നിർമ്മാണ പ്രവർത്തനങ്ങളും  പൊതു ആവശ്യത്തിനുള്ള വാങ്ങലുകളും

  (3) പൊതുസേവന പ്രോജക്ടുകൾ

- കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി വിവരങ്ങൾ ക്രോഡീകരിക്കേണ്ടതിനാൽ ചില വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് കോഡുകൾ നിർബന്ധമാക്കിയിട്ടുണ്ട്. പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള മാർഗരേഖ വ്യക്തമായി മനസ്സിലാക്കി പ്രോജക്ട് ഫോറം  എഴുതി തയ്യാറാക്കിയതിന് ശേഷം മാത്രമേ  ഡാറ്റാഎൻട്രി നടത്താവൂ.  പ്രോജക്ട് രൂപീകരണ മാർഗരേഖ പ്രകാരം  ആവശ്യമായ മുഴുവൻ വിവരങ്ങളും (പ്രോജക്ട് രൂപീകരണത്തിന്  പൊതു  ഫോറങ്ങൾ ആയതിനാൽ ഒരു ഫോറത്തിലുള്ള എല്ലാ  കോളങ്ങളും  എല്ലാ പ്രോജക്ടുകൾക്കും  ബാധകമാകണമെന്നില്ല) രേഖപ്പെടുത്തി സേവ് ചെയ്തശേഷം  പ്രോജക്ട് റിപ്പോർട്ട്  പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതാണ് .
- വിശദമായ പ്രോജക്ട് റിപ്പോർട്ടിന് പുറമെ ഒരു പ്രോജക്ട് സംഗ്രഹ റിപ്പോർട്ട്  കൂടി ആപ്ലിക്കേഷനിൽ നിന്നും  ലഭ്യമാക്കേണ്ടതുണ്ട് ആയത് ലഭ്യമാക്കുന്നതിനുള്ള വിവരങ്ങൾ നിർബന്ധമായും  ഡാറ്റാ എൻട്രി നടത്തിയിരിക്കണം.
- ഡാറ്റാ എൻട്രിക്കുശേഷം പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ  അംഗീകാര ത്തിനായി  നിർവഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക്  പ്രോജക്ട് റിപ്പോർട്ട് അയച്ച് കൊടുക്കുക. സെക്രട്ടറി സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം,  ഭരണസമിതി തീരുമാനം,  നിർവഹണ ഉദ്യോഗസ്ഥന്റെ പേര്,  സെക്രട്ടറി യുടെ പേര്, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെ പേര്,  തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷൻ /അദ്ധ്യക്ഷയുടെ പേര് എന്നിവ രേഖപ്പെടുത്തിയശേഷം  പ്രോജക്ട്/ പരിശോധനയ്ക്കായി  ചുമതലപ്പെടുത്തിയിട്ടുള്ള  നിർവഹണ  ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥന് അയച്ചു  കൊടുക്കുക.
- മുൻകാലങ്ങളിൽ പദ്ധതിയിലുൾപ്പെട്ട എല്ലാ പ്രോജക്ടുകളും തയ്യാറാക്കിയ  നിർവഹണ ഉദ്യോഗസ്ഥന്റെ  മേലുദ്യോഗസ്ഥനിൽ നിന്നും അംഗീകാരം ലഭിച്ചതിനുശേഷം മാത്രമാണ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി  പദ്ധതിരേഖ സമർപ്പിക്കുന്നത് എന്നാൽ പതിമൂന്നാം പഞ്ചവൽസര പദ്ധതിമുതൽ  ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിനു അയയ്ക്കുന്നതിനു മുമ്പ് പ്രോജക്ടുകൾക്ക്  അംഗീകാരം  വാങ്ങണമെന്നില്ല . എന്നിരുന്നാലും എല്ലാ പ്രോജക്ടുകളും  ഡാറ്റാഎൻട്രി നടത്തി  പ്രോജക്ട് റിപ്പോർട്ട് ജനറേറ്റ് ചെയ്തിരിക്കണം

### 6.2 സംയുക്തപ്രോജക്ടുകൾ

(1) ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ വിഹിതം വകയിരുത്തി അതിൽ ഒരു തദ്ദേശഭരണസ്ഥാപനം മുഖ്യ പങ്കാളിയായി നിർവഹണം നടത്തുന്നതാണ് സംയുക്ത പ്രോജക്ട്.

(2) സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.

(3) പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുമ്പോൾ സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ടിന്റെ വിഭവ സ്രോതസ്സുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതാണ്.

(4) സംയുക്ത പ്രോജക്ടിന്റെ മുഖ്യ പങ്കാളിയാകുന്ന തദ്ദേശഭരണ സ്ഥാപനമാണ് വിശദമായ പ്രോജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ മറ്റ് പങ്കാളികൾ അവരുടെ വിഭവം കൈമാറുന്നതിന് സഹായകരമായ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്.

(5) തദ്ദേശഭരണ സ്ഥാപനങ്ങൾ കരട് പദ്ധതിരേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാതലത്തിൽ ഒരു യോഗം ചേരണം. ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാരും സെക്രട്ടറിമാരും നഗരസഭാ അദ്ധ്യക്ഷൻമാരും സെക്രട്ടറിമാരും പങ്കെടുക്കേണ്ടതായ പ്രസ്തുത യോഗം ജില്ലാ ആസൂത്രണസമിതിയാണ് വിളിച്ചു ചേർക്കേണ്ടത്.

(6) യോഗത്തിൽ നഗരസഭാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന സംയുക്ത പ്രോജക്ടുകളെ ചുവടെ വിവരിക്കുന്ന രീതിയിൽ 2 വിഭാഗങ്ങളായി തരംതിരിച്ച് അതത് പട്ടികകളിൽ രേഖപ്പെടുത്തണം.

(i) മറ്റു തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും തുക ലഭ്യമാക്കി ബന്ധപ്പെട്ട നഗരസഭ നിർവഹണം നടത്തുന്ന പ്രോജക്ടുകൾ (പട്ടിക 11)

(ii) മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക നൽകുന്ന പ്രോജക്ടുകൾ (പട്ടിക 1)

(7) മുകളിൽ പ്രതിപാദിച്ചിട്ടുള്ള പട്ടികകളിൽ ഉൾപ്പെടുന്ന പ്രോജക്ടുകളിൽ പങ്കാളികളാകുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സംയുക്ത യോഗത്തിൽ തീരുമാനിച്ച പ്രകാരം പ്രോജക്ടിൽ ഭേദഗതി വരുത്താതെയും, സുലേഖ സോഫ്റ്റ് വെയറിൽ പ്രോജക്ട് എൻട്രി വരുത്തണം

(8)സംയുക്ത പ്രോജക്ടിന്റെ വിഭവം വകയിരുത്തലും വിനിയോഗിക്കലും സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ 23.01.2017–ലെ ജി.ഒ.(പി)07/2017/ധനനമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

**6.4 നിർമ്മാണ പ്രോജക്ടുകൾ**

(1) നഗരസഭകൾ 1997–ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം ആയിരിക്കണം നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടത്. എല്ലാ നിർമ്മാണ പ്രവൃത്തികളുടേയും വിശദമായ എസ്റ്റിമേറ്റും മറ്റ് പ്രവർത്തനങ്ങളും PRICE സോഫ്റ്റ് വെയർ മുഖാന്തിരം ആയിരിക്കണം

(2) നിർമ്മാണ പ്രോജക്ടുകളിൽ കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ബന്ധപ്പെട്ട ഏജൻസികളോ നിർഷ്കർഷിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കേണ്ടതാണെന്ന് നിർവഹണ ഏജൻസിയുമായി/കരാറുകാരനുമായി ഏർപ്പെടുന്ന കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യണം.

(3) ടെണ്ടറുകൾക്ക് നിലവിലുള്ള എല്ലാ വ്യവസ്ഥകളും പാലിച്ച് മാത്രമേ നിർവഹണം നടത്തുവാൻ പാടുള്ളൂ

(4) കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒരു പ്രോജക്ട് തയ്യാറാക്കണം.

(5) പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമായി രൂപ കൽപന ചെയ്തുവേണം നിർവഹണം നടത്തേണ്ടത്.

**6.4 ബഹുവർഷ പ്രോജക്ടുകൾ**

(1) നിർവഹണത്തിന് ഒരു വർഷത്തിലധികം സമയം ആവശ്യമുള്ളവ, സാങ്കേതിക കാരണങ്ങളാൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ ഒന്നിലധികം വർഷങ്ങൾ വേണ്ടി വരുന്നവ എന്നിവയാണ് ബഹുവർഷ പ്രോജക്ടുകൾ

(2) ബഹുവർഷ പ്രോജക്ടിൽ ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിനു വേണ്ടി വരുന്ന അടങ്കൽ തുകയും വ്യക്തമായി രേഖപ്പെടുത്തി പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുക കണക്കാക്കണം.

(3) പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്നവ മാത്രമേ ബഹുവർഷ പ്രോജക്ടുകളായി ആവിഷ്ക്കരിക്കുവാൻ പാടുള്ളൂ.

(4) ബഹുവർഷ പ്രോജക്ടിന്റെ എല്ലാ ഘടകങ്ങളും ഒരുമിച്ച് തയ്യാറാക്കി, ആരംഭിക്കുന്ന വർഷം തന്നെ പരിശോധന നടത്തി സാങ്കേതികാനുമതി വാങ്ങുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്

### 6.6 സ്പിൽഓവർ പ്രോജക്ടുകൾ

(i) ഒരു പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കുകയും നിർവഹണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്താൽ മാത്രമേ അത് ഭരണസമിതി തീരുമാനപ്രകാരം സ്പിൽ ഓവർ പ്രോജക്ടായി പരിഗണിക്കേണ്ടതുള്ളൂ. എന്നാൽ നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും അത് സ്പിൽ ഓവർ പ്രോജക്ടായി ഭരണസമിതിക്ക് പരിഗണിക്കാവുന്നതാണ്

(ii) സ്പിൽഓവർ പ്രോജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്.

(iii)സ്പിൽഓവർ പ്രോജക്ടുകൾ നിശ്ചിത ഫോറത്തിൽ തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഡാറ്റാഎൻട്രി നടത്തേണ്ടതാണ്.

(iv) അംഗീകാരം ലഭിച്ച ഒരു പ്രോജക്ടിന്റെ പ്രവർത്തനങ്ങളിലോ അടങ്കൽ തുകയിലോ ഭേദഗതി വരുത്തി സ്പിൽഓവറായി നിശ്ചയിക്കുകയാണെങ്കിൽ അപ്രകാരം ഭേദഗതി വരുത്തി ഭരണസമിതി അംഗീകരിച്ചശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം തേടേണ്ടതുമാണ്. ഈ നടപടികൾ പാലിച്ചതിനുശേഷം മാത്രമേ പ്രോജക്ടിന്റെ നിർവഹണ പ്രവർത്തനങ്ങൾ തുടർന്നു നടത്തുവാൻ പാടുള്ളൂ.

(v) മുൻവർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ ഒരു ഭേദഗതിയും വരുത്താത്ത പ്രോജക്ടുകൾ നഗരസഭാ കൗൺസിൽ തീരുമാനപ്രകാരം സ്പിൽഓവർ പ്രോജക്ടായി ഉൾപ്പെടുത്തി നിർവഹണം തുടരാവുന്നതാണ്.

(vi) നിർമ്മാണ പ്രോജക്ടുകളുടെ സംഗതിയിൽ പ്രോജക്ടിന്റെ പൂർത്തിയാകാത്ത ഘടകങ്ങൾക്ക് വേണ്ടി പുതിയ പ്രോജക്ട് തയ്യാറാക്കാതെ, അത് സ്പിൽഓവർ പ്രോജക്ടായി പരിഗണിച്ച് അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതാണ്.

### 6.7 പ്രോജക്ടുകളുടെ മേഖലാ തരംതിരിവ്

ഉത്പാദനം, സേവനം, പശ്ചാത്തലം എന്നീ മൂന്ന് മേഖലകളിലായിട്ടാണ് പ്രോജക്ടുകൾ തരം തിരിക്കേണ്ടത്. ഓരോ മേഖലയിലും ഉൾപ്പെടുന്ന പ്രോജക്ടുകൾ ചുവടെ വിവരിക്കുന്ന പ്രകാരമായിരിക്കണം

**(1) ഉത്പാദന മേഖലാ പ്രോജക്ടുകൾ**

(i) കൃഷി, ജലവിതരണം നടത്തുന്നതിനുള്ള ജലസേചന പ്രവൃത്തികൾ, മണ്ണ്- സംരക്ഷണം. ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യബന്ധനം, പരമ്പരാഗത ചന്തകൾ, വ്യവസായം, ഊർജ്ജോത്പാദനം, ജൈവവള നിർമ്മാണം എന്നിവ ഉത്പാദന മേഖലാ പ്രോജക്ടുകളാണ്.

(ii) കൃഷി ഭവൻ, മത്സ്യഭവൻ, മൃഗാശുപത്രി,ക്ഷീര വികസന ഓഫീസിന് എന്നിവയുടെ കെട്ടിട നിർമ്മാണങ്ങളും അവയിൽ ഏർപ്പെടുത്തുന്ന വൈദ്യുതി, കുടിവെള്ളം, ഫർണിച്ചർ മുതലായ പശ്ചാത്തല സൗകര്യ വികസനവും ഉത്പാദന മേഖലയിൽ ഉൾപ്പെടുത്തണം.

**(2) സേവന മേഖലാ പ്രോജക്റ്റുകൾ**

വിദ്യാഭ്യാസം, കല, സംസ്ക്കാരം, കായിക വികസനം, യുവജനക്ഷേമം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, ഖരമാലിന്യ പരിപാലനം, ദ്രവമാലിന്യ പരിപാലനം, സാമൂഹ്യനീതി, പാർപ്പിടം, ഗാർഹിക വൈദ്യുതീകരണം, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ, ആശുപത്രി, സ്കൂൾ കെട്ടിടങ്ങൾ എന്നിവയും അവയ്ക്കാവശ്യമായ വൈദ്യുതി, കുടിവെള്ളം, ഫർണിച്ചർ മുതലായവ പ്രദാനം ചെയ്യുന്ന പ്രോജക്റ്റുകളും സേവന മേഖലയിൽ ഉൾപ്പെടുത്തണം.

**(3) പശ്ചാത്തല മേഖലാ പ്രോജക്റ്റുകൾ**

റോഡ്, പാലങ്ങൾ, ബസ് സ്റ്റാന്റുകൾ, ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ, നടപ്പാതകൾ, നടപ്പാലങ്ങൾ, ഉത്പാദന സേവന മേഖലയുമായി നേരിട്ട് ബന്ധമില്ലാത്ത ഓഫീസ് കെട്ടിടങ്ങൾ, ഓഫീസ് ആവശ്യത്തിനുള്ള വാഹനങ്ങൾ, ഓഫീസ് കെട്ടിടങ്ങളുടെ വൈദ്യുതീകരണം, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഓഫീസുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, പാർശ്വഭിത്തി സംരക്ഷണം, (തോടുകൾ, നീർച്ചാലുകൾ, കുളങ്ങൾ, ചോലകൾ എന്നിവയുടേതുൾപ്പെടെ) ഫാം റോഡ്, ട്രാക്ടർ റാമ്പ് എന്നിവ പശ്ചാത്തല മേഖലയിൽ കണക്കാക്കേണ്ടതാണ്.

## 7. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

1 നഗരസഭാ കൗൺസിൽ അന്തിമ പദ്ധതിരേഖയ്ക്ക് അംഗീകാരം നൽകുകയും പ്രോജക്റ്റുകൾ ഡാറ്റാഎൻട്രി നടത്തുകയും ചെയ്തു കഴിഞ്ഞാൽ വാർഷിക പദ്ധതിയുടെ അംഗീകാരത്തിന് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാവുന്നതാണ്. ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നത് പദ്ധതിക്കാണ്, പ്രോജക്റ്റുകളുടെ വിശദമായ പരിശോധന നടത്തി അംഗീകാരവും സാങ്കേതികാനുമതിയും നൽകേണ്ടത് അതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥരാണ്.

2 വാർഷിക പദ്ധതി അംഗീകാരത്തിന് ജില്ലാ ആസൂത്രണ സമിതിക്ക് ചുവടെ പ്രതിപാദിക്കുന്ന രേഖകൾ സമർപ്പിക്കണം.

(i) തദ്ദേശഭരണ സ്ഥാപനത്തിന്റെ അവസ്ഥാരേഖ (Status Report) ഹാർഡ് കോപ്പിയും സോഫ്റ്റ് കോപ്പിയും

(ii) പതിമൂന്നാം പഞ്ചവൽസര പദ്ധതിവികസന രേഖ (Development Report) (5 കോപ്പി)

(iii) വികസന സെമിനാറിൽ നൽകിയ കരട് പദ്ധതിരേഖ (2 കോപ്പി)

(iv) 2017– 18 വർഷത്തെ അന്തിമ പദ്ധതിരേഖ (20 കോപ്പി)

(v) തനത് ഫണ്ട് സംബന്ധിച്ച സെക്രട്ടറിയുടെ സ്റ്റേറ്റ്മെന്റ്

(vi) പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ഭരണ സമിതി തീരുമാനങ്ങൾ

(vii) ഓൺലൈൻ രീതിയിൽ നൽകേണ്ട രേഖകൾ .ഫോറം 1 മുതൽ 11 വരെ( ഐ.കെ.എം. ആപ്ലിക്കേഷൻ)

3 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി അംഗീകാരത്തിന് ജില്ലാ ആസൂത്രണ സമിതി ചുവടെ വിവരിക്കുന്ന കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതാണ്.

(i) പദ്ധതി രൂപീകരണ മാർഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

(ii) പദ്ധതി തയ്യാറാക്കിയിട്ടുള്ളത് പദ്ധതി വിഹിതത്തിന്റെ മേഖലാ വകയിരുത്തലിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ്.

(iii) തദ്ദേശഭരണ സ്ഥാപനം ആവിഷ്ക്കരിച്ചിട്ടുള്ള വികസന പരിപ്രേക്ഷ്യം, സമീപനം, തന്ത്രം എന്നിവ പ്രതിഫലിപ്പിക്കുന്ന തരത്തിലാണ് പ്രോജക്ടുകൾ രൂപീകരിച്ചിട്ടുള്ളത്

(iv) പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി) പട്ടികവർഗ ഉപപദ്ധതി (റ്റി.എസ്.പി) എന്നീ വിഭാഗങ്ങളിലെ പശ്ചാത്തല വികസന പ്രോജക്ടുകളോടൊപ്പം ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും സമർപ്പിച്ചിട്ടുണ്ട്

(v) പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പ്രോജക്ടുകളും ഡാറ്റാഎൻട്രി ചെയ്തിട്ടുണ്ട്.

4 ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും പദ്ധതിയേയും പ്രോജക്ടുകളേയും സംബന്ധിച്ച് ഒരു പരിശോധനാ റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയേറ്റ് തയ്യാറാക്കണം.

- പരിശോധനാ റിപ്പോർട്ടിൽ ചുവടെ പ്രതിപാദിക്കുന്ന കാര്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തണം.

(i) പദ്ധതിയും പ്രോജക്ടുകളും പരിശോധിക്കുന്നതിന് അനുപേക്ഷണീയമായ എല്ലാ രേഖകളും, അവ നൽകേണ്ടതായ രീതിയിൽ തന്നെ ലഭ്യമാക്കിയിട്ടുണ്ടോ?

(ii) പദ്ധതിരേഖയും പ്രോജക്ടുകളും തയ്യാറാക്കിയിട്ടുള്ളത് മാർഗരേഖയും നിബന്ധനകളും അനുവർത്തിച്ചുകൊണ്ടാണോ?

(iii) സ്റ്റാറ്റസ് റിപ്പോർട്ടിലെ ലഘു ഗുരുത്വ മുൻഗണന പ്രകാരമാണോ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്?

5 പരിശോധനാ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് പ്രോജക്ടുകളോടൊപ്പം സമർപ്പിച്ചിട്ടുള്ള സംഗ്രഹ റിപ്പോർട്ടുകൾ ആധാരമാക്കാവുന്നതാണ്.

6 പരിശോധനാ റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതി യോഗത്തിന്റെ മുഖ്യ കാര്യപരിപാടിയായി ഉൾപ്പെടുത്തണം.

7 ചുവടെ വിവരിക്കുന്ന സാഹചര്യങ്ങളിൽ പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകാൻ പാടില്ല.

(i) ആസൂത്രണ നടപടിക്രമങ്ങൾ പാലിക്കാതെ തയ്യാറാക്കിയിട്ടുള്ള വാർഷിക പദ്ധതികൾ

(ii) എല്ലാ വാർഡുകളിലും പദ്ധതി ആസൂത്രണ വാർഡ്സഭകൾ ചേരാതിരിക്കുക. ചില വാർഡുകളിൽ വാർഡ്സഭായോഗങ്ങൾ ചേർന്നെങ്കിലും ക്വാറം തികയാത്ത അവസ്ഥ ഉണ്ടാകുക.

(iii) പ്രഖ്യാപിത മത്സ്യ ഗ്രാമങ്ങൾ ഉള്ള നഗരസഭകളിൽ മത്സ്യസഭ യോഗം ചേരാതെ പദ്ധതി തയ്യാറാക്കുക.

(iv) ഊരുകൂട്ടയോഗങ്ങൾ ചേരാൻ ബാദ്ധ്യതയുള്ള നഗരസഭകൾ അപ്രകാരമുള്ള ഊരുകൂട്ടയോഗങ്ങൾ ചേരാതെ പദ്ധതിരേഖ തയ്യാറാക്കുക

(v) നിശ്ചിത ഘടനയും നിർദ്ദേശിച്ച ഉള്ളടക്കവുമില്ലാതെ പദ്ധതിരേഖ തയ്യാറാക്കുക.

(vi) നിർബന്ധിതമായും ഏറ്റെടുക്കേണ്ട എല്ലാ പ്രോജക്ടുകൾ ഏറ്റെടുക്കാതെയുള്ള പദ്ധതി

(viii) സർക്കാർ നിർദ്ദേശിച്ച തീയതിക്കുശേഷം പദ്ധതി അംഗീകാരത്തിനായി സമർപ്പിക്കുക.

**8 പ്രോജക്ടുകളുടെ പരിശോധനയും അംഗീകാരവും**

**8.1** ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിനുശേഷം പ്രോജക്ടുകൾ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർക്ക് സെക്രട്ടറി അയയ്ക്കേണ്ടതാണ്

**8.2 പ്രോജക്ട് വെറ്റിംഗ് ഓഫീസറുടെ ചുമതലകൾ**

പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥർ പ്രോജക്ടുകളിൽ ചുവടെ വിവരിക്കുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം.

(i) മാർഗരേഖയിൽ പ്രതിപാദിക്കുന്ന എല്ലാ നടപടിക്രമങ്ങളും (വാർഡ് സഭയുടേയും/ വികസന സെമിനാറിന്റേയും ശുപാർശകൾ ഉൾപ്പെടെ) പാലിച്ചു കൊണ്ടാണ് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

(ii) 1994–ലെ കേരളാ മുനിസിപ്പൽ ആക്ട്പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ വരുന്ന കാര്യങ്ങൾ നിർവഹിക്കുന്നതിനാണ് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

(iii) പദ്ധതി ആസൂത്രണ മാർഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും വ്യക്തമാക്കി യിട്ടുള്ള വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ടാണ് ഓരോ പ്രോജക്ടും തയ്യാറാക്കിയിട്ടുള്ളത്.

(iv) മരാമത്ത് ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന നടപടിക്രമങ്ങളും നിബന്ധനകളും മരാമത്ത് പണികൾ സംബന്ധിച്ച് ഈ മാർഗരേഖയിലെ നിർദ്ദേശങ്ങളും പാലിച്ചു കൊണ്ടാണ് നിർമ്മാണ പ്രവൃത്തി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

(v) സാങ്കേതിക പ്രോജക്ടുകൾ സാങ്കേതിക മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതും സാമ്പത്തിക ക്ഷമതയുള്ളതും ആണ്.

(vi) പ്രോജക്ടിൽ ചെലവിനങ്ങൾ നിശ്ചയിച്ചിട്ടുള്ളത് ഔചിത്യപൂർണ്ണവും പ്രവർത്തനങ്ങളുടെ ഘട്ട നിർണ്ണയം ന്യായവുമാണ്.

(vii) ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിതന്നെയാണ് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

**8.3 പ്രോജക്ട് വെറ്റിംഗ്**

(1) പ്രോജക്ട് തയ്യാറാക്കിയ നിർവഹണ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥനോ അല്ലെങ്കിൽ ആ മേലുദ്യോഗസ്ഥന്റെ ജില്ലാതല/സംസ്ഥാനതല ഉദ്യോഗസ്ഥൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആണ് പ്രോജക്ട് പരിശോധിച്ച് വിലയിരുത്തി അംഗീകാരം നൽകേണ്ടത്.

ഉദാ:– കൃഷി ഓഫീസർ തയ്യാറാക്കുന്ന കാർഷിക വികസന പ്രോജക്ട് മേലുദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് അംഗീകാരം നൽകണം.

(2) ഈ വ്യവസ്ഥയ്ക്ക് വിധേയമായി മുനിസിപ്പാലിറ്റികളുടെ പ്രോജക്ടുകൾ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ബന്ധപ്പെട്ട ജില്ല/സംസ്ഥാനതല ഉദ്യോഗസ്ഥൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആണ് അംഗീകാരം നൽകേണ്ടത്. കോർപ്പറേഷനുകളുടെ പ്രോജക്ടുകൾ അംഗീകാരം നൽകേണ്ടത് ബന്ധപ്പെട്ട വിഷയ മേഖലയിലെ സംസ്ഥാനതലത്തിലുള്ള ഉദ്യോഗസ്ഥനോ അല്ലെങ്കിൽ അവർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും.

(3) ഒരു പ്രോജക്ടിന് ഒരു ഉദ്യോഗസ്ഥൻ അംഗീകാരം നൽകേണ്ടത് ആ പ്രോജക്ട് തന്റെ കീഴുദ്യോഗസ്ഥൻ നിർവഹണം നടത്തുന്നതാണോ എന്നതനുസരിച്ചല്ല. അത് ഏത് വിഷയവുമായി ബന്ധപ്പെട്ട പ്രോജക്ടാണ് എന്നതനുസരിച്ചായിരിക്കണം.

ഉദാ: മത്സ്യമേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥൻ, മത്സ്യവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇല്ലാത്ത തദ്ദേശഭരണ സ്ഥാപനത്തിൽ, കൃഷി ഓഫീസറാണെങ്കിലും പ്രസ്തുത പ്രോജക്ടിന് അംഗീകാരം നൽകേണ്ടത് മത്സ്യവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനാണ്.

(4) ഒരു ഉദ്യോഗസ്ഥന് അംഗീകാരത്തിനായി ലഭിച്ച പ്രോജക്ട് തന്റെ സാങ്കേതിക വൈദഗ്ധ്യ പരിധിയിൽ വരുന്നതല്ലെങ്കിൽ അത് തിരിച്ചയക്കേണ്ടതാണ്.

(5) പരിശോധനാഘട്ടത്തിൽ, പ്രോജക്ടുകളിലെ അപാകതകൾ പരിഹരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ, അവർ ആവശ്യപ്പെടുകയാണെങ്കിൽ, പരിശോധിക്കുന്ന ഉദ്യോഗസ്ഥൻ സഹായിക്കേണ്ടതാണ്.

(6) ജില്ലാതലത്തിൽ പരിശോധിച്ച് അംഗീകാരം നൽകാൻ കഴിയാത്തതോ/ഉയർന്ന തലത്തിലെ അംഗീകാരം ആവശ്യമായതോ ആയ പ്രോജക്ടുകൾ ബന്ധപ്പെട്ട സംസ്ഥാനതല സ്ഥാപനങ്ങളിലേക്ക് (ഉദാ:ശുചിത്വമിഷൻ, അനർട്ട്, സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് തുടങ്ങിയവ) അംഗീകാരത്തിനായോ ശുപാർശക്ക് വേണ്ടിയോ അയച്ച് അംഗീകാരം/ശുപാർശ ലഭിച്ച ശേഷം മാത്രം പ്രോജക്ട് അംഗീകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നൽകേണ്ടതാണ്.

(7) ഒരു പ്രോജക്ടിന്റെ അനുയോജ്യത സംബന്ധിച്ച തീരുമാനമെടുക്കാൻ സ്ഥലം സന്ദർശനം ആവശ്യമാണെങ്കിൽ അപ്രകാരം ചെയ്ത് അനുയോജ്യമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

(8) അപാകതകളുള്ള ഒരു പ്രോജക്ട് അപാകതകൾ പരിഹരിച്ച അംഗീകാര യോഗ്യമാക്കാൻ കഴിയുന്നതാണെങ്കിൽ ആ പ്രോജക്ട് പരിശോധനാ വേളയിൽ തന്നെ അത് തയ്യാറാക്കിയ ഉദ്യോഗസ്ഥന് തിരിച്ചയച്ച്, അപാകതകൾ പരിഹരിച്ച് അംഗീകാരം നൽകാൻ ശ്രമിക്കേണ്ടതാണ്.

(9) ഒരു ഉദ്യോഗസ്ഥന് അംഗീകാരം നൽകുന്നതിനായി ലഭിച്ച പ്രോജ്ക്ട് തന്റെ ചുമതലാ പരിധിയിൽ ഉൾപ്പെടാത്തതോ, അംഗീകാരം നൽകുന്നതിന് മറ്റേതെങ്കിലും ഉദ്യോഗസ്ഥരുടെയോ സ്ഥാപനങ്ങളുടെയോ സമിതികളുടെയോ ശുപാർശ കൂടി ആവശ്യമാണെങ്കിലോ അക്കാര്യം രേഖപ്പെടുത്തി പ്രോജക്ട് തിരികെ നൽകേണ്ടതാണ്.

(10) അപാകതകളുള്ളതും നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായതുമായ ഒരു പ്രോജക്റ്റ് അംഗീകാരം നൽകാതെ നിരസിക്കുകയാണെങ്കിൽ നിരസിക്കുന്നതിനുള്ള കാരണം വ്യക്തമായി അതിൽ രേഖപ്പെടുത്തേണ്ടതാണ്. മാർഗരേഖയ്ക്ക് വിരുദ്ധം, അപ്രായോഗികം, നിയമാനുസൃതമല്ല, സർക്കാർ അനുമതിക്ക് വിധേയമായി എന്നിങ്ങനെ അവ്യക്തമായ കുറിപ്പുകൾ എഴുതാൻ പാടുള്ളതല്ല.

(11) പരിശോധനാവസരത്തിൽ പദ്ധതിയിലും പ്രോജക്ടുകളിലും കണ്ടെത്തുന്ന പോരായ്മകളും അപാകതകളും അതാത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

(12) പരിശോധനക്ക് പ്രോജക്ടുകൾ കൈമാറുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ അദ്ദേഹത്തിന് അനുവദിച്ചിട്ടുള്ള യൂസർ നെയിമിന്റേയും പാസ് വേർഡിന്റെയും സുരക്ഷിതത്വം ഉറപ്പ് വരുത്തേണ്ടതാണ്.

(13) പ്രോജക്ട് സമർപ്പിച്ച് ഒരാഴ്ചക്കകം വെറ്റിംഗ് ഓഫീസർക്കോ സാങ്കേതികാനുമതി നൽകാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനോ ആയതിന് അനുമതി നൽകാൻ കഴിയുന്നില്ലെങ്കിൽ അതിന്റെ കാരണം കാണിച്ച് പ്രോജക്ട് തിരിച്ചയയ്ക്കണം.

(14) പ്രോജക്ട് പരിശോധിച്ച് അംഗീകാരം നൽകുന്നതിന് മൂന്ന് രീതിയിലുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്.

(i) പദ്ധതി വിഹിതം ഡെപ്പോസിറ്റ് ചെയ്യുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ വേണ്ടിയുള്ള പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ആവശ്യമില്ല. പകരം അംഗീകാര യോഗ്യമാണെന്ന് നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം മാത്രം മതിയാകും.

ഉദാ: സർവശിക്ഷാ അഭിയാൻ (എസ്.എസ്.എ), രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ), എന്നീ പരിപാടികളുടെ പ്രോജക്ടുകൾക്ക് പരിശോധനയും അംഗീകാരവും ആവശ്യമില്ല.

(ii) നിർമ്മാണ പ്രവർത്തികളുടെ പ്രോജക്ടുകൾ ഒഴികെയുള്ള മറ്റ് പ്രോജക്ടുകൾക്ക് നിർവഹണ ഉദ്യോഗസ്ഥന്റെ തസ്തികയ്ക്ക് മുകളിലുള്ള ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നുള്ള അംഗീകാരം തേടേണ്ടതാണ്.

(iii) നിർമ്മാണ പ്രവൃത്തികൾക്ക് നിർവഹണ ഉദ്യോഗസ്ഥനായ എഞ്ചിനീയറുടെ തസ്തികയ്ക്ക് മുകളിലുള്ള എഞ്ചിനീയറിൽ നിന്ന് സാങ്കേതികാനുമതിക്കുള്ള സാമ്പത്തികാധികാരത്തിനു വിധേയമായി പ്രോജക്ട് അംഗീകാരവും സാങ്കേതിക അനുമതിയും വാങ്ങേണ്ടതാണ്.

(15) ഒരു നിർമ്മാണ പ്രവൃത്തിക്ക് കേരള ജല അതോറിട്ടി കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശഭരണ സ്ഥാപനത്തിന് നൽകണ്ടതും അതുപ്രകാരം തദ്ദേശഭരണ സ്ഥാപനം പ്രോജക്ട് തയ്യാറാക്കേണ്ടതുമാണ്. ഇത്തരം പ്രോജക്ടുകൾക്ക മേൽ ഉദ്യോഗസ്ഥരുടെ അംഗീകാരം ആവശ്യമില്ല. തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ.

(16) കൃഷി, നീർത്തട പരിപാലനം മുതലായ മഴക്കാലവുമായി ബന്ധപ്പെട്ട നടപ്പാക്കേണ്ടുന്നതായ പ്രോജക്ടുകൾക്ക് നിർവഹണ അനുമതി ഉചിത സമയത്തു തന്നെ നൽകുകയെന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആ വിഭാഗം പ്രോജക്ടുകൾക്ക് കാലതാമസം കൂടാതെ നിർവഹണ അനുവാദം നേടിയെടുക്കുകയെന്നത് നിർവഹണ ഉദ്യോഗസ്ഥന്റെ കടമയാണ്.

(17) ഏപ്രിൽ മേയ് മാസങ്ങളിൽ തന്നെ സ്കൂളിലെ അറ്റകുറ്റപണികൾ പൂർത്തീകരിക്കത്തക്ക വിധം അതുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

(18) പ്രോജക്ട് വെറ്റിംഗ് കാര്യക്ഷമമാക്കുന്നതിന് ആവശ്യാനുസരണം പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കാവുന്നതാണ്.

**8.4 നൂതന പ്രോജക്ടുകൾ ( Innovative Projects)**

(1) ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന പുതിയ വികസന ആശയങ്ങൾ ഉൾക്കൊള്ളുന്ന നൂതന പ്രോജക്ടുകൾ (Innovative Projects) പരിശോധിച്ച് വിലയിരുത്തുതിന് (appraisal) ജില്ലാതലത്തിൽ ഒരു വിദഗ്ധ സമിതിക്ക് ജില്ലാ ആസൂത്രണ സമിതി രൂപം നൽകേണ്ടതാണ്.

(2) ജില്ലാതല വിദഗ്ധ സമിതിയുടെ അദ്ധ്യക്ഷൻ ജില്ലാ കളക്ടറും കൺവീനർ ജില്ലാ പ്ലാനിംഗ് ഓഫീസറും ആയിരിക്കണം. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), നഗരകാര്യ റീജീയണൽ ജോയിന്റ് ഡയറക്ടർ, ജില്ലാ ഠൗൺ പ്ലാനിംഗ് ഓഫീസർ, ജില്ലാ ആസൂത്രണസമിതിയിലെ സർക്കാർ നോമിനി, പ്രോജക്ട് ഉൾപ്പെടുന്ന വികസന മേഖലയിലെ ജില്ലാതല ഉദ്യോഗസ്ഥൻ, ഒരു വിഷയ മേഖലാ വിദഗ്ധൻ എന്നിവർ കമ്മിറ്റിയിലെ അംഗങ്ങളായിരിക്കും.

(3) ജില്ലാ തല വിദഗ്ധ സമിതി പരിശോധിച്ച് വിലയിരുത്തുന്ന പ്രോജക്ടുകൾക്ക് നിയതമായ നടപടിക്രമങ്ങൾ പാലിച്ചുതന്നെ സാങ്കേതികാനുമതി നൽകേണ്ടതാണ്.

**8.5 നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ടുകൾക്ക് അംഗീകാരവും സാങ്കേതികാനുമതിയും**

(1) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരുടെ സാമ്പത്തിക അധികാരത്തിനു തുല്യമായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ എല്ലാ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർക്കും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകുന്ന ഉദ്യോഗസ്ഥന് അനുവദിച്ചിട്ടുള്ള സാമ്പത്തികാധികാര പരിധിയിൽ വരുന്ന തുകയ്ക്കുള്ള പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നൽകാവുന്നതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനു തന്നെ താൻ നിർവഹണം നടത്തുന്ന പ്രോജക്ടിനു ഒരു സാഹചര്യത്തിലും സാങ്കേതിക അനുമതി നൽകാവുന്നതല്ല.

(3) നിർവഹണ ഉദ്യോഗസ്ഥനായ എഞ്ചിനീയറുടെ ഉയർന്ന തസ്തികയിലുള്ള എഞ്ചിനീയറായിരിക്കണം സാങ്കേതികാനുമതി നൽകേണ്ടത്. എന്നാൽ സാങ്കതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക പരിധി പാലിക്കുകയും വേണം. എഞ്ചിനീയറുടെ സാമ്പത്തിക അധികാര പിരിധിക്കപ്പുറമുള്ള അടങ്കൽതുകയുടെ എസ്റ്റിമേറ്റാണ് സാങ്കേതികാനുമതിയ്ക്കായി ലഭിക്കുന്നതെങ്കിൽ അതിന് സാങ്കേതി

കാനുമതി നൽകാൻ പാടില്ല. മുകൾ തലത്തിലേക്ക് സാങ്കേതികാനു മതിയ്ക്കായി സമർപ്പിക്കുവാൻ നിർദ്ദേശം നൽകി തിരിച്ച് നൽകണം.

(4) സാങ്കേതികാനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാ രുടെ അധികാര പരിധി ചുവടെ വിവിരിക്കുന്നത് പ്രകാരമായിരിക്കുന്നതാണ്.

ഒറിജിനൽ എസ്റ്റിമേറ്റ്

| ക്രമ നം | വിഭാഗം | സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരപരിധി(തുക ലക്ഷം രൂപയിൽ ) | | |
|---|---|---|---|---|
| | | നിർമ്മാണ പ്രവൃത്തികൾ | | ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് ജോലികൾ |
| | | റോഡ് | കെട്ടിടം | |
| 1 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 15.00 | 15.00 | 2.00 |
| 2 | എക്സിക്യൂട്ടീവ് എഞ്ചീനീയർ | 50.00 | 100.00 | 6.50 |
| 3 | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 200.00 | 200.00 | പരിധിയില്ല |
| 4 | ചീഫ് എഞ്ചിനീയർ | പരിധിയില്ല | പരിധിയില്ല | -- |

(5) റിവൈസ്ഡ് എസ്റ്റിമേറ്റ് റീ കാസ്റ്റ് എസ്റ്റിമേറ്റ് എന്നിവയ്ക്ക് സാങ്കേതികാനുമതി നൽകുവാൻ ഓരോ തലത്തിലേയും എഞ്ചിനീയർമാർക്ക് അനുവദനീയമായ സാമ്പത്തിക അധികാര പരിധി ബാധകമാണ്.

(6) പ്രോജക്ട് തയ്യാറാക്കുന്ന ഉദ്യോഗസ്ഥനും നിർവഹണ അനുമതി/സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥനും ഒരേ തദ്ദേശഭരണ സ്ഥാപനത്തിലാണ് ജോലി ചെയ്യുന്നത് എന്നത് സാങ്കേതിക അനുമതി നൽകുന്നതിന് തടസ്സമല്ല.

(7) സാമ്പത്തിക അധികാര പരിധിക്ക് വിധേയമായി ചുവടെ വിവരിക്കുന്നതു പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ടുകൾക്ക് അംഗീകാരവും സാങ്കേതികാനുമതിയും നൽകാവുന്നതാണ്.

(1) അസിസ്റ്റന്റ് എഞ്ചിനീയർ മുനിസിപ്പൽ എഞ്ചിനീയറായിട്ടുള്ള മുനിസിപ്പാലിറ്റികളുടെ പ്രോജക്ടുകൾ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും (ഏത് ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർക്കാണ് ചുമതല എന്ന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ തീരുമാനിച്ച് നൽകുന്നതാണ്.) അംഗീകാരവും സാങ്കേതികാനുമതിയും വാങ്ങേണ്ടതാണ്.

(2) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുനിസിപ്പൽ എഞ്ചിനീയറായിട്ടുള്ള മുനിസിപ്പാലിറ്റി കളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾ മുനിസിപ്പാലി റ്റിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, അസ്സിറ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും അംഗീകാരവും സാങ്കേതികാനുമതിയും നൽകുന്നതാണ്.

(3) എക്സിക്യൂട്ടീവ് എഞ്ചിനീയർ മുനിസിപ്പൽ എഞ്ചിനീയറായിട്ടുള്ള മുനിസിപ്പാലിറ്റികളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾ മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾ മുനിസിപ്പാലിറ്റിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറും എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾ സൂപ്രണ്ടിംഗ് എഞ്ചിനീയറും (ഏത് സൂപ്രണ്ടിംഗ് എഞ്ചിനീയർക്കാണ് ചുമതല എന്നത് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ തീരുമാനിച്ച് നൽകുന്നതാണ്.) അംഗീകാരവും സാങ്കേതികാനുമതിയും നൽകുന്നതാണ്.

(4) മുനിസിപ്പൽ കോർപ്പറേഷനുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾ കോർപ്പറേഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾ കോർപ്പറേഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറും, എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾ സൂപ്രണ്ടിംഗ് എഞ്ചിനീയറും, സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറും അംഗീകാരവും സാങ്കേതികാനുമതിയും നൽകുന്നതാണ്.

(5) ഒന്നിലധികം എഞ്ചിനീയർമാർ നിർവഹണ ഉദ്യോഗസ്ഥരായി വരുന്ന നഗരസഭകളിൽ ഏതെല്ലാം ഉദ്യോഗസ്ഥരെ നിർവഹണ ഉദ്യോഗസ്ഥരാക്കണമെന്ന് കൗൺസിലിന് തീരുമാനിക്കാവുന്നതാണ്.

(6) ബിൽ തയ്യാറാക്കുക, സൂക്ഷ്മ പരിശോധന നടത്തുക (Scrutiny) മുതലായ ജോലികളുമായി നേരിട്ട് ബന്ധമുള്ള Drawing Branch-ലെ സാങ്കേതിക വിഭാഗം ജീവനക്കാരെ പ്രോജക്ട് നിർവഹണ ചുമതലയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

*കുറിപ്പ് - പ്രോജക്ട് അംഗീകാരത്തിന് ഖണ്ഡിക 8.3 ൽ പറയുന്ന നടപടിക്രമങ്ങൾക്ക് പുറമെ കോർപ്പറേഷനുകൾക്ക് കൗൺസിൽ തീരുമാനപ്രകാരം സാദ്ധ്യതയ്ക്കനുസരിച്ച് ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ അവലംബിക്കാവുന്നതാണ്.*

*(1) കാർഷിക മേഖലയിൽ കൃഷി ഓഫീസർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾക്ക് കോർപ്പറേഷനുകളിലെ തന്നെ ചുമതലയുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർ/കൃഷി ഡെപ്യൂട്ടി ഡയറക്ടർക്ക് അംഗീകാരം നൽകാവുന്നതാണ്.*

*(2) മൃഗസംരക്ഷണ മേഖലയിൽ വെറ്ററിനറി സർജൻ നിർവഹണം നടത്തുന്ന പ്രോജക്ടുകൾക്ക് സീനിയർ വെറ്ററിനറി സർജന് അംഗീകാരം നൽകാവുന്നതാണ്.*

*(3) സാമൂഹ്യനീതി മേഖലയിൽ ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾക്ക് ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർക്ക് അംഗീകാരം നൽകാവുന്നതാണ്.*

*(4) കോർപ്പറേഷനിലെ ഹെൽത്ത് ഇൻസ്പെക്ടർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾ കോർപ്പറേഷൻ ഹെൽത്ത് സൂപ്പർവൈസറും, ഹെൽത്ത് സൂപ്പർവൈസർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾ അഡീഷണൽ ഹെൽത്ത് ഓഫീസറും അഡീഷണൽ ഹെൽത്ത് ഓഫീസർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾ ഹെൽത്ത് ഓഫീസർക്കും അംഗീകാരം നൽകാവുന്നതാണ്. ഹെൽത്ത് ഓഫീസർ നിർമ്മാണം നടത്തുന്ന പ്രോജക്ടുകൾ ജില്ലാ മെഡിക്കൽ ആഫീസറിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്.*

*(5) ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണം നടത്തുന്ന പ്രോജക്ടുകൾക്ക് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അംഗീകാരം നൽകാവുന്നതാണ്.*

*(6) മുനിസിപ്പൽ സെക്രട്ടറി/കോർപ്പറേഷൻ സെക്രട്ടറി നിർവഹണം നടത്തുന്ന സദ്ഭരണം, ഐ.ടി മേഖല, വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/മറ്റ് ഏജൻസികൾ/മറ്റ തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് പണം കൈമാറുന്ന പ്രോജക്ടുകൾ, നഗരസഭകൾക്ക് ആസ്തി ആർജ്ജിക്കൽ (നിർമ്മാണ പ്രവൃത്തികൾ ഒഴികെ) എന്നീ വിഷയമേഖലാ പ്രോജക്ടുകൾ ഡെപ്യൂട്ടി സെക്രട്ടറി/അഡീഷണൽ സെക്രട്ടറിയെ നിർവഹണം ഏൽപ്പിക്കാവുന്നതും അങ്ങനെയുള്ള പ്രോജക്ടുകൾക്ക് സെക്രട്ടറിക്ക് അംഗീകാരം നൽകാവുന്നതാണ്.*

**8.6 പ്രോജക്ടുകളുടെ അനുമതി നിരീക്ഷണവും മോണിറ്ററിംഗും**

(1) അനുമതികൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വേണ്ടി ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ അദ്ധ്യക്ഷനായും ജില്ലാ കളക്ടർ സെക്രട്ടറിയായും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), നഗരഭരണ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ, ജില്ലാ ഓഫീസർ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർ, എന്നിവർ അംഗമായുള്ള ഒരു നിരീക്ഷണ സമിതി ഓരോ ജില്ലയിലും രൂപീകരിക്കേണ്ടതാണ്.

(2) നിരീക്ഷണ സമിതി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയ പ്രോജക്ട് അനുമതികൾ പരിശോധിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമായി ആവശ്യാനുസരണം യോഗം ചേരേണ്ടതാണ്.

(3) സമിതിയുടെ യോഗ മിനിറ്റ്സ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(4) കോർപ്പറേഷനുകളുടെയും ജില്ലാ പഞ്ചായത്തുകളുടേയും അനുമതിയുമായി ബന്ധപ്പെട്ട മോണിട്ടറിംഗ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി നിർവഹിക്കേണ്ടതാണ്.

## 9. പദ്ധതി നിർവഹണം

(1) പദ്ധതിരേഖയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരവും പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ നിർവഹണാനുമതിയും സാങ്കേതിക പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയും ലഭിച്ചു കഴിഞ്ഞാൽ ഭരണ സമിതിയോഗം ചേർന്ന് സാമ്പത്തികാനുമതി നൽകുന്ന (Financial Sanction) പ്രമേയം പാസ്സാക്കി പ്രോജക്ടുകൾ നിർവഹണ ഉദ്യോഗസ്ഥർക്ക് കൈമാറാവുന്നതാണ്.

(2) പ്രോജക്ട് രേഖയിൽ ഒരു നിർവഹണ കലണ്ടർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിർവഹണാനുമതി/സാങ്കേതികാനുമതി ലഭിച്ച പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പിന്റെ സഹകരണത്തോടെ ഓരോ പ്രോജക്ടിനും വസ്തുനിഷ്ഠമായ ഒരു നിർവഹണ കലണ്ടർ തയ്യാറാക്കണം

(3) എല്ലാ പ്രോജക്ടുകളുടേയും നിർവഹണ കലണ്ടറുകൾ ക്രോഡീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ഒരു നിർവഹണ പദ്ധതി തദ്ദേശഭരണസ്ഥാപനതലത്തിൽ തയ്യാറാക്കണം.

(4) തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും പ്രോജക്ട് നിർവഹണം മോണിട്ടർ ചെയ്യുന്നതിനും നിർവഹണ പദ്ധതി അവലംബമാക്കേണ്ടതാണ്.

(5) ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർശയോടെ തദ്ദേശഭരണ സ്ഥാപനത്തിന്റെ നിർവഹണ പദ്ധതി പ്രകാരം പ്രോജക്ട് നിർവഹണം നടത്തുവാൻ ഭരണസമിതി നിർദ്ദേശം നൽകേണ്ടതും നിർവഹണ ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

(6) നിർവഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവഹണം നടത്തുന്ന മറ്റെല്ലാ നിർവഹണ രീതികളിലും നിർവഹണ ഏജൻസിയുമായി/ സ്ഥാപനവുമായി/ കരാറുകാരനുമായി തദ്ദേശഭരണ സ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ്.

(7) നഗരസഭയക്ക് കൗൺസിൽ തീരുമാനപ്രകാരം നിർമ്മാണ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥരായി അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവരെ ലഭ്യതയനുസരിച്ച് നിയോഗിക്കാവുന്നതാണ്

(8) ചുമതലപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർവഹണ ചുമതല സെക്രട്ടറിക്കോ മറ്റ് അനുയോജ്യരായ ഉദ്യോഗസ്ഥർക്കോ തീരുമാനപ്രകാരം ഏൽപ്പിക്കാവുന്നതാണ്.

(9) പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് സമയബന്ധിതമായി പദ്ധതി നിർവഹണം ഉറപ്പുവരുത്തുന്നതിനായി ചില നിബന്ധനകൾ ഏർപ്പെടുത്തുന്നു. സാമ്പത്തിക

വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ പദ്ധതിയും പ്രോജക്ടുകളും എല്ലാം അംഗീകരിച്ച് നിർവഹണം ആരംഭിക്കേണ്ടതാണ്. അവസാന പാദത്തിൽ (ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ) പരമാവധി 30 ശതമാനം പദ്ധതി ചെലവ് മാത്രമേ അനുവദിക്കുകയുള്ളൂ. അതുപോലെ സാമ്പത്തിക വർഷാവസാന മാസം (മാർച്ച്) പരമാവധി 15 ശതമാനം മാത്രമേ പദ്ധതി ചെലവ് അനുവദിക്കുകയുള്ളൂ. ആയതിനാൽ ഓരോ പാദത്തിലും ചുരുങ്ങിയത് 25 ശതമാനം പദ്ധതികളെങ്കിലും നിർവഹണം പൂർത്തിയാക്കാൻ ലക്ഷ്യം വയ്ക്കേണ്ടതാണ്.

## 10 പരാതി പരിഹാര സംവിധാനങ്ങൾ

### 10.1 പ്രോജക്ട് അംഗീകാരവുമായി ബന്ധപ്പെട്ട പരാതികൾ

#### 10.1.1 ജില്ലാതല അപ്പലേറ്റ് കമ്മിറ്റി

(1) ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും പ്രോജക്ടുകൾക്ക് അനുമതി ലഭിക്കാത്തതിനെകുറിച്ച് പരാതികളുണ്ടെങ്കിൽ അത്തരം പരാതികളിൽ ജില്ലാ ആസൂത്രണ സമിതിക്ക് തീർപ്പുകൽപ്പിക്കുന്നതിനായി ശുപാർശ സമർപ്പിക്കാൻ ജില്ലാതലത്തിൽ ഒരു അപ്പലേറ്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ കമ്മിറ്റിയുടെ അദ്ധ്യക്ഷനും ജില്ലാ കളക്ടർ കൺവീനറുമായിരിക്കും.

(3) ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഗ്രാമവികസന അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), നഗരകാര്യ ജോയിന്റ് ഡയറക്ടർ, പരാതിയുള്ള പ്രോജക്ടിനെ കുറിച്ച് വിദഗ്ദ്ധോപദേശം നൽകാൻ ചുമതലപ്പെട്ട വകുപ്പിലെ/വകുപ്പുകളിലെ ജില്ലയിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥർ, ജില്ലാ ആസൂത്രണ സമിതിയിൽ സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ള മെമ്പർ എന്നിവരായിരിക്കും ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ.

(4) ആവശ്യമുള്ളപക്ഷം മറ്റ് വിദഗ്ദ്ധരേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഈ കമ്മിറ്റിയിലേക്ക് ക്ഷണിക്കാവുന്നതാണ്.

(5) അപ്പീൽ പരാതി ലഭിച്ചാൽ 14 ദിവസത്തിനകം ഈ കമ്മിറ്റി യോഗം ചേർന്ന് പരാതിസംബന്ധിച്ച് കമ്മിറ്റിയുടെ ശുപാർശ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(6) അപ്പലേറ്റ് കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ചുകൊണ്ട് ജില്ലാ ആസൂത്രണ സമിതിക്ക് പരാതിയെക്കുറിച്ച് തീർപ്പു കൽപ്പിക്കാവുന്നതാണ്.

(7) അപ്പീൽ ലഭിച്ചു എന്നതുകൊണ്ട് മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ പ്രോജക്ടുകൾക്ക് അപ്പലേറ്റ് കമ്മിറ്റി അനുമതി ശുപാർശ നൽകാൻ പാടില്ല.

### 10.2 സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി

(1) പ്രോജക്ടുകൾക്ക് അനുമതി ലഭിക്കുന്നതിനെക്കുറിച്ച് ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടേയും പരാതികൾ പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് ശുപാർശ നൽകുന്നതിനായി സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കൺവീനർ സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫും ആയിരിക്കും. സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയിലേയ്ക്ക് ബന്ധപ്പെട്ട വികസന വകുപ്പ് ഡയറക്ടറേയും ക്ഷണിക്കേണ്ടതാണ്.

(3) മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ഒരു പ്രോജക്ടിനും സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി അനുമതി ശുപാർശ നൽകാൻ പാടില്ല.

(4) പ്രോജക്റ്റിന് അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥരോ അപ്പലേറ്റ് കമ്മിറ്റികളോ ഉപാധികൾ രേഖപ്പെടുത്തിക്കൊണ്ട് ഒരു പ്രോജക്ടിന് അംഗീകാരം നൽകുവാനോ അംഗീകാര ശുപാർശ നൽകുവാനോ പാടില്ല.

(5) ഒന്നുകിൽ അംഗീകരിക്കുക അല്ലെങ്കിൽ നിരസിക്കുക എന്നതാണ് കമ്മിറ്റികളുടെ ചുമതല. നിരസിക്കുന്ന കാര്യത്തിൽ അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തേണ്ടതും പ്രോജക്ടിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയാൽ അംഗീകാര യോഗ്യമാകുമെന്ന് സൂചിപ്പിക്കേണ്ടതുമാണ്.

(6) ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ നിരസിച്ച പ്രോജക്ടിന് അപ്പീൽ കമ്മിറ്റിയുടെ അനുകൂല ശുപാർശയുണ്ടെങ്കിൽ മാത്രമേ ജില്ലാ ആസൂത്രണ സമിതി അനുമതി നൽകാവൂ.

### 10.3 ജില്ലാ ആസൂത്രണ സമിതി തീരുമാനത്തിന്മേലുള്ള പരാതികൾ

(1) ജില്ലാ ആസൂത്രണ സമിതി തീരുമാനത്തിനുശേഷം പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ടോ പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടുകളുടെ അനുമതിയുമായി ബന്ധപ്പെട്ടോ ഒരു തദ്ദേശഭരണ സ്ഥാപനത്തിന് പരാതിയുണ്ടെങ്കിൽ അപ്രകാരമുള്ള പരാതി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഖേന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(2) നടപടി ക്രമങ്ങൾ പരിശോധിച്ച് അങ്ങനെയുള്ള പരാതികളിൽ കോ-ഓർഡിനേഷൻ സമിതി തീർപ്പ് കൽപ്പിക്കുന്നതാണ്.

(3) ജില്ലാ ആസൂത്രണ സമിതിയുടെ തീരുമാനത്തിന് ശേഷമല്ലാതെ പദ്ധതി/പ്രോജക്ട് അംഗീകാരവുമായി ബന്ധപ്പെട്ട ഒരു പരാതിയും സംസ്ഥാന സർക്കാരിന്റെ തീർപ്പിനായി സമർപ്പിക്കുവാൻ പാടുള്ളതല്ല.

## 11 വിഭവ സമാഹരണവും വകയിരുത്തലും സംബന്ധിച്ച അധിക നിർദ്ദേശങ്ങൾ

### 11.1 പൊതു നിർദ്ദേശങ്ങൾ

(1) ജനകീയ സംഘടനാ സംവിധാനങ്ങളായ പി.ടി.എ–കൾ, എച്ച്.എം.സി–കൾ പാടശേഖര സമിതികൾ, നീർത്തട സമിതികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് ജനകീയ സംഘടനകൾ മുതലായവയിലൂടെ സമാഹരിക്കാൻ കഴിയുന്ന വിഭവ സമാഹരണ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

(2) സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രോജക്ടുകൾക്ക് വേണ്ടി വിവിധ സ്ഥാപനങ്ങൾ ഫണ്ട് വകുയിരുത്താറുണ്ട്. (ഉദാഃ Corporate Social Responsibility Fund – CSR Fund) ആ വക ഫണ്ട് തദ്ദേശഭരണ സ്ഥാപനം മുഖേന ചെലവഴിക്കപ്പെടുന്നതിന് പ്രോജക്ട് തയ്യാറാക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

(3) 1994–ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തനത് ഫണ്ടിൽ നിന്ന് നിർവഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റി വച്ചശേഷം മിച്ചമുള്ള തുകയാണ് തനത് ഫണ്ട് എന്ന സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. എന്നിരുന്നാലും തനതുഫണ്ടിൽ നിന്ന് അനിവാര്യചെലവുകൾ കഴിച്ച് ബാക്കിയുള്ള തുകയുടെ പരമാവധി 25 ശതമാനം പദ്ധതിയിൽ ഉൾപ്പെടുത്താതെ, എന്നാൽ നടപടിക്രമങ്ങൾ പാലിച്ച്, തദ്ദേശഭരണ സ്ഥാപനത്തിന്റെ അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾക്ക് വിനിയോഗിക്കാവുന്നതാണ്.

(4) മേൽ വിവരിച്ചത് ഒഴികെയുള്ള തനത് ഫണ്ട് പദ്ധതിയുടെ വിഭവസ്രോതസ്സായി വകയിരുത്തണം. ഇങ്ങനെ പദ്ധതിയിൽ വകയിരുത്തേണ്ട തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതിയിൽ ഉൾപ്പെടുത്താതെ നിർമ്മാണ പ്രവൃത്തികൾ ചെയ്യാൻ പാടില്ല. അങ്ങനെ ചെയ്യുന്ന പ്രവൃത്തികൾക്ക് ബന്ധപ്പെട്ട എഞ്ചിനീയർ സാങ്കേതികാനുമതി നൽകാനും പാടില്ല.

(5) 2016–17 വാർഷിക പദ്ധതിയിൽ ചെലവഴിച്ച തനത് ഫണ്ട് തുകയുടെ 15 ശതമാനത്തിൽ അധികരിച്ച തുക 2017–18 വാർഷിക പദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഓഡിറ്റ് ചുമതലയുള്ള ജില്ലാ/മേഖലാ/സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം മുൻകൂട്ടി വാങ്ങേണ്ടതാണ്. ഇത് ഖണ്ഡിക 3–ൽ പറഞ്ഞിട്ടുള്ള 25 ശതമാനം ഉൾപ്പെടെയുള്ളതാണ്

(6) വിഭവ സ്രോതസ്സിൽ തനത് ഫണ്ട് രേഖപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടിയ പ്രോജക്ടുകളിൽ യാതൊരു കാരണവശാലും വിഭവ സ്രോതസ്സ് മാറ്റാൻ പാടില്ല. അപ്രകാരമുള്ള പ്രോജക്ട് ഭേദഗതികൾ ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകാൻപാടില്ല.

### 11.2 വിഭവങ്ങൾ കണക്കാക്കൽ

(1) തനത് വരുമാനത്തിലെ മിച്ചവും ബാങ്ക് വായ്പയും അമിത പ്രതീക്ഷയില്ലാതെ യുക്തിസഹമായ രീതിയിലായിരിക്കണം കണക്കാക്കേണ്ടത്.

(2) വിഭവങ്ങൾ വിനിയോഗിക്കുന്നതിൽ പരമാവധി കാര്യക്ഷമതയും മിതവ്യയവും പാലിക്കണം. ഫലപ്രദമല്ലാത്തതോ പാഴ്ചെലവ് വരുത്തുന്നതോ ആയ പ്രോജക്ടുകൾ ഒഴിവാക്കണം.

### 11.3 അനിവാര്യ വകയിരുത്തലുകൾ

വികസനഫണ്ടിൽ നിന്നും നിർബന്ധമായും വിഹിതം നീക്കി വയ്ക്കേണ്ടതായ ഇനങ്ങൾ ചുവടെ നൽകുന്നു.

(1) അങ്കണവാടി പോഷകാഹാര വിതരണം

അങ്കണവാടികളിൽ വരുന്ന കുട്ടികൾക്ക് പൂരകപോഷകാഹാരം, ടി.എച്ച്.ആർ.എസ്. കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, എന്നിവർക്ക് പോഷകാഹാരം, സബല, സർക്കാർ തീരുമാനിക്കുന്ന മറ്റ് പോഷകാഹാര വിതരണ പരിപാടി എന്നിവയ്ക്കെല്ലാം കൂടി ഒരു പ്രോജക്ട് മാത്രം തയ്യാറാക്കണം. (ഒരേ വിഷയമേഖലയിൽ ഒന്നിലധികം നിർവഹണ ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ പ്രോജക്ട് വിഭജിച്ച് നൽകാൻ പാടില്ല.)

- അങ്കണവാടികളിലെ പോഷകാഹാര വിതരണത്തിൽ ഗുണഭോക്താക്കളാകുന്ന പട്ടികജാതി സമുദായത്തിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്ന ആഹാരത്തിന്റെ ചെലവ് നഗരസഭയുടെ പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്നും പട്ടിക വർഗ വിഭാഗത്തിലെ കുട്ടികൾക്ക് ഭക്ഷണ വിതരണം നടത്തുന്നതിനുള്ള ചെലവ് പട്ടിക വർഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്.
- എസ്എ.എസ്., ആർനിശ്ചയിക്കു ർ സർക്കാഎ പ്രോജക്ടുകൾക്ക്.എസ്.എം.ന്ന വിഹിതം നൽകൽ:– എസ് ,.എ.എസ്.ആർ എ പ്രോജക്ടുകളുടെ വിഹിതങ്ങളിൽ.എസ്.എം. വേണ്ടി ചെലവഴിക്കുന്ന തുക യഥാക്രമം കൾക്ക് വിദ്യാർത്ഥിപട്ടിക വർഗ ,പട്ടികജാതി ഉപപദ്ധതിവിഹിതത്തിൽനിന്നും പട്ടിക വർഗ പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നത◌ാണ്.

(3) പാലിയേറ്റീവ് കെയർ പ്രോജക്ടിനുള്ള വിഹിതം

(4) ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും

(5) പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് (പി.എം.എ.വൈ) അധിക വിഹിതം.

(6) ആശ്രയ പ്രോജക്റ്റ് വിഹിതം

(7) ഇൻഫർമേഷൻ കേരള മിഷന് സർക്കാർ നിശ്ചയിക്കുന്ന തുക

**11.4 വിഭവങ്ങളുടെ മേഖലാ വിഭജനം നിശ്ചയിക്കൽ**

പൊതു വിഭാഗം, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ ഉപപദ്ധതി എന്നീ വിഭവങ്ങൾ ഉത്പാദനം, സേവനം, പശ്ചാത്തലം മുതലായ മേഖലകൾക്ക് വിഭജിച്ച് വകയിരുത്തുന്നതിന് ചുവടെ വിവരിക്കുന്ന നിബന്ധനകൾ പാലിക്കണം.

(1) പൊതുവിഭാഗം വികസനഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം.

(2) പൊതു വിഭാഗം വികസന ഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 15 ശതമാനമെങ്കിലും മാലിന്യ സംസ്ക്കരണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരളം മിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തണം. മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകളും പ്ലാസ്റ്റിക് ഷ്രെഡിംഗ്, ബെയ് ലിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിന് വകയിരുത്തണം.

(3) പൊതുവിഭാഗം വികസനഫണ്ടിന്റെ 50 ശതമാനത്തിലധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല. പശ്ചാത്തല മേഖലയിൽ വകയിരുത്തുന്ന വികസന ഫണ്ടിന്റെ 10 ശതമാനം തുക എങ്കിലും നഗര സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി റോഡ്ഫർണിച്ചർ, ചത്വരങ്ങൾ, പാർക്ക്, കാൽനടക്കാർക്കുള്ള സൗകര്യം, വാഹന പാർക്കിംഗ് മുതലായ സംവിധാനം രൂപപ്പെടുത്തുന്നതിനും ഗതാഗത പരിഷ്കരണങ്ങൾക്കും വിനിയോഗിക്കേണ്ടതാണ്.

(4) പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി) വിഹിതത്തിന്റെ 30 ശതമാനത്തിലധികം പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല.

(5) പട്ടികവർഗ ഉപപദ്ധതി (റ്റി.എസ്.പി) വിഹിതത്തിന്റെ 30 ശതമാനത്തിൽ അധികം പശ്ചാത്തല മേഖലയക്ക് വകയിരുത്താൻ പാടില്ല.

(6) പൊതു വിഭാഗം വികസനഫണ്ട്, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനമെങ്കിലും കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗ വിഭാഗം എന്നിവരുടെ വികസനത്തിനും വകയിരുത്തണം.

(7) പൊതു വിഭാഗം വികസനഫണ്ട്, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനമെങ്കിലും വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.

(8) നഗരസഭകൾ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം.

## 12 വികസന മേഖലകൾക്കുള്ള നിർദ്ദേശങ്ങൾ, നിബന്ധനകൾ

വിവിധ വികസന മേഖലകൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ ചുവടെ നൽകുന്നു അവ കഴിയുന്നിടത്തോളം പാലിച്ചുകൊണ്ടായിരിക്കണം ഓരോ വികസന മേഖലയിലേയും പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്.

### 12.1.1 കാർഷിക മേഖല

(1) മണ്ണ് ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം, വനവത്ക്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കണം.

(2) പ്രോജക്ടുകൾക്ക് സംയോജിത നീർത്തട പരിപാലന സമീപനം ഉണ്ടായിരിക്കണം

(3) ഭക്ഷ്യവിളകളുടെ വിളവിസ്തൃതിയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ അനുയോജ്യ മായ പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണം.

(4) ജൈവകൃഷിയും ജൈവവളങ്ങളുടേയും ജൈവകീടനാശിനികളുടേയും ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾക്ക് പരിഗണന നൽകണം

(5) നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിന് നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകാവുന്ന താണ്. 2 ഹെക്ടർവരെ നെൽകൃഷിയുള്ള എല്ലാ കർഷകരും സബ്സിഡിക്ക് അർഹരാണ്.

(6) കാർഷിക വിളകളുടെ മൂല്യ വർദ്ധിത ഉത്പ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ രൂപീകരിക്കണം

(7) പഴം, പച്ചക്കറി എന്നിവയുടെ വിപണനത്തിന് പരമ്പരാഗത ചന്തകൾ, നാടൻ ചന്തകൾ, മറ്റ് വിപണന സംവിധാനങ്ങൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിത മാക്കണം.

(8) പഴം, പച്ചക്കറി ഉത്പാദന കൗൺസിൽ (VFPCK), ഹോർട്ടികൾച്ചർ കോർപ്പറേഷൻ (HORTICORP) മുതലായ ഏജൻസികൾ ആരംഭിക്കുന്ന കാർഷിക വിഭവ സംഭരണ വിപണന കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(9) കാർഷിക പദ്ധതികൾ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തണം.

(10) തരിശുഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി ചെയ്യാതെ ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും നഗരസഭകൾ പരമാവധി ശ്രദ്ധ നൽകണം

(11) സ്വകാര്യ ഭൂമിയിലും പൊതു സ്ഥലങ്ങളിലും ഫല വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ വൃക്ഷതൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും തൈകൾ നട്ടു വളർത്തുന്നതിനും അനുയോജ്യമായ പ്രവർത്തനങ്ങൾ അയ്യങ്കാളി തൊഴിലുറപ്പ പദ്ധതിയിൽ സാദ്ധ്യതയ്ക്കനുസരിച്ച് ഏറ്റെടുക്കേണ്ടതാണ്.

(12) തൊടികളിലും പൊതു സ്ഥലങ്ങളിലും മഴവെള്ളം ഭൂമിയിലേയ്ക്ക് കിനിഞ്ഞിറങ്ങുന്നതിന് മഴക്കുഴികളും സമാനമായ നിർമ്മിതികളും ഒരുക്കുന്നതിന് തൊഴിലുറപ്പപദ്ധതി പരമാവധി പ്രയോജനപ്പെടുത്തണം.

(13 )ഓരോ ദേശത്തിന്റേയും ഭൂപരിസ്ഥിതിയനുസരിച്ച് വ്യത്യസ്ത ഉപാധികളിലൂടെ മഴവെള്ളം ഫലപ്രദമായി സംഭരിക്കുന്ന പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കണം.

(14) സംഘകൃഷിക്ക് ഗ്രൂപ്പുകൾ സംഘടിപ്പിച്ച് സ്ഥലം പാട്ടത്തിനെടുത്ത് ഭൂമി ഒരുക്കി ജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണം.

(15) കർഷകരുടെ കൂട്ടായ്മകൾ : രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കർഷക കൂട്ടായ്മകൾ മുഖേന ഉത്പന്ന സംഭരണം, പ്രാഥമിക സംസ്കരണം, വിപണനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.

(16) ഓരോ വിളകൾക്കായോ, പച്ചക്കറി വിളകൾക്ക് എല്ലാത്തിനുമായോ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന കാർഷിക ഉല്പാദന കമ്പനികൾ ( Farmer Producer Companies) മുഖേന ഉത്പന്ന വൈവിദ്ധ്യവൽക്കരണ, സംസ്കരണ, വിപണന, കയറ്റുമതി പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ

**12.2 മൃഗസംരക്ഷണം, ക്ഷീര വികസനം**

(1) പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നതായിരിക്കണം പ്രോജക്ടുകളുടെ ലക്ഷ്യം.

(2) മുഖ്യതൊഴിലായോ ഉപതൊഴിലായോ മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ വിഭാവനം ചെയ്യണം

(3) കാലിതൊഴുത്ത് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം മുതലായവ സാദ്ധ്യതയ്ക്കനുസരിച്ച് തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്. തൊഴിലുറപ്പ പദ്ധതിയിൽ ചെയ്യാൻ പറ്റാത്ത കാര്യങ്ങൾക്കായിരിക്കണം വികസനഫണ്ട് വകയിരുത്തേണ്ടത്.

(4) വായ്പാബന്ധിത പ്രോജക്ടുകളിൽ ബാക്ക് എൻഡഡ് സബ്സിഡി നൽകുന്ന രീതി അവലംബിക്കണം.

(5) മൃഗസംരക്ഷണ വകുപ്പിന്റെ പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിക്ക് (Special Live Stock Breeding Programme) ആവശ്യമായ വിഹിതം നഗരസഭകൾക്ക് വകയിരുത്താവുന്നതാണ്.

(6) അറവുശാലകൾ ഇല്ലാത്ത എല്ലാ നഗരസഭകളിലും ആധുനിക അറവുശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഈ പദ്ധതി കാലയളവിൽ സ്വീകരിക്കേണ്ടതാണ്.

(7) അത്യാവശ്യ സന്ദർഭങ്ങളിൽ നഗരസഭയുടെ നിയന്ത്രണത്തിൽ വരുന്ന മൃഗാശുപത്രി കളിലേയ്ക്ക് മരുന്നു വാങ്ങുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ (DAHO) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നിർബന്ധമാണ്.

(8) ക്ഷീരവികസന സംഘങ്ങൾ മുഖേന ക്ഷീരകർഷകരിൽ നിന്ന് പാൽ സംഭരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ക്ഷീര സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പ്രോജക്ടുകളും നഗരസഭയ്ക്ക് ഏറ്റെടുക്കാവുന്നതാണ്.

### 12.3 ചെറുകിട ജലസേചനം

(1) ജലസേചന പ്രോജക്ടുകൾക്ക് കൃഷി ഓഫീസറുടെ ആയക്കെട്ട് സർട്ടിഫിക്കറ്റ് നിർബന്ധമായും ഉണ്ടായിരിക്കണം

(2) കുടുംബശ്രീ– സംഘകൃഷി ഗ്രൂപ്പുകൾ മുഖേന ബാങ്ക് വായ്പ ബന്ധപ്പെടുത്തിയുള്ള ഉത്പാദന പ്രോജക്ടുകൾക്ക് രൂപം നൽകാവുന്നതാണ്. ഇത്തരം ഗ്രൂപ്പുകൾക്ക് വിത്ത്, ജൈവവളം എന്നിവ നൽകാനും വിപണന സൗകര്യം ഒരുക്കുന്നതിനും പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.

(3) ജലസേചന പ്രോജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖര സമിതി/കർഷക കൂട്ടായ്മ/ഗുണഭോക്തൃസമിതിയുടെ ചുമതലയായി പ്രോജക്ടിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.

(4) മണ്ണ്, ജലസംരക്ഷണ പ്രവൃത്തികൾ, പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വനവൽക്കരണ പ്രവൃത്തികൾ എന്നിവ സാധ്യതയ്ക്ക് അനുസരിച്ച് അയ്യൻകാളി തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണം നടത്തണം.

### 12. 4 മത്സ്യബന്ധനം

(1) മത്സ്യ സമ്പത്തിന്റെ സുസ്ഥിര പരിപോഷണവും പരമ്പാരാഗത മത്സ്യ തൊഴിലാളികളുടെ ഉപജീവനവും നിലനിൽപ്പും ഉറപ്പുവരുത്തുകയായിരിക്കണം മത്സ്യ മേഖലാ വികസനത്തിലെ മുഖ്യ പരിഗണന

(2) മത്സ്യമേഖലയിൽ തൊഴിലുറപ്പ് പദ്ധതിപ്രകാരം ചെയ്യാൻ കഴിയാത്ത പ്രവർത്തന ങ്ങളാണ് വികസനഫണ്ട് ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടത്.

(3) മത്സ്യമേഖല ഉൾപ്പെടുന്ന നഗരസഭകളിൽ പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് ആശ്രയ മാതൃകയിൽ പ്രോജക്ടുകൾ ആവിഷ്ക്കരിക്കാവുന്നതാണ്.

### 12.5 ചെറുകിട വ്യവസായങ്ങളും പരിശീലനവും

### 12.5.1 ചെറുകിട വ്യവസായങ്ങൾ

(1) കാർഷികവികസനം, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം എന്നീ മേഖലകളിലെ ഉത്പന്നങ്ങൾ മൂല്യവർദ്ധിതമായി രൂപാന്തരപ്പെടുത്തി അവയുടെ വിപണനം പ്രോത്സാഹിപ്പിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കണം.

(2) സംരംഭകത്വ വികസനത്തിൽ നൈപുണ്യ വികസനം പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ ആവിഷ്ക്കരിക്കണം

(3) പരമ്പരാഗത വ്യവസായങ്ങൾ നവീന ശാസ്ത്ര സാങ്കേതിക ഉപാധികൾ ഉപയോഗിച്ച് ആധുനികവൽക്കരിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കണം.

(4) കുടുംബശ്രീയുടെ സംരംഭ വികസനം/നൈപുണ്യ വികസനം എന്നീ പരിപാടികളുമായി സംയോജിപ്പിച്ച് സംരംഭക പ്രോജക്ടുകൾക്ക് രൂപം നൽകാവുന്നതാണ്.

(5) പരിസ്ഥിതിക്ക് അനുയോജ്യവും ലളിതമായ വൈദഗ്ധ്യ പ്രയോഗത്താൽ പ്രവർത്തിപ്പിക്കുവാൻ സാധ്യതയുള്ളതുമായ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

### 12.5.2 സൂക്ഷ്മ സംരംഭങ്ങൾ

(1) പ്രവാസികളുടെ പുനരധിവാസത്തിന് നോർക്ക വകുപ്പുകളടക്കമുള്ള സർക്കാർ, അർദ്ധസർക്കാർ ഏജൻസികളുമായി സഹകരിച്ചോ, സ്വന്തം നിലയിലോ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. അത്തരം പ്രോജക്ടുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനും വായ്പാ പദ്ധതികളിലെ പലിശയ്ക്ക് ഇളവ് നൽകുന്നതിനുമുള്ള വ്യവസ്ഥകൾ സബ്സിഡി ഉത്തരവിൽ ചേർത്തിട്ടുണ്ട്.

(2) പ്രാദേശിക വിഭവസമ്പത്ത് ഫലപ്രദമായി വിനിയോഗിക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉത്പാദന യൂണിറ്റുകളും സൂക്ഷ്മ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കണം.

(3) എല്ലാ തൊഴിൽ സംരംഭക പ്രോജക്ടുകളും വായ്പാബന്ധിത പ്രോജക്ടുകളായി ആവിഷ്ക്കരിക്കേണ്ടതാണ്.

(4) തൊഴിൽ സംരംഭങ്ങളിൽ മുൻപിൻ ബന്ധങ്ങൾ ഉറപ്പുവരുത്തണം.

(5) സംരംഭ വികസനത്തിന് കുടുംബശ്രീ പരിപാടികളുമായി ബന്ധിപ്പിച്ച് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

(6) സ്വയംതൊഴിൽ സംരംഭം ആരംഭിക്കാനുദ്ദേശിക്കുന്ന വ്യക്തി/ഗ്രൂപ്പ്, ആരംഭിക്കാനുദ്ദേശിക്കുന്ന സംരംഭത്തെക്കുറിച്ച് ഒരു വിവരണം (പ്രോജക്ട്) ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം നഗരസഭയിൽ സമർപ്പിക്കണം.

### 12.5.3 തൊഴിൽ പരിശീലനങ്ങൾ

(1) തൊഴിൽ സംരംഭഗ്രൂപ്പുകളിലെ 18-നും 50-നും മദ്ധ്യേ പ്രായമുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾക്ക് അവർ ഏർപ്പെട്ടിട്ടുള്ള തൊഴിൽ മേഖലയിൽ പരിശീലനം നൽകാവുന്നതാണ്.

(2) പരിശീലനം നേടാൻ താൽപര്യമുള്ളവർ പ്രായം, വിദ്യാഭ്യാസ യോഗ്യത, പരിശീലനം ആവശ്യമുള്ള മേഖല എന്നിവ വ്യക്തമാക്കി നഗരസഭകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതും അതുപ്രകാരം പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

(3) കേന്ദ്ര-സംസ്ഥാന വികസന വകുപ്പുകളോ അവയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളോ മുഖേന മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന തൊഴിൽ പരിശീലനം നടത്തുവാൻ പാടുള്ളൂ.

(4) കുടുംബശ്രീയുടെ സംരംഭ വികസനം/ നൈപുണ്യ വികസനം എന്നീ പരിപാടികളുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾക്ക് രൂപം നൽകാവുന്നതാണ്.

(5) പരിശീലന ചെലവിന്റെ 10 ശതമാനം തുക പരിശീലനാർത്ഥിയുടെ വിഹിതമായി പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണം.

(6) പരിശീലനാർത്ഥികൾക്ക് യാത്രാ ബത്തയ്ക്കോ സ്റ്റൈപ്പന്റിനോ അർഹത ഉണ്ടായിരിക്കുന്നതല്ല.

(7) നൈപുണ്യ പോഷണ പ്രോജക്ടുകൾ നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

### 12.6 പാർപ്പിടം

(1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭവന നിർമ്മാണ പ്രോജക്ടുകൾ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള 'സമ്പൂർണ്ണ സുരക്ഷാ പാർപ്പിട പദ്ധതി' (ലൈഫ്)-യുടെ മാർഗരേഖ പാലിച്ചുവേണം തയ്യാറാക്കേണ്ടത്.

(2) പി.എം.എ.വൈ പദ്ധതി പ്രകാരമുള്ള വീടുകൾക്ക് വേണ്ടിവരുന്ന അധികതുക നിർബന്ധമായും വകയിരുത്തുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം.

(3) ലക്ഷം വീട് കോളനികളിൽ ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നത് ഇനിയും അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിന് പ്രോജക്ട് നഗരസഭകൾ ഏറ്റെടുക്കേണ്ടതാണ്.

(4) എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം. ആ ലക്ഷ്യം നേടുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പാർപ്പിട മേഖലയിൽ ഏറ്റെടുക്കേണ്ടതായ ചുമതലകൾ ചുവടെ വിവരിക്കുന്നു.

(i) ഭൂരഹിതർക്ക് സ്ഥലം വാങ്ങി ഭവന സമുച്ചയം നിർമ്മിച്ചു നൽകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ് .

(ii) ജനകീയാസൂത്രണം മുതൽ വിവിധ പദ്ധതികളിലായി ഭവന നിർമ്മാണത്തിന് അനുവാദം നൽകിയിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് വീട് പൂർത്തിയാക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.

(iii)അപ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ധന സഹായം അനുവദിക്കുമ്പോൾ ബേസ് മെന്റ്, ലിന്റൽ ലെവൽ, റൂഫ് ലെവൽ, എന്നിങ്ങനെ ഓരോ ഘട്ടങ്ങളിലും അവശേഷിക്കുന്ന പണികളുടെ അവസ്ഥ പരിഗണിച്ച് അനുപാതികമായാണ് തുക കണക്കാക്കേണ്ടത്.

**12.7 കുടിവെള്ള വിതരണം**

(1) ജല വിഭവ സംരക്ഷണ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചുകൊണ്ടുള്ള പ്രോജക്ടുകളാണ് രൂപീകരിക്കേണ്ടത്.

(2) എല്ലാവർക്കും എന്നും ശുദ്ധമായ കുടിവെള്ളം എന്നതായിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യം.

(3) ജലവിതരണ പ്രവർത്തനങ്ങളേക്കാൾ ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്.

(4) ജല ലഭ്യത ഉറപ്പുവരുത്തി വിദഗ്ധരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ജല സ്രോതസ്സ് തീരുമാനിച്ചതിനുശേഷം മാത്രമേ കുടിവെള്ള പ്രോജക്ടുകൾ തയ്യാറാക്കുവാൻ പാടുള്ളൂ

(5)എല്ലാ കുടിവെള്ള പ്രോജക്ടുകൾക്കും പരാമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്ടിൽ ഉൾപ്പെടുത്തണം.

(6)പൂർത്തിയാക്കുന്ന കുടിവെള്ള പ്രോജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണ് എന്നും പ്രോജക്ടിൽ വ്യവസ്ഥ ഉണ്ടായിരിക്കണം. അതിൽ പട്ടികജാതി ഗുണഭോക്താക്കളുടെ വിഹിതം പട്ടികജാതി ഉപപദ്ധതി തുകയിലും പട്ടികവർഗ ഗുണഭോക്താക്കളുടെ വിഹിതം പട്ടികവർഗ ഉപപദ്ധതി തുകയിലും വകയിരുത്താവുന്നതാണ്.

(7) ബി.പി.എൽ കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന കുടിവെള്ള വിതരണ പ്രോജക്ടുകൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി ഏറ്റെടുക്കാവുന്നതാണ്.

(8)അങ്കണവാടികൾ ഉൾപ്പെടെയുള്ള ഘടക സ്ഥാപനങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകണം.

(9) ശുദ്ധജല സ്രോതസ്സുകൾ വളരെ ദൂരെയുള്ള കടലോര പട്ടണങ്ങളിൽ ഡിസാലിനേഷൻ പ്ലാന്റുകൾ സ്ഥാപിച്ച് കടൽ ജലം കുടിവെള്ളമാക്കുന്നതിനുള്ള പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതികളിലോ KIIFB വഴിയോ ഏറ്റെടുത്താൽ നഗരസഭാ വിഹിതം വകയിരുത്താവുന്ന താണ്.

12.7.1 ജലശുചീകരണം

- മലിന ജലം സംസ്കരിച്ച് പുനർ ഉപയോഗത്തിനുള്ള പദ്ധതികളും കനാൽ തോടുകൾ , .നങ്ങളും ഏറ്റെടുക്കാവുന്നതാണ്ഉടങ്ങിയവയിലെ ജല ശുചീകരണ പ്രവർത്ത

**12.8 ഊർജ്ജം**

(1) പ്രാദേശികമായി സാധ്യമായ ഊർജ്ജോത്പാദന യൂണിറ്റുകൾ നഗരസഭകൾ പരമാവധി ഏറ്റെടുക്കണം

(2) വൈദ്യുതി എത്താത്ത എല്ലാ പ്രദേശങ്ങളിലേയ്ക്കും വീടുകളിലേയ്ക്കും വൈദ്യുതി എത്തിക്കണം.

(3) സമ്പൂർണ്ണ വൈദ്യുതീകരണ പ്രോജക്ടുകൾ ആവശ്യമെങ്കിൽ നിർബന്ധമായും നഗര സഭകൾഏറ്റെടുക്കണം.

(5) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി സൗരോർജ്ജ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. അത്തരം പ്രോജക്ടുകളിൽ അനർട്ടിന്റെ (ANERT) മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. അപ്രകാരം ഉത്പാദിപ്പിക്കുന്ന വൈദ്യുതിയിൽ തനതു ഉപയോഗം കഴിച്ച് അധികമുള്ളത് ഇപ്പോൾ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് നൽകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്, ആവശ്യമെങ്കിൽ, അവയുടെ ഓഫീസുകളിലും ഘടക സ്ഥാപനങ്ങളുടെ ഓഫീസുകളിലും എയർ കണ്ടീഷണറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് വിനിയോഗിക്കാവുന്നതാണ്. ആ വിഭാഗത്തിലുള്ള പ്രോജക്ടുകളോടൊപ്പം തദ്ദേശഭരണ സ്ഥാപനം സ്വന്തമായി സൗരോർജ്ജ യൂണിറ്റ് സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട് എന്നും അധികമുള്ള വൈദ്യുതി കെ.എസ്.ഇ.ബി-ക്ക് നൽകി വരുന്നുണ്ടെന്നും വ്യക്തമാക്കുന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥനിൽ നിന്ന് ഹാജരാക്കേണ്ടതാണ്.

(6) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിന് ഊന്നൽ നൽകുന്ന തരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(7) അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അവയുടെ വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

**12.9 വിദ്യാഭ്യാസം**

(1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ വികസന പ്രോജക്ടുകൾ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് നിർവഹണം നടത്തുന്ന രീതിയിൽ ആവിഷ്ക്കരിക്കണം.

(2) തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലേയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻഗണന നൽകണം

(3) ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ, ആർ.എം.എസ്.എ പ്രോജക്ടുകൾക്ക് വകയിരുത്തണം. ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം.

(4) വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗാത്മകശേഷികൾ വികസിപ്പിക്കുക, അദ്ധ്യാപക പരിശീലനം സംഘടിപ്പിക്കുക എന്നിവയുടെ പ്രോജക്ടുകൾ എസ്.എസ്.എ, ആർ.എം.എസ്.എ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(5) സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ മാത്രം ഒരുക്കിക്കൊടുക്കുക എന്നതാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതല.

(6) സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സാക്ഷരതാ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളുടെ വില നൽകുക, സാക്ഷരതാ മിഷന് അടയ്ക്കേണ്ടതായ ഫീസ് എന്നിവയ്ക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(7) നഗരസഭകളുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്കൂളുകളിലും കുടിവെള്ളം, ശുചിത്വം പ്രോജക്ടുകൾ ഏറ്റെടുത്തതിനുശേഷം എയ്ഡഡ് സ്കൂളുകളിലും ഇവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(7) സന്നദ്ധ പ്രവർത്തകരായ യുവതീ യുവാക്കൾ, അദ്ധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്ക് പരിഹാര പരിശീലനം (Remedial Coaching) ഉൾപ്പെടെയുള്ള പരിപാടികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

### 12.10 ഗതാഗതം

(1) ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം.

(2) റോഡ് നിർമ്മാണ പ്രോജക്ടുകളിൽ മൺപണി, മെറ്റലിംഗ് എന്നിവയുടെ ചെലവ് സാദ്ധ്യമെങ്കിൽ തൊഴിലുറപ്പ് പദ്ധതിയിലും ടാറിംഗ് ഉൾപ്പെടെയുള്ള മറ്റ് പ്രവൃത്തികൾ വികസന ഫണ്ട് ഉപയോഗിച്ചും ചെയ്യുന്ന വിധത്തിലായിരിക്കണം വിഭാവന ചെയ്യേണ്ടത്.

(3) അതാത് തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂ.

(4) തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ ഒരു തരത്തിലുള്ള നിർമ്മാണ പ്രവൃത്തികളും ചെയ്യാൻ പാടില്ലാത്തതാണ്.

(5) റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നീ പ്രവൃത്തികളിൽ പൊതുമരാമത്ത് വകുപ്പ് വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മാത്രമേ കോൺക്രീറ്റ് പണികൾ ചെയ്യാൻ പാടുള്ളൂ

(6) ഗതാഗത തിരക്കേറിയ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷിതത്ത്വത്തിന് നടപ്പാതകൾ നിർമ്മിക്കേണ്ടതാണ്.

(7) നാറ്റ്പാക്ക് (National Transportation Planning And Research Centre) നിർദ്ദേശിച്ചിട്ടുള്ള അളവ് പ്രകാരം ആവശ്യമായ പ്ലാസ്റ്റിക് ടാറിൽ ചേർത്താണ് റോഡ് ടാറിംഗ് പ്രവൃത്തികൾ ചെയ്യേണ്ടത്.

(8) അപായ സാദ്ധ്യതയുള്ള റോഡുകളിൽ നഗരസഭകൾ അപായ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണം

## 12.11. ആരോഗ്യ സുരക്ഷ

### 12.11.1 ആരോഗ്യ സംരക്ഷണം

(1) തദ്ദേശഭരണസ്ഥാപനങ്ങളുടെ ആരോഗ്യ പ്രോജക്ടുകൾ 'ആർദ്രം' മിഷനുമായി സമന്വയിപ്പിച്ച് നടപ്പാക്കാവുന്ന രീതിയിൽ തയ്യാറാക്കണം.

(2) നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആരോഗ്യസ്ഥാപനങ്ങളുടെ ഭൗതിക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉയർന്ന പരിഗണന നൽകി പ്രോജക്ടുകൾ തയ്യാറാക്കണം.

(3) അലോപ്പതി മരുന്നുകൾ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും, ആയുർവേദ മരുന്നുകൾ ഔഷധി/ആയുർധാര/പാട്യം സോഷ്യൽ സർവീസ് സൊസൈറ്റി എന്നിവയിൽ നിന്നും ഹോമിയോ മരുന്നുകൾ സഹകരണ ഹോമിയോ ഫാർമസിയിൽ നിന്നും മാത്രമേ വാങ്ങുവാൻ പാടുള്ളൂ.

(4) ഔഷധങ്ങൾ വാങ്ങുന്നതിന് ബന്ധപ്പെട്ട ഡി.എം.ഒ.യിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റുകൾ നിർബന്ധമാണ്.

(5) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട ഉത്തരവുകൾ പാലിച്ചുകൊണ്ട് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

(6) എച്ച്.ഐ.വി. ബാധിതർക്കും എയ്ഡ്സ് രോഗികൾക്കും വേണ്ടിയുള്ള പരിചരണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ഉത്തരവുകൾ പാലിച്ചുകൊണ്ട് നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(7) ജീവിതശൈലീ രോഗ പ്രതിരോധ പ്രവർത്തനങ്ങളും സ്ക്രീനിംഗ്ക്ലിനിക്കുകളുടെ പ്രവർത്തനവും കാര്യക്ഷമമാക്കുന്നതിനുള്ള പ്രോജക്ടുകൾ നഗരസഭകൾ ഏറ്റെടുക്കേണ്ടതാണ്.

**12.11.2 രോഗ പ്രതിരോധ നടപടികൾ**

(1) ക്യാൻസർ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള കാൻസർ പരിശോധനാ ക്യാമ്പുകൾ നഗരസഭകൾക്ക് സംഘടിപ്പിക്കാവുന്നതാണ്

(2) ഹൈസ്കൂൾ, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും യുവതീയുവാക്കൾക്കും മാനസിക ആരോഗ്യ പ്രശ്നങ്ങൾക്ക് സാമൂഹ്യനീതി വകുപ്പിന്റെ ഇതു സംബന്ധിച്ച വ്യവസ്ഥകൾക്ക് അനുസൃതമായി കൗൺസിലിംഗ് ഏർപ്പെടുത്താവുന്നതാണ്.

(3) രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. ബോധവൽക്കരണ പരിപാടികൾ, ആരോഗ്യ സംബന്ധമായ സർവേകൾ, മറ്റ് വിവരശേഖരണം എന്നിവ ഏതെങ്കിലും പ്രോജക്ടിന്റെ ഭാഗമായി മാത്രം ഏറ്റെടുക്കാവുന്നതാണ്,

(4) സ്കൂൾ ആരോഗ്യ പരിപാടി ഫലപ്രദമാക്കുന്നതിനുള്ള പ്രോജക്ടുകൾ നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(5) മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ബോധവൽക്കരണ-ശീലവൽക്കരണ പ്രവർത്തനങ്ങൾക്ക് എൻ.എച്ച്.എം. സ്വച്ഛ് ഭാരത് മിഷൻ, ശുചിത്വ മിഷൻ എന്നിവയുടെ ധനസഹായം ലഭിക്കുമെങ്കിൽ അവ കൂടി സംയോജിപ്പിച്ച് കൊണ്ടുള്ള പ്രോജക്ടുകൾ തയ്യാറാക്കണം.

(6) സ്വന്തമായി വാഹനങ്ങൾ ഇല്ലാത്ത പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, മറ്റ് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ., രോഗ പ്രതിരോധ കുത്തിവയ്പ്പുകൾ എന്നിവ നടത്തുന്നതിന് വാഹന വാടക പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതാണ്.

(7) പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സാഹചര്യങ്ങളിലും ദുരന്ത നിവാരണത്തിന്റെ ഭാഗമായും പകർച്ചേതര വ്യാധികളുടെ സമഗ്ര നിയന്ത്രണത്തിനും രോഗ പ്രതിരോധ പ്രവർത്തന പ്രോജക്ടിന്റെ ഭാഗമായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്.

(8) സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് കേന്ദ്രങ്ങൾക്ക് സഹായം നൽകുന്നതിനുള്ള പ്രോജക്ടുകൾ നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(9) അവയവ ദാന പ്രവർത്തനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്ന പ്രോജക്ടുകൾ നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

## 12.12 ശുചിത്വം

### 12.12.1 പൊതു നിർദ്ദേശങ്ങൾ

(1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്ക്കരണ പ്രോജക്ടുകൾ 'ഹരിത കേരളം' മിഷന്റെ ഭാഗമായിട്ടുള്ള ശുചിത്വ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന രീതിയിലായിരിക്കണം ആവിഷ്ക്കരിക്കേണ്ടത്.

(2) ഓരോ പ്രദേശത്തേയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക അജൈവമാലിന്യം ശേഖരിച്ച് പുനഃചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളുടെ സമീപനം

(3) ജൈവ മാലിന്യങ്ങൾ ജൈവവള ഉത്പാദനത്തിനും ഊർജ്ജോത്പാദനത്തിനും ഉപയോഗപ്പെടുത്തുന്ന പ്രോജക്ടുകൾ ആവിഷ്ക്കരിക്കണം.

(4) മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ആവർത്തന സ്വഭാവമുള്ള ചെലവു കൾക്കുള്ള വിഹിതം തനത് ഫണ്ടിൽ നിന്ന് ബഡ്ജറ്റിൽ വകയിരുത്താവുന്നതാണ്.

(5) കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകാവുന്നതാണ്.

(6) മാലിന്യ സംസ്ക്കരണ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും തദ്ദേശഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗമാണ്. എന്നാൽ നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ലാത്തതും യന്ത്ര സാമഗ്രികൾ സ്ഥാപിക്കേണ്ടതില്ലാത്തതുമായ ലളിതമായ പ്രോജക്ടുകൾ നഗരസഭ ഹെൽത്ത് വിഭാഗത്തിന് തയ്യാറാക്കാവുന്നതും നടപ്പിലാക്കാവുന്നതുമാണ്. ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുടെ സാങ്കേതിക സഹായം തേടാവുന്നതാണ്.

(7) മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, ബെയ് ലിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് നിർബന്ധമായും നഗരസഭകൾ പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.

### 12.12.2 നഗരസഭകൾക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകൾ

(1) ജൈവമാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ കമ്മ്യൂണിറ്റി തലത്തിലും പരമാവധി സ്വന്തം നിലയിൽ കമ്പോസ്റ്റ് പിറ്റ്, കിച്ചൻ ബിൻ, ബയോ മെതനേഷൻ(ബയോഗ്യാസ് ) പ്ലാന്റ്, ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള മറ്റ് ഉപാധികൾ എന്നിവ തുടങ്ങുന്നത് പ്രോത്സാഹിപ്പിക്കുക.

(2) സ്ഥലപരിമിതിയുള്ള വീടുകളിലെ ജൈവമാലിന്യം കമ്മ്യൂണിറ്റി തല കമ്പോസ്റ്റിംഗ് നടത്തുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(3) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളിൽ കമ്പോസ്റ്റ് പിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തിയ തിനുശേഷം മാത്രമേ നഗരസഭ വിഹിതം പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാവൂ.

(4) സ്ഥാപനങ്ങൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി എന്നീ തലങ്ങളിൽ തുമ്പൂർമൂഴി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് എന്നീ പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

(5) നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റപണികളും നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുക്കാവുന്നതാണ് .

(6) വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വൃത്തിയാക്കി തരം തിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനായി പൊതുവായ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ, അജൈവ മാലിന്യ പുനഃചംക്രമണ പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി വാങ്ങി നൽകുക.

(7) മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ ബെയ് ലിംഗ് മെഷീൻ, ഷ്രെർഡിംഗ് മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജലം ട്രീറ്റ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ആവശ്യാനുസരണം ഏർപ്പെടുത്തുക.

(8) മാലിന്യ പരിപാലനത്തിന് സഹായിക്കുന്ന സംരംഭക ഗ്രൂപ്പുകൾ, സപ്പോർട്ട് ഓർഗനൈസേഷനുകൾ, എന്നിവ സാമ്പത്തികമായി പ്രയോഗിക ക്ഷമതയോടെ പ്രവർത്തിക്കുന്നതിന് 6 മാസക്കാലത്തേയ്ക്ക് വ്യക്തമായ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷന്റെ മാനദണ്ഡങ്ങൾ പ്രകാരം വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാക്കുക.

(9) ഗ്യാസ് ക്രിമിറ്റോറിയം, അറവുശാല, പാക്കേജ്ഡ് സീവേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

(10) ബി.പി.എൽ വിഭാഗങ്ങൾക്കുള്ള പുതിയ കേന്ദ്രാവിഷ്കൃത - സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരമുള്ള ഭവനങ്ങളിൽ മാത്രം വ്യക്തിഗത ഗാർഹിക കക്കൂസുകൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കുക.

(11) ആവശ്യാനുസരണം വെള്ളവും വൈദ്യുതിയും ലഭ്യമാക്കിയും യഥാസമയം കഴുകി വൃത്തിയാക്കൽ ഉറപ്പു വരുത്തിയും കമ്മ്യൂണിറ്റി ടോയ് ലെറ്റുകൾ, പൊതു ടോയ് ലെറ്റുകൾ എന്നിവ സ്ഥാപിക്കുന്ന പ്രോജക്ട് ഏറ്റെടുക്കുക.

(12) സ്ഥിരമായി നിലിൽക്കുന്ന സ്വാപ്പ് ഷോപ്പുകൾ സ്ഥാപിക്കുക

(13) ജൈവമാലിന്യസംസ്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത ഇനോകുലങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുക.

(14) റീജിയണൽ സാനിട്ടറി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങലും അവ സ്ഥാപിക്കലും

(15) റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് റീസൈക്ലിംഗ് വ്യവസായപാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കുക.

**12.13 സാമൂഹ്യനീതി**

12.13.1 ശിശുക്കൾ (0-6 വയസ്), കുട്ടികൾ (06-18 വയസ്), ഗർഭിണികൾ, പാലൂട്ടുന്ന മാതാക്കൾ, വിവാഹമോചിതരായ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, അവിവാഹിതരായ അമ്മമാർ, 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾ, ചൂഷണത്തിനും അതിക്രമത്തിനും ഇരയായ സ്ത്രീകൾ, ഭിന്നലിംഗ വിഭാഗം, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, ജീവിതത്തിൽ ഒറ്റപ്പെട്ടു പോയവർ, ഗുരുതര രോഗം ബാധിച്ചവർ, എച്ച്.ഐ.വി ബാധിച്ചവർ, അഗതികൾ, കിടപ്പുരോഗികൾ, യാചകർ, ജയിൽ മോചിതർ, സാമൂഹ്യ സുരക്ഷ ആവശ്യമായ മറ്റ് വിഭാഗങ്ങൾ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ശാരീരിക വെല്ലുവിളി നേരിടുവർ എന്നിവരുടെ ക്ഷേമ- വികസന- പുനരധിവാസ പ്രവർത്തനങ്ങൾ പരിഗണിക്കപ്പെടണം. പ്രവാസി ജീവിതം കഴിഞ്ഞ് കേരളത്തിലേയ്ക്ക് തിരിച്ചു വന്നവരിലും സമൂഹത്തിന്റെ കൈതാങ്ങും, പരിഗണനയും ഇല്ലാതെ മുന്നോട്ട് പോകാൻ കഴിയാത്തവരുണ്ട്. അവർക്കുവേണ്ടിയും ഉചിതമായ ക്ഷേമ പുനരധിവാസ പരിപാടികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

(2) ബഡ്സ് സ്കൂളുകളും ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളും ഇല്ലാത്ത നഗരസഭകളിൽ ബഡ്സ് സ്കൂളുകൾ/ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.

(3) പുതിയതായി ആരംഭിക്കുന്ന ബഡ്സ് സ്കൂളിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിബന്ധനകളും പാലിച്ചുവേണം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത്.

(4) ബഡ്സ് പുനരധിവാസ കേന്ദ്രത്തിലെ അന്തേവാസികൾക്ക് അവകാശപ്പെട്ട സ്വത്തുക്കൾ അവരുടെ സംരക്ഷണം നിയമാനുസൃതം ഏറ്റെടുത്തിട്ടുള്ള സ്ഥാപനത്തിന്റെ ഉടമസ്ഥതയിലേയ്ക്ക് കൈമാറുന്ന സംവിധാനം പ്രോത്സാഹിപ്പിക്കണം. ഇത്തരം സ്ഥാപനങ്ങളുടെ ഭരണത്തിൽ അന്തേവാസികളുടെ രക്ഷകർത്താക്കൾക്ക് നിർണ്ണായക പങ്കുണ്ടായിരിക്കണം.

(5) സാമൂഹ്യ തിന്മകളെ നിരുത്സാഹപ്പെടുത്തുന്നതിനും ലഹരി ഉപയോഗ വിപത്തുകൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും അനുയോജ്യമായ പ്രോജക്ട് നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(5) ഏതെങ്കിലും സംഘടനയുടേയോ സമുദായത്തിന്റേയോ നിയന്ത്രണത്തിലോ ഉടമസ്ഥതയിലോ ഉള്ള ശ്മശാനം നഗരസഭയ്ക്ക് വിട്ടുതരികയാണെങ്കിൽ വസ്തു ആർജ്ജിക്കൽ ചട്ടങ്ങൾ പ്രകാരം അത് ഏറ്റെടുത്ത് വികസന പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്.

### 12.13.2 അങ്കണവാടികൾ പരിപാലിക്കൽ

(1) അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പ്രോജക്ടുകൾ ഉണ്ടാകണം.

(2) അങ്കണവാടികളിൽ മുടങ്ങാതെ ഹാജരാകുന്ന കുട്ടികൾ, പോഷകാഹാരം ലഭിക്കുവാൻ അർഹതയുള്ളവരും അത് സ്വീകരിക്കാൻ തയ്യാറുമുള്ളവരുമായ മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് മാത്രമേ അങ്കണവാടികളിലൂടെ ഭക്ഷണം വിതരണം ചെയ്യേണ്ടതുള്ളൂ.

(3) അങ്കണവാടി പോഷകാഹാര വിതരണവും പ്രവർത്തനവും ഫലപ്രദമാണ് എന്നുറപ്പുവരുത്താൻ അങ്കണവാടി വെൽഫയർ കമ്മിറ്റി, നിരീക്ഷണ കമ്മിറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടലുകൾ നിരന്തരം ഉണ്ടാകുന്ന രീതിയിൽ അവയുടെ പ്രവർത്തനം ഭരണ സമിതിയുടെ ഇടപെടൽ മുഖേന ക്രമീകരിക്കണം.

(4) അങ്കണവാടി കെട്ടിട നിർമ്മാണം വനിതാ ഘടക പദ്ധതിൽ ഉൾപ്പെടുത്തുവാൻ പാടില്ലാത്തതാണ്.

### 12.13.3 ഭക്ഷണ വിതരണ പരിപാടികൾ

നഗരസഭകൾക്ക് ഏറ്റെടുക്കാവുന്ന ഭക്ഷണ വിതരണ പരിപാടികൾ ചുവടെ വിവരിക്കുന്നു.

(1) എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന എച്ച്.ഐ.വി. അണുബാധിതർക്ക് പോഷകാഹാരം നൽകാവുന്നതാണ്.

(2) സർക്കാർ സ്കൂളുകളിൽ യു.പി. വിഭാഗം (ഏഴാം ക്ലാസ്) വരെയുള്ള അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്ന പ്രോജക്ടുകൾ ആവിഷ്ക്കരിക്കാവുന്നതാണ്. പട്ടികജാതി, പട്ടികവർഗ ജനസംഖ്യ കൂടുതലുള്ള പ്രദേശങ്ങളിലേയും തീരദേശമേഖലയിലേയും സ്കൂളുകളിൽ ഈ പരിപാടി നിർബന്ധമായും നടപ്പിലാക്കണം. അദ്ധ്യാപക – രക്ഷകർതൃ സമിതിയുടെ ചുമതലയിൽ നടപ്പാക്കുന്ന ഈ പ്രോജക്ടിന് സ്പോൺസർഷിപ്പിലൂടെ വിഭവ സമാഹരണം നടത്താവുന്നതാണ്.

(3) പട്ടികവർഗ പരിചരണ സേവന പാക്കേജ് പ്രകാരം അർഹതയുള്ള പട്ടികവർഗ വിഭാഗത്തിന് അങ്കണവാടി മുഖേന പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുതിനുള്ള പ്രോജക്ട്.

(4) ആശ്രയ പരിചരണ പാക്കേജ് പ്രകാരം അർഹതയുള്ള അഗതികൾക്ക് അങ്കണവാടി മുഖേന പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുന്ന പ്രോജക്ട് നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(5) ആശ്രയ പ്രോജക്ടിലെ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളും ആശ്രയ പ്രോജക്ടിനു വേണ്ടി പരിചരണ സേവനങ്ങൾ തയ്യാറാക്കേണ്ടുന്ന മാർഗരേഖയും അനുബന്ധം 4- ൽ നൽകിയിട്ടുണ്ട്.

(6) നിർദ്ധനരായ രോഗികൾക്ക്, അവർ ആശുപത്രിയിൽ കഴിയുന്ന ദിവസങ്ങളിൽ, കുടുംബശ്രീ മുഖേന ഭക്ഷണം പാകം ചെയ്ത് നൽകുന്ന പ്രോജക്ടുകൾ നഗരസഭയ്ക്ക് ഏറ്റെടുക്കാം. ഈ പ്രോജക്ടിന് ആവശ്യമായ തുക ആശുപത്രി അധികൃതരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാന ത്തിൽ കുടുംബശ്രീക്ക് കൊടുക്കാവുന്നതാണ്.

(7) ബഡ്സ് സ്കൂളിലെ കുട്ടികൾക്കും ബഡ്സ് പുനരധിവാസകേന്ദ്രത്തിലെ അന്തേവാസികൾക്കും അനുപൂരക പോഷകാഹാരവും ഉച്ചഭക്ഷണവും കുടുംബശ്രീ മുഖേന പാകം ചെയ്ത് നൽകുന്നതിനുള്ള പ്രോജക്ടുകൾ,

(8) പകൽവീട് സൗകര്യം പ്രയോജനപ്പെടുത്തുന്നവരിൽ അർഹതയുള്ളവർക്ക് അങ്കണവാടി മുഖേന പാകം ചെയ്ത ഉച്ചഭക്ഷണം വിതരണം ചെയ്യുന്ന പ്രോജക്ടുകൾ നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

**12.14 കായിക വിനോദ സൗകര്യങ്ങൾ**

(1) പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ കായിക രംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ സജീവമായി ഇടപെടേണ്ടതാണ്. ഈ രംഗത്ത് സംസ്ഥാനത്തിന് നഷ്ടപ്പെട്ട മുൻകൈ തിരിച്ചു പിടിക്കാനും ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം ഉറപ്പു വരുത്താനും ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കാനും ഇത് ആവശ്യമാണ്.

(2) കളിസ്ഥലവും സ്റ്റേഡിയവും ഒരുക്കുന്നതിനുവേണ്ടി നഗരസഭകൾക്ക് സ്ഥലം വാങ്ങുന്ന തിനുള്ള പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്

(3) തദ്ദേശഭരണതല സ്പോർട്സ് കൗൺസിലുകൾ സജീവമാക്കേണ്ടതും, കായിക ക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി ദീർഘവീക്ഷണത്തോടേയും സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടേയും ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകൽപന ചെയ്ത് നടപ്പിലാക്കാവുന്നതാണ്.

(4) ഓരോ പ്രദേശത്തും പ്രചാരത്തിലുള്ള സ്പോർട്സ്- ഗെയിംസ് ഇനങ്ങളിൽ ദൈനംദിന പരിശീലനം, കോച്ചിംഗ് ക്യാമ്പുകൾ, മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

(5) തദ്ദേശഭരണ സ്ഥാപനത്തിന്റെ സാദ്ധ്യതയ്ക്ക് അനുസൃതമായി തിരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ നഗരസഭതല ടീമിനെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുകയും മത്സരങ്ങളിൽ പങ്കെടുക്കാൻ സഹായിക്കുകയും ചെയ്യാവുന്നതാണ്.

(6) കായിക രംഗത്തെ പ്രവർത്തനങ്ങൾക്ക് സ്പോൺസർഷിപ്പിലൂടെ പരമാവധി വിഭവങ്ങൾ കണ്ടെത്താൻ ശ്രമിക്കണം. ഇതിനായി പദ്ധതി വിഹിതം വിനിയോഗിക്കുന്നത് സബ്സിഡി വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കണം.

### 12.15 സഹകരണം

(1) പ്രവർത്തന ക്ഷമതയുള്ള സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകൽ, അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുക, അവയുടെ ആധുനിക വൽക്കരണം പ്രോത്സാഹിപ്പിക്കുക എന്നിവയായിരിക്കണം സഹകരണ മേഖലയിൽ വിഭാവനം ചെയ്യുന്ന പ്രോജക്ടുകൾ.

(2) പ്രാദേശിക സാമ്പത്തിക വികസനത്തിന് പൂരകമായ ഒരു സഹകരണ വായ്പാനയം തദ്ദേശഭരണ സ്ഥാപനതലത്തിൽ ആവിഷ്ക്കരിക്കേണ്ടതാണ്.

(3) പരമ്പരാഗത വ്യവസായ സഹകരണ സംഘങ്ങളുടെ വൈവിദ്ധ്യവൽക്കരണവും ഇതര സഹകരണ സ്ഥാപനങ്ങളുടെ ശാക്തീകരണവും സഹകരണമേഖലയിൽ വിഭാവനം ചെയ്യുന്ന മുഖ്യ കാര്യപരിപാടി ആയിരിക്കണം.

(4) സ്വയം സഹായ സംഘങ്ങൾ മുഖേന കാർഷിക വ്യാവസായിക സംരംഭകത്വ വികസനം ത്വരിതപ്പെടുത്തുന്ന പ്രോജക്ടുകൾ ആവിഷ്ക്കരിക്കാവുന്നതാണ്.

(5) പുതിയ സഹകരണ സംഘങ്ങൾ നിർദ്ദേശിക്കുമ്പോൾ അത് തദ്ദേശഭരണ സ്ഥാപന പരിധിക്കുള്ളിൽ നിലവിലില്ലാത്ത മേഖലകളുടെ പ്രവർത്തനത്തിനാണ് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(6) സഹകരണ സംഘങ്ങളുടെ വിഭവശേഷിയും അധിക വിഭവവും വിനിയോഗിച്ച് പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്ന കൺസോർഷ്യം രൂപീകരിക്കാവുന്നതാണ്.

### 12.16 കലയും സംസ്ക്കാരവും

പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് പ്രാദേശിക ഗവൺമെന്റുകൾ കലാ സാംസ്ക്കാരിക രംഗത്ത് ശക്തമായ ഇടപെടലുകൾ നടത്തണം.

(i) നിലവിലുള്ള സാംസ്ക്കാരിക നിലയങ്ങൾ മെച്ചപ്പെടുത്തി പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

(ii) തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സാംസ്ക്കാരിക നിലയങ്ങൾ, വായനശാലകൾ, വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് കലാ സാംസ്ക്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം.

(iii) നഗരസഭയുടെ ഉടമസ്ഥതയിലുള്ള എല്ലാ ലൈബ്രറികളുടേയും വികസന പ്രവർത്തനങ്ങൾക്ക്ശേഷം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുതിനുള്ള പ്രോജക്ടുകൾ പരിഗണിക്കാവുന്നതാണ്.

(iv) ജനകീയ സമിതികളുടേയും സന്നദ്ധ സംഘടനകളുടേയും മറ്റും നേതൃത്വത്തിൽ പ്രാദേശികമായ വിഭവങ്ങൾ സമാഹരിച്ചു കൊണ്ടുവേണം ഈ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ

(v) സബ്സിഡി സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ അനുസരിച്ചോ സാംസ്ക്കാരിക വകുപ്പിന്റെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടോ പദ്ധതിയിൽ നിന്നും പ്രോത്സാഹന സഹായം നൽകാവുന്നതാണ്.

## 13 പ്രത്യേക വിഭാഗങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

### 13.1 പട്ടികജാതി ഉപപദ്ധതി (Sheduled Caste Sub Plan)

(1) പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനുവേണ്ടി ഓരോ തദ്ദേശഭരണ സ്ഥാപനവും പദ്ധതിയുടെ ഭാഗമായി പട്ടികജാതി ഉപപദ്ധതി കൂടി തയ്യാറാക്കണം. പട്ടികജാതി ഉപപദ്ധതി വിഹിതം സംസ്ഥാന ബജറ്റിൽ പ്രത്യേകം വകയിരുത്തി നൽകുന്നതു പ്രകാരമായിരിക്കണം പദ്ധതി തയ്യാറാക്കേണ്ടത്.

(2) പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യവികസനം എന്നീ മേഖലകളിൽ പദ്ധതികൾ ആവിഷ്ക്കരിക്കാവുതാണ്.

(3) വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ടു പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും പട്ടികജാതി വിഭാഗക്കാരുടെ പൊതു സൗകര്യവികസനത്തിനായുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്.

(4) 2010-11-ൽ പട്ടികജാതി വിഭാഗത്തെ സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും സംയുക്തമായി നടത്തിയ പട്ടികജാതി സാങ്കേത ങ്ങളുടേയും കുടുംബങ്ങളുടേയും സർവേ വിവരങ്ങൾ കഴിയുന്നിടത്തോളം പുതുക്കി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി ഗുണഭോക്തൃ കുടുംബങ്ങളേയും ഗുണഭോക്തൃ പ്രദേശവും അവർക്കു വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങളും പരിഗണിക്കാവുന്നതാണ്.

(5) കുറഞ്ഞത് 5 പട്ടികജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന പ്രദേശം ഒരു പട്ടികജാതി സങ്കേതമായി കണക്കാക്കി അവിടെ കുടിവെള്ളം, വൈദ്യുതി എന്നീ പൊതു

സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്.

(6) വൈദ്യുതി, കുടിവെള്ളം എന്നീ പൊതു സൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതിക്കാരാണെങ്കിൽ മാത്രമേ പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവൂ. ജലസേചന പ്രോജക്ടാണെങ്കിൽ മൊത്തം ജലസേചനം നടത്തപ്പെടുന്ന കൃഷിഭൂമിയുടെ അമ്പത് ശതമാനത്തിലധികം പട്ടികജാതി വിഭാഗക്കാരുടേതായിരിക്കണം. ഇക്കാര്യം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യ ഭൂപടം പ്രോജക്ടിനൊപ്പം തയ്യാറാക്കി വയ്ക്കേണ്ടതും ഭൂപടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും പ്രയോജനം ലഭിക്കുന്ന എല്ലാ ഗുണഭോക്തൃ കുടുംബങ്ങളുടേയും സ്ഥാനവും (ജലസേചന പ്രോജക്ടുകളിൽ പ്രയോജനം ലഭിക്കുന്ന മൊത്തം കൃഷി സ്ഥലത്തിന്റെ സ്ഥാനം) അടയാളപ്പെടുത്തേണ്ടതും അപ്രകാരം അടയാളപ്പെടുത്തിയ സാമൂഹ്യ ഭൂപടത്തിൽ പട്ടികജാതി കുടുംബങ്ങളുടെ സ്ഥാനം (ജലസേചന പ്രോജക്ടുകളിൽ പട്ടികജാതി വിഭാഗക്കാരുടെ കൃഷി സ്ഥലത്തിന്റെ സ്ഥാനം) പ്രത്യേക നിറത്തിൽ കാണിച്ചിരിക്കേണ്ടതു മാണ്. പ്രോജക്ട് നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ പട്ടികയും അതിൽ പട്ടികജാതി കുടുംബങ്ങളുടെ പട്ടികയും സാമൂഹ്യ ഭൂപടത്തോടൊപ്പം ചേർത്തിരിക്കേണ്ടതാണ്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികകളും സാമൂഹ്യ ഭൂപടവും പട്ടികജാതി വികസന ഓഫീസർ സ്ഥല പരിശോധന നടത്തി ബോദ്ധ്യപ്പെടേണ്ടതും അത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന പ്രകാരം ഒരു സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. '.........................................തദ്ദേശഭരണ സ്ഥാപനത്തിന്റെ ............................ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള................................ പ്രോജക്ട് ഞാൻ പരിശോധിക്കുകയും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളും പ്രവർത്തനങ്ങളും ഞാൻ മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. പ്രോജക്ട് മുഖേന പ്രയോജനം ലഭിക്കുന്ന ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ/ജലസേചനം നടത്തുന്ന കൃഷി സ്ഥലത്തിന്റെ ഉടമസ്ഥരിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതിക്കാരാണെന്ന് ഞാൻ നേരിട്ട് സ്ഥല പരിശോധന നടത്തിയതിൽ നിന്ന് എനിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഈ പ്രോജക്ടിനുവേണ്ടി തയ്യാറാക്കിയ സാമൂഹ്യ ഭൂപടവും പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ പട്ടികയും പ്രയോജനം ലഭിക്കുന്ന പട്ടികജാതി വിഭാഗ കുടുംബങ്ങളുടെ പട്ടികയും ഞാൻ സാക്ഷ്യപ്പെടുത്തി ഇതോടൊപ്പം സമർപ്പിക്കുന്നു.'

(7) പട്ടികജാതി കോളനികൾക്കകത്തുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് മാത്രമേ പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവൂ.

(8) കൃഷി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പാട്ടക്കൃഷി ചെയ്യുന്നതിന് ധനസഹായം അനുവദനീയമാണ്.

(9) പട്ടികജാതി യുവതീയുവാക്കളുടെ വിദ്യാഭ്യാസം, വിദേശത്ത് തൊഴിൽ തേടൽ, സ്വയം തൊഴിൽ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, കായിക വികസനം, വരുമാന വർദ്ധന സംരംഭങ്ങൾ മുതലായവ പ്രോത്സാഹിപ്പിക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്ക്കരിക്കേണ്ടതാണ്.

(10) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് അന്തർദേശീയ സർവകലാശാലകളിൽ/വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നത പഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പ് ലഭിച്ചുകഴിഞ്ഞാൽ അഡ്മിഷൻ, യാത്ര എന്നിവ ഉൾപ്പെടെയുള്ള ചെലവുകൾക്കായി പട്ടികജാതി വികസന വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം നൽകാവുന്നതാണ്.

(11) സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് സംസ്ഥാന-ദേശീയ ഏജൻസികൾ നടത്തുന്ന മെഡിക്കൽ - എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനും പരീക്ഷയുടെ റാങ്ക് ലിസ്റ്റിലെ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന സ്ഥാപനങ്ങളിൽ ചേർന്ന് പഠനം നടത്തുതിനും ധനസഹായം നൽകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. സർക്കാർ മേഖലയിൽ നടത്തുന്ന സിവിൽ സർവീസ് പരിശീലന കോഴ്സുകളിൽ പങ്കെടുക്കുന്നതിനും സഹായം നൽകാവുന്നതാണ്.

(12) പട്ടികജാതി യുവതീ യുവാക്കൾ വ്യക്തിഗതമായും ഗ്രൂപ്പ് അടിസ്ഥാനത്തിലും ആരംഭിക്കുന്ന വരുമാന വർദ്ധന പ്രോജക്ടുകൾക്ക് ബാങ്ക് വായ്പ തരപ്പെടുത്തുന്നതിനും സബ്സിഡി അനുവദിക്കുന്നതിനും നഗരസഭകൾ മുൻഗണനയും പ്രാധാന്യവും നൽകണം.

(13) പട്ടികജാതി കോളനികളിൽ തൃപ്തികരമായ രീതിയിൽ കുടിവെള്ള സൗകര്യവും അവരുടെ വീടുകളിൽ കക്കൂസ് സൗകര്യവും ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണം. അവ ഏറ്റെടുത്തശേഷം മാത്രമേ പട്ടികജാതി ഉപപദ്ധതി ഫണ്ടുകൾ വകയിരുത്തികൊണ്ടുള്ള മറ്റ് പ്രോജക്ടുകൾ (അനിവാര്യ പ്രോജക്ടുകൾ ഒഴികെ) ഏറ്റെടുക്കാവൂ.

(14) പട്ടികജാതി വിഭാഗങ്ങളിൽ നിന്നും ഉയർന്നു വരുന്ന പ്രതിഭകൾക്ക് വിശേഷിച്ചും ജില്ലാ – സംസ്ഥാന – ദേശീയ – അന്തർദേശീയ തലങ്ങളിൽ അംഗീകാരം ലഭിക്കുന്നവർക്ക് അവരുടെ മേഖലയിൽ കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾ നടത്താൻ അവർ തന്നെ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക്, നൂതന പരിപാടികൾക്കായുള്ള ജില്ലാതല സമിതിയുടെ ശുപാർശയ്ക്ക് വിധേയമായി, സഹായം നൽകാവുന്നതാണ്. ഇതര ഏജൻസികളിൽ നിന്നുള്ള പിന്തുണ ഉറപ്പാക്കാനും നഗരസഭകൾക്ക് മുൻകൈ എടുക്കാവുന്നതുമാണ്.

(15) പട്ടികജാതി ഉപപദ്ധതി നിർവഹണം ആരംഭിച്ച കഴിഞ്ഞാൽ, പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പ് 'പട്ടിക ജാതി ഉപപദ്ധതി നിരീക്ഷണ സമിതി' യായി പരിവർത്തനം

ചെയ്യപ്പെടണം. പട്ടികജാതി ഉപപദ്ധതി പ്രോജക്റ്റുകളുടെ നിർവഹണം, ഫണ്ട് വിനിയോഗം എന്നിവ മോണിറ്റർ ചെയ്യുകയാണ് നിരീക്ഷണ സമിതിയുടെ ചുമതല. ഈ ഘട്ടത്തിൽ നിർവഹണ സമിതിയുടെ കൺവീനറായി നിർവഹണ ചുമതല ഇല്ലാത്ത ഒരു ഉദ്യോഗസ്ഥനെ ഭരണസമിതി നിയോഗിക്കേണ്ടതാണ്.

(16) നിരീക്ഷണ കമ്മിറ്റിയുടെ റിപ്പോർട്ട് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കണം.

### 13.2 പട്ടിക വർഗ ഉപപദ്ധതി ( Tribal Sub Plan)

(1) പട്ടികവർഗ വികസനഫണ്ടു ലഭ്യമാകുന്ന ഓരോ തദ്ദേശഭരണ സ്ഥാപനവും പട്ടികവർഗ വിഭാഗക്കാരുടെ വികസനത്തിനു വേണ്ടി പദ്ധതിയുടെ ഭാഗമായി പട്ടികവർഗ ഉപപദ്ധതി കൂടി തയ്യാറാക്കണം. പട്ടികവർഗ ഉപപദ്ധതി വിഹിതം സംസ്ഥാന ബജറ്റിൽ പ്രത്യേകം വകയിരുത്തുന്നതു പ്രകാരമാണ് പദ്ധതി തയ്യാറാക്കേണ്ടത്.

(2) പട്ടികവർഗ വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യവികസനം എന്നീ മേഖലകളിൽ പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

(3) വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ടു പ്രയോജനം ലഭിക്കുന്ന പ്രോജക്റ്റുകളും പട്ടികവർഗ വിഭാഗക്കാരുടെ പൊതു സൗകര്യവികസനത്തിനായുള്ള പ്രോജക്റ്റുകളും തയ്യാറാക്കാവുന്ന താണ്.

(4) പട്ടികവർഗ ഉപപദ്ധതിയുടെ ഭാഗമായി പട്ടികവർഗ അഗതി കുടുംബങ്ങളുടെ പരിചരണ സേവനങ്ങളുടെ പാക്കേജ് തയ്യാറാക്കേണ്ടതാണ്. പട്ടികവർഗ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളും അവർക്കുവേണ്ടി തയ്യാറാക്കേണ്ടുന്ന പരിചരണ സേവനങ്ങളുടെ മാർഗരേഖയും അനുബന്ധം 5-ൽ നൽകുന്നുണ്ട്.

(5) 2008-10-ൽ പട്ടികവർഗ വികസന വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും സംയുക്തമായി നടത്തിയ പട്ടിക വർഗ വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സർവേയുടെ വിവരങ്ങൾ കഴിയുന്നിടത്തോളം പുതുക്കി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പട്ടിക വർഗ ഗുണഭോക്തൃ കുടുംബങ്ങളേയും ഗുണഭോക്തൃ പ്രദേശവും അവർക്കുവേണ്ടിയിട്ടുള്ള പ്രവർത്തന ങ്ങളും പരിഗണിക്കാവുന്നതാണ്.

(6) കുറഞ്ഞത് 5 പട്ടികവർഗ കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന ഒരു പ്രദേശം പട്ടികവർഗ ഊര് എന്ന് കണക്കാക്കി അവിടെ കുടിവെള്ളം, വൈദ്യുതി എന്നീ പൊതു സൗകര്യങ്ങൾക്കായി പട്ടികവർഗ ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്.

(7) വൈദ്യുതി, കുടിവെള്ളം എന്നീ പൊതു സൗകര്യ പ്രോജക്റ്റുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികവർഗ വിഭാഗമാണെങ്കിൽ മാത്രമേ പട്ടികവർഗ ഉപപദ്ധതി വിഹിതം വകയിരുത്താവൂ. ജലസേചന പ്രോജക്റ്റാണെങ്കിൽ

മൊത്തം ജലസേചനം നടത്തപ്പെടുന്ന കൃഷിഭൂമിയുടെ അമ്പത് ശതമാനത്തിലധികം പട്ടികവർഗ വിഭാഗക്കാരുടേതായിരിക്കണം. ഇക്കാര്യം തെളിയിക്കുതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന ആയക്കെട്ട് പ്രദേശത്തിന്റെ ഒരു സാമൂഹ്യ ഭൂപടം പ്രോജക്ടിനൊപ്പം തയ്യാറാക്കി വയ്ക്കേണ്ടതും ഭൂപടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും പ്രയോജനം ലഭിക്കുന്ന എല്ലാ ഗുണഭോക്തൃ കുടുംബങ്ങളുടേയും സ്ഥാനവും (ജലസേചന പ്രോജക്ടുകളിൽ പ്രയോജനം ലഭിക്കുന്ന മൊത്തം കൃഷി സ്ഥലത്തിന്റെ സ്ഥാനം) അടയാളപ്പെടുത്തേണ്ടതും അപ്രകാരം അടയാളപ്പെടുത്തിയ സാമൂഹ്യ ഭൂപടത്തിൽ പട്ടികവർഗ കുടുംബങ്ങളുടെ സ്ഥാനം (ജലസേചന പ്രോജക്ടുകളിൽ പട്ടികവർഗ വിഭാഗക്കാരുടെ കൃഷി സ്ഥലത്തിന്റെ സ്ഥാനം) പ്രത്യേക നിറത്തിൽ കാണിച്ചിരിക്കേണ്ടതുമാണ്. പ്രോജക്ട് നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ പട്ടികയും അതിൽ പട്ടികവർഗ കുടുംബങ്ങളുടെ പട്ടികയും സാമൂഹ്യ ഭൂപടത്തോടൊപ്പം ചേർത്തിരിക്കേണ്ടതാണ്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികകളും സാമൂഹ്യ ഭൂപടവും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതും അതോടൊപ്പം സാമൂഹ്യ ഭൂപടത്തിൽ ചുവടെ വ്യക്തമാക്കുന്ന പ്രകാരം ഒരു സർട്ടിഫിക്കറ്റ് തയ്യാറാക്കി മേൽപറഞ്ഞ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

'.......................................തദ്ദേശഭരണ സ്ഥാപനത്തിന്റെ .......................... വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള.............................. പ്രോജക്ട് ഞാൻ പരിശോധിക്കുകയും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളും പ്രവർത്തനങ്ങളും ഞാൻ മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. പ്രോജക്ട് മുഖേന പ്രയോജനം ലഭിക്കുന്ന ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ/ജലസേചനം നടത്തുന്ന കൃഷി സ്ഥലത്തിന്റെ ഉടമസ്ഥരിൽ അമ്പത് ശതമാനത്തിലധികം പട്ടികവർഗക്കാരാണെന്ന് ഞാൻ നേരിട്ട് സ്ഥല പരിശോധന നടത്തിയതിൽ നിന്ന് എനിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഈ പ്രോജക്ടിനുവേണ്ടി തയ്യാറാക്കിയ സാമൂഹ്യ ഭൂപടവും പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ പട്ടികയും പ്രയോജനം ലഭിക്കുന്ന പട്ടികവർഗ വിഭാഗ കുടുംബങ്ങളുടെ പട്ടികയും ഞാൻ സാക്ഷ്യപ്പെടുത്തി ഇതോടൊപ്പം സമർപ്പിക്കുന്നു.'

(8) കൃഷി ഭൂമിയില്ലാത്ത പട്ടികവർഗ കുടുംബങ്ങൾക്ക് പാട്ടക്കൃഷി ചെയ്യുന്നതിന് ധനസഹായം അനുവദനീയമാണ്.

(9) പട്ടികവർഗ യുവതീയുവാക്കളുടെ വിദ്യാഭ്യാസം, വിദേശത്ത് തൊഴിൽ തേടൽ, സ്വയം തൊഴിൽ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, കായിക വികസനം, വരുമാന വർദ്ധന സംരംഭങ്ങൾ മുതലായവ പ്രോത്സാഹിപ്പിക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

(10) പട്ടികവർഗ വിഭാഗത്തിൽപ്പെട്ട പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് അന്തർദേശീയ സർവകലാശാലകളിൽ/വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉതന്ന പഠനം നടത്തുതിനുള്ള സ്കോളർഷിപ്പ് ലഭിച്ചുകഴിഞ്ഞാൽ അഡ്മിഷൻ, യാത്ര എന്നിവ ഉൾപ്പെടെയുള്ള ചെലവുകൾക്കായി പട്ടിക വർഗ വികസന വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം നൽകാവുന്നതാണ്.

(11) സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന-ദേശീയ ഏജൻസികൾ നടത്തുന്ന മെഡിക്കൽ - എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനും പരീക്ഷയുടെ റാങ്ക് ലിസ്റ്റിലെ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന സ്ഥാപനങ്ങളിൽ ചേർന്ന് പഠനം നടത്തുന്നതിനും ധനസഹായം ഏറ്റെടുക്കാവുന്നതാണ്. സർക്കാർ മേഖലയിൽ നടത്തുന്ന സിവിൽ സർവീസ് കോച്ചിംഗ് ക്ലാസ്സിൽ പഠിക്കുന്നവർക്കും സഹായം നൽകാവുന്നതാണ്.

(12) പട്ടികവർഗ വിഭാഗങ്ങളിൽ കണ്ടു വരുന്ന സിക്കിൾ സെൽ അനീമിയ പോലുള്ള രോഗങ്ങൾ, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കാൻ പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.

(13) പട്ടികവർഗ ഊരുകളിൽ തൃപ്തികരമായ രീതിയിൽ കുടിവെള്ള സൗകര്യവും അവരുടെ വീടുകളിൽ കക്കൂസ് സൗകര്യവും ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണം. അവ ഏറ്റെടുത്തശേഷം മാത്രമേ പട്ടികവർഗ ഉപപദ്ധതി ഫണ്ടുകൾ വകയിരുത്തികൊണ്ടുള്ള മറ്റ് പ്രോജക്ടുകൾ (അനിവാര്യ പ്രോജക്ടുകൾ ഒഴികെ) ഏറ്റെടുക്കാവൂ.

(14) പട്ടികവർഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന നഗരസഭകൾ പദ്ധതി രൂപീകരണ വാർഡ്സഭകൾ ചേരുന്നതിനോടൊപ്പം അതിനുപകരമായി പട്ടികവർഗ ഊരുകളിൽ വാർഡ്സഭകളുടെ കാര്യപരിപാടിക്ക് സമാനമായ രീതിയിൽ ഊരുമൂപ്പന്റെ അദ്ധ്യക്ഷതയിൽ ഊരുകൂട്ട യോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

(15) പട്ടികവർഗ വിഭാഗങ്ങളുടെ പരിചരണ സേവന പാക്കേജ് കൂടി പരിഗണിച്ചുകൊണ്ടാ യിരിക്കണം പട്ടികവർഗ ഉപപദ്ധതി തയ്യാറാക്കേണ്ടത്.

(16) പട്ടികവർഗ ഉപപദ്ധതി വിഹിതം റോഡ് നിർമ്മാണത്തിന് വകയിരുത്താൻ പാടില്ല. എന്നാൽ പട്ടിക വർഗ ഊരുകൾക്കുള്ളിൽ 3 മീറ്റർ വീതിയിൽ അധികരിക്കാത്ത നടപ്പാതകളും പട്ടികവർഗ ഊരുകളിലേയ്ക്ക് മാത്രമുള്ള 3 മീറ്റർ വീതിയിൽ അധികരിക്കാത്ത നടപ്പാതകളും (food-steps) നടപ്പാലങ്ങളും (foot-bridges) നിർമ്മിക്കാവുന്നതാണ്.

(17) പട്ടികവർഗ യുവതീ യുവാക്കൾ വ്യക്തിഗതമായും ഗ്രൂപ്പ് അടിസ്ഥാനത്തിലും ആരംഭിക്കുന്ന വരുമാന വർദ്ധന പ്രോജക്ടുകൾക്ക് ബാങ്ക് വായ്പ തരപ്പെടുത്തുന്നതിനും സബ്സിഡി അനുവദിക്കുന്നതിനും നഗരസഭകൾ മുൻഗണനയും പ്രാധാന്യവും നൽകണം.

(18) പട്ടിക വർഗ വിഭാഗങ്ങളിൽ നിന്നും ഉയർന്നു വരുന്ന പ്രതിഭകൾക്ക് വിശേഷിച്ചും ജില്ലാ – സംസ്ഥാന – ദേശീയ – അന്തർദേശീയ തലങ്ങളിൽ അംഗീകാരം ലഭിക്കുന്നവർക്ക് അവരുടെ മേഖലയിൽ കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾ നടത്താൻ അവർ തന്നെ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക്, നൂതന പരിപാടികൾക്കായുള്ള ജില്ലാതല സമിതിയുടെ ശുപാർശയ്ക്ക് വിധേയമായി, സഹായം നൽകാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് ഇതര ഏജൻസികളിൽ നിന്നുള്ള പിന്തുണ ഉറപ്പാക്കാൻ നഗരസഭകൾ മുൻകൈ എടുക്കേണ്ടതാണ്.

(19) പട്ടികവർഗ ഉപപദ്ധതി നിർവഹണം ആരംഭിച്ചു കഴിഞ്ഞാൽ, പട്ടികവർഗ വികസന വർക്കിംഗ് ഗ്രൂപ്പ് 'പട്ടിക വർഗ ഉപപദ്ധതി നിരീക്ഷണ സമിതി' യായി പരിവർത്തനം ചെയ്യപ്പെടണം. പട്ടികവർഗ ഉപപദ്ധതി പ്രോജക്ടുകളുടെ നിർവഹണം, ഫണ്ട് വിനിയോഗം എന്നിവ മോണിറ്റർ ചെയ്യുകയാണ് നിരീക്ഷണ സമിതിയുടെ ചുമതല. ഈ ഘട്ടത്തിൽ നിർവഹണ സമിതിയുടെ കൺവീനറായി നിർവഹണ ചുമതല ഇല്ലാത്ത ഒരു ഉദ്യോഗസ്ഥനെ ഭരണ സമിതി നിയോഗിക്കേണ്ടതാണ്.

(20) നിരീക്ഷണ കമ്മിറ്റിയുടെ റിപ്പോർട്ട് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി യോഗത്തിലെ അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കണം.

### 13.3 വനിതാഘടക പദ്ധതി

(1) വനിതകളുടെ സാമൂഹ്യ–സാമ്പത്തിക പദവി ഉയർത്തുതിന് ഒരു വനിതാ ഘടക പദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതാണ്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

(2) വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പൊതു പ്രോജക്ടുകൾ ചുവടെ വിവരിക്കുന്നു.

(i) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ പെൺകുട്ടികൾക്ക് മാത്രമായി 40 കുട്ടികൾക്ക് ഒന്ന് എന്ന ക്രമത്തിൽ മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കുക.

(ii) സ്ത്രീകൾ ധാരാളമായി എത്തുന്ന തദ്ദേശഭരണ സ്ഥാപന ഓഫീസ്, ആശുപത്രികൾ, തദ്ദേശഭരണ സ്ഥാപനത്തിന്റെ നിന്ത്രണത്തിലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും ബസ് സ്റ്റാന്റുകളിലും അതുപോലെ സ്ത്രീകൾ ധാരാളമായി വന്നെത്തുകയും തൊഴിലിൽ ഏർപ്പെടുകയും ചെയ്യുന്ന മാർക്കറ്റുകൾ, ചന്തകൾ എന്നിവിടങ്ങളിലും സ്ത്രീകൾക്ക് മാത്രമായി മൂത്രപ്പുരകളും, കക്കൂസുകളും നിർമ്മിക്കുക. മൂത്രപ്പുരകൾ, കക്കൂസുകൾ എന്നിവ നിർമ്മിക്കുമ്പോൾ അതോടൊപ്പം അവിടെ ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

(iii) സ്ത്രീകൾ ധാരാളമായി എത്തിച്ചേരുന്ന തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലും ബസ് സ്റ്റാന്റ് പോലുള്ള പൊതുസ്ഥലങ്ങളിലും മുലയൂട്ടുന്ന അമ്മമാർക്ക് അവരുടെ സ്വകാര്യത കാത്തുസൂക്ഷിക്കും വിധമുള്ള സുരക്ഷിതമായ മുറികൾ സജ്ജമാക്കുക. കൂടുതൽ സ്ത്രീകൾ തൊഴിലെടുക്കുന്ന സ്ഥാപനങ്ങളിൽ ഈ സംവിധാനം ഗ്രൂപ്പ് സൗകര്യമായി ഏർപ്പെടുത്താവുന്നതാണ്.

(iv) സ്ത്രീകളുടെ തൊഴിൽ – വരുമാന വർദ്ധനവിനായി സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പുറമെ, ലേബർ ബാങ്ക്, സ്വയംതൊഴിൽ സംരംഭകരുടെ ഉത്പങ്ങളുടെ വിപണനത്തിന് വിപണനകേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാവുന്നതാണ്.

(v) ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിക്കാനുള്ള പ്രോജക്ടുകൾക്ക് രൂപം നൽകാവുന്നതാണ്. ഇതിനായി കുടുംബശ്രീയുടെ അംഗീകാരമുള്ള ഏജൻസികൾ/ സന്നദ്ധ സംഘടനകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

(vi) സാമൂഹ്യനീതി വകുപ്പ് മുഖേന നടത്തുന്ന 'നിർഭയ' പദ്ധതി പ്രകാരമുള്ള കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്കും വനിതകൾക്കും പരിശീലനം നൽകാവുന്നതാണ്. നഗരസഭ ഏറ്റെടുക്കുന്ന ഇത്തരം പ്രോജക്ടുകളിൽ സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായികാദ്ധ്യാപകരെയാണ് നിയോഗിക്കേണ്ടത്.

(vii) ലാബ് ടെക്നീഷ്യൻ കോഴ്സ് പാസായിട്ടുള്ള വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭമെന്ന രീതിയിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകാവുന്നതാണ്. വായ്പാ ബന്ധിതമായി നടപ്പാക്കാവുന്ന ഇത്തരം പ്രോജക്ടുകൾ കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെടുത്തി സംഘടിപ്പിക്കേണ്ടതാണ്.

(viii) യു.പി, ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം 'നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ' സ്ഥാപിക്കുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്. കേരള വനിതാ വികസന കോർപ്പറേഷന്റെ മാർഗരേഖ അവലംബിച്ച വേണം യൂണിറ്റുകൾ സ്ഥാപിക്കേണ്ടത്.

(ix) ആയുഷ് വകുപ്പുമായി സഹകരിച്ച് വനിതകൾക്ക് യോഗപരിശീലനം നൽകുന്ന പ്രോജക്ട് നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(x) നഗരസഭയെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമരഹിത തദ്ദേശഭരണ സ്ഥാപനമായി മാറ്റുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്

(xi) നഗരസഭാ തലത്തിലും വാർഡ് തലത്തിലുമുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കൗൺസിലിംഗ് ഉൾപ്പെടെയുള്ള നടപടികൾ നടത്തുന്നതിനും പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(xii) പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായം ,സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം, കുടിവെള്ളം ലഭ്യമാക്കൽ, വീട് വൈദ്യുതീകരണം, അങ്കണവാടി കെട്ടിട നിർമ്മാണം, അങ്കണവാടി പോഷകാഹാരം മുതലയവയും സമാന സ്വഭാവമുള്ളവയും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

### 13.4 കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗ വിഭാഗക്കാർ എന്നിവരുടെ പദ്ധതി

(1) കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഓരോ വിഭാഗത്തിനും പ്രത്യേകമായി പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്.

(2) കുട്ടികളുടെ കലാ – കായിക – മാനസിക – സാംസ്ക്കാരിക – പങ്കാളിത്ത വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ബാല നഗരസഭ/ ബാല വാർഡ്സഭ മുതലായവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ മാനദണ്ഡങ്ങൾക്ക് വിധേയമായി കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ബാലനഗരസഭ/ബാലവാർഡ്സഭാ പ്രവർത്തനങ്ങൾക്കായി നഗരസഭകൾക്ക് തുക വിനിയോഗിക്കാവുന്നതാണ്.

(3) നഗരസഭയുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്ക്കൂളുകളിലും പെൺകുട്ടികളുടേയും ആൺകുട്ടികളുടേയും അംഗസംഖ്യയ്ക്ക് ആനുപാതികമായി ഓരോ വിഭാഗത്തിനും പ്രത്യേകം മൂത്രപ്പുര, കക്കൂസ് എന്നിവയും ആവശ്യാനുസരണം വെള്ളം ലഭ്യമാക്കാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്. അതിനുശേഷം എയ്ഡഡ് വിദ്യാലയങ്ങളിലും ഇത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിനു വേണ്ടിയുള്ള ഇടപെടലുകൾ നടത്താവുന്നതാണ്.

(4) കുട്ടികളിലുണ്ടാകാനിടയുള്ള വൈകല്യങ്ങൾ നേരത്തേ കണ്ടുപിടിച്ച് അതിന്റെ ആഘാതം ഇല്ലാതാക്കാനോ ലഘൂകരിക്കാനോ വേണ്ട നടപടികൾ ആരോഗ്യ സ്ഥാപനങ്ങളിലൂടെ നടത്തേണ്ടതാണ്.

(5) തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളും ബാലസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

(6) സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പരിശീലകരുടെ സഹായത്തോടെ കുട്ടികൾക്ക് കായിക പരിശീലനങ്ങൾ നൽകാവുന്നതാണ്.

(7) ഭിന്നശേഷിയുള്ളവർക്കും ഭിന്നലിംഗ വിഭാഗക്കാർക്കും വേണ്ടിയുള്ള ക്ഷേമ പരിപാടികളും പുനരധിവാസ–വികസന പരിപാടികളും നഗരസഭാ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(8) ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകൾ നഗരസഭകൾ ഏറ്റെടുക്കണം.

(9) ഒരു പ്രാവശ്യം ഉപകരണം നൽകിയവർക്ക് ആ ഉപകരണത്തിന്റെ ഉപയോഗ കാലാവധി കഴിയുംമുമ്പ് വീണ്ടും ഉപകരണം നൽകാൻ പാടില്ല. ആവശ്യകതാ നിർണ്ണയ ഘട്ടത്തിൽ ഇക്കാര്യം കൂടി പരിശോധിച്ചായിരിക്കണം ഗുണഭോക്തൃ പട്ടിക തയ്യാറാക്കേണ്ടത്.

(10) സർക്കാർ സർവീസിലുള്ള ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ആയിരിക്കണം ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്തേണ്ടത്.

(11) കുട്ടികൾക്ക് ആയുഷ് വകുപ്പുമായി സഹകരിച്ച് യോഗ പരിശീലന പ്രോജക്ടുകൾ സംഘടിപ്പിക്കാവുന്നതാണ്.

(12) ഭിന്നശേഷിയുള്ളവർക്ക് വേണ്ടി തൊഴിൽ പരിശീലനകേന്ദ്രങ്ങൾ നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്

(13) അങ്കണവാടി പോഷകാഹാര വിതരണം, എസ്.എസ്.എ, ആർ.എം.എസ്.എ പ്രോജക്ട് വിഹിതങ്ങൾ, ഭിന്നശേഷിയുള്ള കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പും ബത്തയും മുതലായ പ്രോജക്ടുകൾ കുട്ടികൾക്കുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ല.

**13.5 വയോജനങ്ങളുടെ ക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും**

(1) വയോജന നയത്തിനും മാർഗ നിർദ്ദേശങ്ങൾക്കും അനുയോജ്യമായ പ്രോജക്ടുകളാണ് വയോജനങ്ങളുടെ ക്ഷേമത്തിന് വേണ്ടി ഏറ്റെടുക്കേണ്ടത്.

(2) വയോജനങ്ങൾക്ക് യോഗ പരിശീലനം നൽകുന്ന പ്രോജക്ടുകൾ ആയുഷുമായി സഹകരിച്ച് സംഘടിപ്പിക്കാവുന്നതാണ്.

(3) വിനോദകേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(4) വയോജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും റാമ്പ്, കുടിവെള്ളം, ടോയ്‌ലറ്റ്, ഇരിപ്പിടം മുതലായ സൗകര്യങ്ങളും ആശുപത്രികളിൽ വയോജനങ്ങൾക്ക് പ്രത്യേകം 'ക്യൂ'–വിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുന്ന പ്രോജക്ടുകളാണ് ഏറ്റെടുക്കേണ്ടത്.

(5) പകൽവീടുകൾ ഒരുക്കുന്നതിനുള്ള പ്രോജക്ടുകൾ നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(6) പകൽവീട് ആരംഭിക്കുന്നതിന് വേണ്ടി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ പ്രവർത്തന ക്ഷമമാക്കിയിട്ട്, ആവശ്യമെങ്കിൽ മാത്രമേ, പകൽവീടിനുവേണ്ടി പുതിയ കെട്ടിടനിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

(7) വൃദ്ധസദനം നഗരസഭകൾക്ക് ആരംഭിക്കാവുന്നതാണ്.

(8) കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന് വിതരണം, പോഷകാഹാര വിതരണം എന്നിവ ഏർപ്പെടുത്തുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(9) വയോജനങ്ങൾക്കും ശാരീരിക പ്രയാസങ്ങൾ നേരിടുന്നവർക്കും അനുയോജ്യമായ ഉപകരണങ്ങൾ, പരിഹാര സംവിധാനങ്ങൾ മുതലായവ ഏർപ്പെടുത്തുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(10) വയോജനങ്ങൾക്കും സാന്ത്വന പരിചരണം ആവശ്യമുള്ളവർക്കും ശാരീരിക – മാനസിക, സാംസ്കാരിക, പിന്തുണാ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകണം.

(11) ആശാവർക്കർമാർ, ആരോഗ്യവകുപ്പ് ഫീൽഡ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്ന ഗ്രൂപ്പ് രണ്ടാഴ്ചയിലൊരിക്കലും കിടപ്പുരോഗികളും അവശരുമായ അഗതികളുടെ വീട് സന്ദർശിച്ച് അവർക്ക് പരിചരണ പ്രവർത്തനങ്ങൾ നടത്തുന്ന പ്രോജക്ട് നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

- വയോജനങ്ങളുടെ അറിവും അനുഭവവും ശേഷിയും പദ്ധതി ആസൂത്രണം, മോണിട്ടറിംഗ്, വിലയിരുത്തൽ ഉൾപ്പെടെയുള്ള സാമൂഹിക പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

**13.6 ആസ്തി സംരക്ഷണ പദ്ധതി (Maintenance Plan)**

(1) മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത്ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികൾ എന്നിവയുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

(2) സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉണ്ടായിരിക്കേണ്ടത്.

(3) റോഡിതര മെയിന്റനൻസ് ഫണ്ട് ഘടക സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകളാണ് തയ്യാറാക്കേണ്ടത്.

(4) മെയിന്റനൻസ് ഫണ്ട് ഘടക സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് പുറമേ ചുവടെ വിവരിക്കുന്ന പ്രവൃത്തികൾ നടത്തുന്നതിനും വകയിരുത്താവുന്നതാണ്.

(i) സ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങളും സജ്ജീകരണങ്ങളും ഏർപ്പെടുത്തുക.

(ii) സ്ഥാപനങ്ങൾ മുഖേന പ്രദാനം ചെയ്യുന്ന സേവനം വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുതിനും വേണ്ടിയുള്ള സാധനസാമഗ്രികളും ഉപകരണങ്ങളും വാങ്ങുക.

(5) ഘടക സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും സേവന നിലവാരം ഉയർത്തിയും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്കവിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യണം.

(6) റോഡിതര മെയിന്റനൻസ് ഫണ്ട് തുക ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും മുൻഗണന നൽകി വിനിയോഗിക്കേണ്ടതാണ്. ആശുപത്രികളിൽ ആധുനിക സൗകര്യങ്ങളും സജ്ജീകരണങ്ങളും ഒരുക്കുക, ഉപകരണങ്ങൾ വാങ്ങുക, അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുക, ടോയ്‌ലറ്റുകൾ നിർമ്മിക്കുക, വാർഡുകൾ ആധുനികവൽക്കരിക്കുക, മോർച്ചറി സൗകര്യം മെച്ചപ്പെടുത്തുക, ഫർണിച്ചർ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങുക, മാലിന്യ പരിപാലന പ്രവർത്തനങ്ങൾ നടത്തുക, കുടിവെള്ളം വിതരണം ചെയ്യുക മുതലായവ റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തി നടപ്പാക്കാവുന്നതാണ്.

(7) ആശുപത്രികൾക്കെന്നപോലെ മറ്റ് സ്ഥാപനങ്ങളുടെ ഗുണനിലവാര വർദ്ധനവിനും റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(8) സ്‌കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്ന പ്രോജക്ട് അദ്ധ്യയനവർഷം ആരംഭിക്കുന്നതിന് മുമ്പ് പൂർത്തിയാക്കത്തക്ക രീതിയിൽ പ്രോജക്ട് നിർവഹണം ക്രമീകരിക്കണം

(9) ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന് മുമ്പ് ഘടക സ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ച് ചേർക്കണം. പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

(10) മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലേയും സർക്കുലറുകളിലേയും വ്യവസ്ഥകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

(11) പൊതു സ്ഥാപനങ്ങളിലെ മഴവെള്ള സംഭരണികളുടെ പുനരുദ്ധാരണത്തിന് റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(12) ആസ്തി സംരക്ഷണ പദ്ധതി വാർഷിക പദ്ധതിരേഖയിൽ പ്രത്യേക അദ്ധ്യായമായി ചേർക്കണം.

### 13.7 സദ്ഭരണ പദ്ധതി

(1) സുതാര്യത, ജനപങ്കാളിത്തം തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാര്യക്ഷമതയും നീതിപൂർവ്വവും നിയമവാഴ്ചയിലധിഷ്ഠിതവുമായ ഒരു ഭരണം കാഴ്ചവയ്ക്കുന്ന

തിനായി ഓരോ തദ്ദേശഭരണ സ്ഥാപനവും സദ്ഭരണത്തിനായി ഒരു പദ്ധതി രൂപപ്പെടുത്തി പദ്ധതിരേഖയിൽ ഉൾപ്പെടുത്തേണ്ടതും അതിനനുസൃതമായ പ്രവർത്തന ങ്ങൾ നടത്തേണ്ടതുമാണ്.

(2) സദ്ഭരണ തത്വങ്ങൾക്ക് പുറമേ പൗരാവകാശരേഖ, അറിയാനുള്ള അവകാശ നിയമം, സേവനാവകാശ നിയമം മുതലയാവ കൂടി പരിഗണിച്ചുകൊണ്ടായിക്കണം സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടത്.

(3) അയൽ സഭകൾ, വാർഡ്സഭകൾ, വാർഡ് കമ്മിറ്റികൾ തദ്ദേശഭരണ സ്ഥാപന തല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ, മറ്റു ജനകീയ സമിതികൾ, തുടങ്ങിയവയുടെ പ്രവർത്തനം ഫലപ്രദമായി ഉപയോഗപ്പെടുത്തി സദ്ഭരണം സാദ്ധ്യമാക്കാം. ഭൗതിക സൗകര്യങ്ങൾ, ഇ-ഗവേണൻസ്, രേഖകളുടെ സൂക്ഷിപ്പ് തുടങ്ങിയവ എത്രമാത്രം മെച്ചപ്പെടുത്തി എങ്ങനെയെല്ലാം സദ്ഭരണം സാദ്ധ്യമാക്കാം എന്നതായിരിക്കണം സദ്ഭരണം എന്ന അദ്ധ്യായത്തിന്റെ ഉള്ളടക്കം

**13.8 അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി**

(1) പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനാണ് അടിസ്ഥാന സേവന ഉപപദ്ധതി തയ്യാറാക്കേണ്ടത്. ആ വിഭാഗത്തിൽ ചുവടെയുള്ള പ്രവർത്തനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

(i) ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം

(ii) മലിനജല നിർഗമനം, ഖരമാലിന്യ പരിപാലനം

(iii) ശ്മശാനങ്ങൾ സ്ഥാപിക്കൽ

(iv) കുടിവെള്ള വിതരണം

(v) നടപ്പാതകളുടെ നിർമ്മാണം, തെരുവുവിളക്കുകൾ സ്ഥാപിക്കൽ

(vi) നഗരസഭകളുടേയും ഘടക സ്ഥാപനങ്ങളുടേയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം, സംരക്ഷണം

(vii) റോഡ് സംരക്ഷണം, പരിപാലനം

(2) അടിസ്ഥാന സേവനങ്ങളുടെ സമ്പൂർണ്ണത ഉറപ്പു വരുത്താൻ നഗരസഭകൾ പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.

(3) ഒരു വാർഷിക പദ്ധതിയിൽ ഒന്നോ രണ്ടോ സേവന ഘടകത്തിന് മാത്രം ഊന്നൽ നൽകി പ്രോജക്ട് ഏറ്റെടുത്ത് അത് പൂർണതയിലെത്തിക്കുകയെന്നത് അഭികാമ്യമായി രിക്കും.

(4) പതിനാലാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിനോടൊപ്പം മറ്റ് വിഭവ സാദ്ധ്യതകളും ആരായാവുന്നതാണ്.

### 13.9 അവലോകന യോഗങ്ങൾ

പൊതുജനങ്ങൾക്ക് അവരുടെ പരാതികൾ ഉന്നയിക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്ന തിനും ഉള്ള ഒരവസരം നഗരസഭകൾ നൽകുന്നത് അഭികാമ്യമായിരിക്കും. അതിനുവേണ്ടി മാസംതോറും ഒരു നിശ്ചിത ദിവസം ഭരണ സമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്ന ഒരു യോഗം നടത്തി ജനങ്ങളുടെ പരാതികളും നിർദ്ദേശങ്ങളും കേൾക്കേണ്ടതാണ്. പ്രസ്തുത യോഗത്തിൽ നഗരസഭയിലെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യം ഉണ്ടായിരിക്കണം. ഒരു യോഗത്തിലെ തീരുമാനങ്ങൾ സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ അടുത്ത യോഗത്തിൽ അവലോകനം ചെയ്യേണ്ടതാണ്.

## 14 പൊതു നിർദ്ദേശങ്ങൾ

### 14.1 നിർമ്മാണ പ്രവൃത്തികളുടെ നിർവഹണം

(1) നിർമ്മാണ പ്രോജക്ടുകൾ ഇ–ടെണ്ടർ നടപടികൾ അവലംബിച്ച് വേണം നിർവഹണം നടത്തേണ്ടത്. എന്നാൽ അൻപതിനായിരം രൂപവരെ അടങ്കൽ തുകയുള്ള നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നിർവഹണം നടത്താവുന്നതാണ്.

(2) സ്ക്കൂൾ അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ, ആശുപത്രി മാനേജ്മെന്റ് വികസന സമിതികൾ, അങ്കണവാടി ക്ഷേമ സമിതികൾ, പാടശേഖര സമിതികൾ മുതലായ ജനകീയ സമിതികളെ എൽപ്പിക്കുന്ന നിർമ്മാണ പ്രോജക്ടുകൾക്ക് അടങ്കൽ തുകയുടെ പരിധി ബാധമകല്ല.

(3) അക്രഡിറ്റഡ് ഏജൻസികളെ നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി നിർമ്മാണ പ്രോജക്ടുകളുടെ നിർവഹണം ഏൽപ്പിക്കാവുന്നതാണ്.

(4) അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികളും കരാറുകാർ മുന്നോട്ട് വരാത്ത നിർമ്മാണ പ്രവൃത്തികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് നിർവഹണം നടത്താവുന്ന താണ്.

### 14.2 സബ്സിഡി നിരക്കുകൾ

തദ്ദേശഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ടതായ സബ് സിഡി മാനദണ്ഡങ്ങൾ സംബന്ധിച്ച നിബന്ധനകൾ പ്രത്യേക ഉത്തരവായി പുറപ്പെടുവിക്കുന്നതാണ്.

### 14.3 പദ്ധതി ആസൂത്രണ നിർവഹണ മോണിട്ടറിംഗ് ചെലവുകൾ

(1) തദ്ദേശഭരണ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള പദ്ധതി ആസൂത്രണ, നിർവഹണ, മോണിട്ടറിംഗ് ചെലവുകൾക്കായി ഇതേ പേരിൽ ഒരു പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(2) ഇതിനു പുറമേ പദ്ധതി ആസൂത്രണ, നിർവഹണ, മോണിട്ടറിംഗ് ചെലവുകൾക്കായി ഓരോ പ്രോജക്ടിലും തുക വകയിരുത്താനോ ചെലവഴിക്കാനോ പാടില്ല.

(3) വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, നഗരസഭാതല ആസൂത്രണസമിതിയോഗങ്ങൾ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റ് യോഗങ്ങൾ എന്നിവയിൽ ഹാജരാകുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് ഈ പ്രോജക്ടിൽ നിന്നും യാത്രാബത്ത നൽകേണ്ടതാണ്.

(4) ആകെ വികസന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് ആസൂത്രണ, നിർവഹണ, മോണിട്ടറിംഗ് ചെലവുകൾക്ക് തുക വകയിരുത്തേണ്ടത്. ആയതിന്റെ പട്ടിക ചുവടെ കൊടുത്തിരിക്കുന്നു.

| തദ്ദേശഭരണ സ്ഥാപനം | പദ്ധതി രൂപീകരണം (ശതമാനവും തുകയും) | നിർവഹണം,മോണിട്ടറിംഗ് (ശതമാനവും തുകയും) |
|---|---|---|
| മുനിസിപ്പാലിറ്റി | 1 % പരമാവധി 7 ലക്ഷം | 0.5% പരമാവധി 3 ലക്ഷം |
| കോർപ്പറേഷൻ 100 കോടിക്ക് മുകളിൽ പദ്ധതി വിഹിതം | 0.1% പരമാവധി 20ലക്ഷം | 0.05% പരമാവധി 10 ലക്ഷം |
| കോർപ്പറേഷൻ 100 കോടിക്ക് താഴെ പദ്ധതി വിഹിതം | 0.3% പരമാവധി 10 ലക്ഷം | 0.2% പരമാവധി 5 ലക്ഷം |

(5) ആസൂത്രണ – മോണിട്ടറിംഗ് പ്രവർത്തനങ്ങൾക്ക് ഒരു പ്രോജക്ടാണ് തയ്യാറാക്കുന്നതെങ്കിലും ആഡിറ്റ് ആവശ്യങ്ങൾക്കായി വൗച്ചറുകൾ നൽകുമ്പോൾ രണ്ട് പ്രവർത്തനങ്ങളുടേയും കണക്കുകൾ പ്രത്യേകം തയ്യാറാക്കി നൽകേണ്ടതാണ്.

### 14.4 വാർഷിക പദ്ധതിയും വാർഷിക ബഡ്ജറ്റും

ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശഭരണ സ്ഥാപനം അംഗീകരിക്കുന്ന ബഡ്ജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. ബഡ്ജറ്റ് അംഗീകരിക്കുന്നതിനുമുമ്പായി വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ അംഗീകാരം ലഭിച്ചാലുടൻ വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി ബഡ്ജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബഡ്ജറ്റ് ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്.

### 14.5 രേഖകളുടെ കൈകാര്യവും സൂക്ഷിപ്പും

- പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ പാലിച്ചതിനു തെളിവായി സൂക്ഷിക്കേണ്ട എല്ലാ രേഖകളും, തദ്ദേശഭരണ സ്ഥാപനത്തിന്റെ ഓഫീസിൽ സെക്രട്ടറി സൂക്ഷിക്കേണ്ട താണ് .
- പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി തയ്യാറാക്കിയ അച്ചടിച്ചതും അല്ലാത്തതുമായ എല്ലാ രേഖകളും പദ്ധതി അംഗീകാരം ലഭിച്ച തിനുള്ള രേഖകളും അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സെക്രട്ടറി സൂക്ഷിക്കേണ്ടതാണ് .

- പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട രേഖകളും വൗച്ചറുകളും ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻമാർ സൂക്ഷിക്കേണ്ടതാണ്.

### 14.6 മോണിട്ടറിംഗും സോഷ്യൽ ഓഡിറ്റും

(1) പ്രോജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. അന്തിമ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സുലേഖ സോഫ്റ്റ് വെയറിൽ ലഭ്യമായ ഫോർമാറ്റ് ഉപയോഗിക്കാവുന്നതാണ്.

(2) വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിട്ടറിംഗ് കമ്മിറ്റിയുടെ കവീനറായി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണ സമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതുമാണ്.

(3) നിർമ്മാണ പ്രവൃത്തികൾക്ക് നിർബന്ധമായും പ്രാദേശിക മോണിട്ടറിംഗ് സമിതികൾ ഉണ്ടായിരിക്കണം. അയൽസഭകൾ പോലുള്ള ജനകീയ സംഘടനകളെ പ്രാദേശിക മോണിട്ടറിംഗ് സമിതികളായി ചുമതലപ്പെടുത്താവുന്നതാണ്.

(4) നിർമ്മാണ പ്രവൃത്തി സ്ഥലത്ത് വിശദമായ ബോർഡ് പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിക്കണം. പ്രവൃത്തിയുടെ പേര്, കരാറുകാരന്റെയും ചുമതലയുള്ള എഞ്ചിനീയറുടേയും പേരും ഫോൺ നമ്പരും, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ ഉപയോഗിക്കേണ്ട സാധന സാമഗ്രിയുടെ അളവ് മുതലായവ ബോർഡിൽ വ്യക്തമായി രേഖപ്പെടുത്തണം

(5) പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി സ്ഥലത്തെ പ്രവൃത്തിയുടെ പേര്, പൂർത്തീകരിച്ച വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്, എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണം.

(6) ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക പ്രോജക്ട് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

### 14.7 സമയപട്ടിക

നിർവഹണ പ്രക്രിയ നിശ്ചിതകാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിന് ഒരു സമയപട്ടിക നിശ്ചയിക്കണം. നിർവഹണത്തിലെ ഓരോ ഘട്ടത്തിലേയും പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

### 14.8 പ്രോജക്ട് പൂർത്തീകരണ പത്രം

പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ ഒരു പൂർത്തീകരണ പത്രം തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തണം. പൂർത്തീകരണപത്രം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും നിർബന്ധമായും തയ്യാറാക്കി ഡാറ്റാ എൻട്രി നടത്തിയിരിക്കണം. നിർവഹണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വിഷയ മേഖലാടിസ്ഥാനത്തിലും തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിലും ക്രോഡീകരിച്ച് സാമ്പത്തിക വർഷാവസാനം പദ്ധതി വിലയിരുത്തൽ നടത്തുവാൻ സഹായകരമായ രേഖയായി ഉപയോഗിക്കാവുന്നതാണ്.

## 15. 2018–19 പദ്ധതി രൂപീകരണ മുന്നൊരുക്കം

2017–18 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതിനുശേഷം പദ്ധതി നിർവഹണം ആരംഭിക്കുന്ന മുറയ്ക്കുതന്നെ വരും വർഷത്തേയ്ക്കുള്ള (2018–19) വാർഷിക പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രയത്നം ആരംഭിക്കണം. പ്രാദേശിക തലത്തിൽ രൂപംനൽകിയിട്ടുള്ള ആസൂത്രണ സമിതിയ്ക്ക് ഭരണസമിതിയെ ഇക്കാര്യത്തിൽ സഹായിക്കാനാകും. ആദ്യം വേണ്ടത് പഠനങ്ങൾ ഏറ്റെടുക്കുകയും അനൗപചാരിക ചർച്ചകൾ ആരംഭിക്കുകയും ആണ്. ആസൂത്രണ വാർഡ് സഭകൾ ഡിസംബർ–ജനുവരി മാസത്തിൽ തന്നെനടത്താൻ കഴിയണം. പുതിയ പദ്ധതിക്കുള്ള ജില്ലാ ആസൂത്രണസമിതി അംഗീകാരം ഫെബ്രുവരിയിൽ തന്നെ പൂർത്തിയാക്കത്തക്കനിലയിൽ കാര്യങ്ങൾ നീക്കിയാൽ 2018–19–ൽ പദ്ധതിയും പ്രോജക്ടുകളും മാർച്ച് 31 ന് മുൻമ്പു തന്നെ എല്ലാ അംഗീകാരങ്ങളും നേടിക്കൊണ്ട് 2018 ഏപ്രിൽ 1 ന് നിർവ്വഹണം ആരംഭിക്കാൻ കഴിയുന്നതാണ്. സംസ്ഥാന സർക്കാർ വകുപ്പുകളിൽ വർഷങ്ങളായി നടപ്പിലുള്ള ഈ മാതൃക തദ്ദേശഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കേണ്ടതാണ്.

അനുബന്ധം – 1

## വികസന മുൻഗണന – അഭിപ്രായ സർവേ

| ക്രമ നം | വികസന പ്രശ്നങ്ങൾ / വികസന സാധ്യതകൾ* | പ്രശ്നമില്ല | പ്രശ്നമുണ്ട് | | | മുൻഗണനാക്രമം റാങ്ക് നൽകി അടയാളപ്പെടുത്തുക |
|---|---|---|---|---|---|---|
| | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | |
| 1 | കൃഷി : നെല്ലിന്റേയും പച്ചക്കറിയുടേയും ഉത്പാദനം | | | | | |
| 2 | മൃഗ പരിപാലനം : പാൽ, മുട്ട, ഇറച്ചി ഉത്പാദനം | | | | | |
| 3 | ചെറുകിട സംരംഭകത്വ വികസനം | | | | | |
| 4 | തൊഴിലവസരങ്ങൾ സൃഷ്ടിക്കുക | | | | | |
| 5 | പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുക | | | | | |
| 6 | കലയും കായിക വിനോദവും വികസിപ്പിക്കൽ | | | | | |
| 7 | പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തുക | | | | | |
| 8 | മാലിന്യം : മാലിന്യ നിർമ്മാർജ്ജനം | | | | | |
| 9 | ജലസംരക്ഷണം ജലാശയങ്ങളുടെ മലിനീകരണം | | | | | |
| 10 | കുടിവെള്ള ലഭ്യത | | | | | |
| 11 | വെള്ളത്തിന്റെ ഗുണനിലവാരം | | | | | |
| 12 | അന്തരീക്ഷ മലിനീകരണം | | | | | |
| 13 | ഭൂരഹിത ഭവന രഹിതർ/ഭവന രഹിതർ | | | | | |
| 14 | കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ ക്ഷേമം | | | | | |
| 15 | സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം | | | | | |
| 16 | പട്ടികജാതി /പട്ടിക വർഗവികസനവും | | | | | |
| 17 | ചേരി പരിഷ്കരണം. | | | | | |
| 18 | നഗരസഭകളിൽ നിന്നുള്ള സേവനം മെച്ചപ്പെടുത്തുക | | | | | |
| 19 | ഇന്റർനെറ്റ് വഴിയുള്ള സർക്കാർ സംവിധാനം | | | | | |
| 20 | റോഡും ഗതാഗത സൗകര്യങ്ങളും | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 21 | നടപ്പാത സൗകര്യങ്ങൾ | | | | | |
| 22 | വാഹന പാർക്കിംഗ് സൗകര്യം | | | | | |
| 23 | | | | | | |
| 24 | | | | | | |
| 25 | | | | | | |

- മുകളിൽ പ്രതിപാദിച്ചവയ്ക്ക് പുറമെ അധികമായി ഉൾപ്പെടുത്തണം എന്നു താങ്കൾ കരുതുന്ന പ്രശ്നങ്ങൾ /സാധ്യതകൾ എഴുതി ചേർക്കാവുന്നതാണ്.

ഒപ്പ്

പേര്
വാർഡ്

*കുറിപ്പ്:-മേൽ വിവരിച്ചിട്ടുള്ള വികസന പ്രശ്നങ്ങളെ പ്രശ്നം ഇല്ലാത്തവ, പ്രശ്നം ഉള്ളതു തന്നെ ലഘുതരം, ഗുരുതരം, അതീവ ഗുരുതരം എന്നിങ്ങനെ നാലു വിഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ട്. താങ്കളുടെ നിഗമനത്തിൽ ഓരോ വികസന പ്രശ്നം ഏതു വിഭാഗത്തിൽ ഉൾപ്പെടുത്തണമോ ആയതിനു നേരെ മാത്രം ടിക് ( ✓ ) മാർക്ക് നൽകുകയും അതൊടൊപ്പം മുൻഗണനാ റാങ്ക് നൽകുകയും ചെയ്യുക ഒന്നിലധികം പ്രശ്നങ്ങൾക്ക് ഓരോ മുൻഗണന റാങ്ക് നൽകാൻ പാടില്ല.*

**അനുബന്ധം 2**

## പദ്ധതി ആസൂത്രണ വാർഡ് സഭാ യോഗത്തിന്റെ കാര്യപരിപാടി (മാതൃക)

| | ഇനം | | ചുമതലപ്പെട്ടവർ |
|---|---|---|---|
| 1. | സ്വാഗതം | : | വാർഡ്സഭാ കൺവീനർ/വാർഡ് കൗൺസിലർ |
| 2 | നഗരസഭയുടെ വികസന കാഴ്ചപ്പാട് | | നഗരസഭ അദ്ധ്യക്ഷൻ/ ഉപ അദ്ധ്യക്ഷൻ |
| 3 | പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി യിലെ വാർഷിക പദ്ധതി നിർവഹണ റിപ്പോർട്ട് അവതരണം. | : | സെക്രട്ടറി/സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
| 4 | മിഷൻ പ്രവർത്തനങ്ങളും നഗരസഭാ പദ്ധതിയും | | വാർഡ് ഫെസിലിറ്റേറ്റർ/സന്നദ്ധ പ്രവർത്തകൻ |
| 5 | 2017–18 വാർഷിക പദ്ധതി കരട് പ്രോജക്ട് നിർദ്ദേശങ്ങൾ , കരട് വികസനരേഖ അവതരണം | : | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരിൽ ഒരാൾ |
| 6 | പൊതു ചർച്ചയും ചോദ്യോത്തരങ്ങളും | : | ചോദ്യങ്ങൾ മുൻകൂട്ടിയോ തത്മസമയമോ എഴുതി വാങ്ങിക്കാവുന്നതാണ്. തത്സമയം ചോദ്യങ്ങൾ ചോദിക്കുവാൻ അനുവദിക്കേണ്ടതാണ് |
| 7 | ഗ്രൂപ്പ് ചർച്ച (കരട് പ്രോജക്ട് നിർദ്ദേശങ്ങൾ, സ്റ്റാറ്റസ് റിപ്പോർട്ട്, കരട് വികസനരേഖ എന്നിവ സംബന്ധിച്ച ചർച്ച) | : | തദ്ദേശഭരണ സ്ഥാപനതലത്തിൽ എത്ര വർക്കിംഗ് ഗ്രൂപ്പുകൾ ഉണ്ടോ അത്രയും ഗ്രൂപ്പുകളായി ചർച്ച നടത്തി പൊതു നിർദ്ദേശങ്ങളും മുൻഗണനകളും തയ്യാറാക്കണം. ഓരോ വിഷയ ഗ്രൂപ്പിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് ഒരംഗം ഫെസിലിറ്റേറ്റർ ആയി പ്രവർത്തിക്കണം. |
| 8 | ഗ്രൂപ്പ് ചർച്ചയുടെ റിപ്പോർട്ടിംഗ് (പ്ലീനറി സെക്ഷൻ) | : | ഓരോ ഗ്രൂപ്പിന്റെയും എഴുതി തയ്യാറാക്കിയ നിർദ്ദേശങ്ങളുടെ അവതരണം |
| 9 | കരട് പദ്ധതി നിർദ്ദേശങ്ങൾ സംബന്ധിച്ച പൊതു ചർച്ച | : | തങ്ങൾ പങ്കെടുക്കാത്ത വിഷയമേഖലയെക്കുറിച്ച് അംഗങ്ങൾക്കുള്ള അഭിപ്രായം |
| 10 | ചർച്ചകളുടെ ക്രോഡീകരണം തീരുമാനങ്ങൾ അറിയിക്കൽ | : | മേയർ/ചെയർപേഴ്സൺ/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ |
| 11 | മിനിട്സ്, തീരുമാനങ്ങൾ എന്നിവ എഴുതി പൂർത്തിയാക്കിയതിൽ ഒപ്പു രേഖപ്പെടുത്തൽ | : | ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് പുറമേ വാർഡ്സഭാ യോഗത്തിൽ പങ്കെടുത്ത ഏത് അംഗത്തിനും ഒപ്പ് വയ്ക്കാവുന്നതാണ്. |
| 12 | സമാപനം, നന്ദി | : | വാർഡ് കോ–ഓർഡിനേറ്റർ |

കുറിപ്പ്: 1) ഊരുകൂട്ടയോഗങ്ങൾക്കും മത്സ്യസഭ യോഗങ്ങൾക്കും ഈ കാര്യപരിപാടി മാതൃക യാക്കാവുന്നതാണ്.

## പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ

### 1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പദ്ധതിയുടെ വിഭവസ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക, പദ്ധതികണക്കുകൾ കൃത്യമായും ചിട്ടയായും തയ്യാറാക്കുക, പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്റ്റുകൾ ശുപാർശ ചെയ്യുക, ശുപാർശ ചെയ്ത പ്രകാരം തയ്യാറാക്കിയ പ്രോജക്റ്റുകളുടെ കൃത്യതയും നിയമസാധുതയും ഉറപ്പുവരുത്തി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അംഗീകരിച്ച് ഭരണസമിതിക്ക് ശുപാർശ ചെയ്യുക എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്.

### 2. വികസന സ്റ്റാന്റിംഗ് കമ്മിറ്റി

നഗരസഭാതല ആസൂത്രണസമിതി വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതുവരെയുള്ള ആസുത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്തുക, ആവശ്യമായ യോഗങ്ങൾ യഥാസമയം വിളിച്ചു ചേർക്കുക, ആവശ്യമായ തീരുമാനങ്ങൾ യഥാസമയം ഭരണസമിതിയിൽ എടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക, ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക. വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കി ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുക, പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട തയ്യാറാക്കേണ്ട എല്ലാ രേഖകളും കൃത്യമായും ചിട്ടയായും തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക, ആവശ്യമായ മുഴുവൻ രേഖകൾ സഹിതം പദ്ധതി യഥാസമയം പരിശോധനയ്ക്കായി സമർപ്പിക്കുക, പദ്ധതി/പ്രോജക്റ്റ് പരിശോധന ഘട്ടത്തിൽ കാണുന്ന ന്യൂനതകൾ യഥാസമയം പരിഹരിച്ചു നൽകുക എന്നിവയ്ക്ക് നേതൃത്വപരമായ പങ്ക് വഹിക്കേണ്ടത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്. കൂടാതെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് മുനിസിപ്പൽ ആക്ട് പ്രകാരം നൽകപ്പെട്ട വിഷയങ്ങളിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പറഞ്ഞിട്ടുള്ള എല്ലാ ചുമതലകളും കൂടി ഉണ്ടായിരിക്കുന്നതാണ്.

### 3. മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പൊതുവികസന കാഴ്ചപ്പാടിന് അനുസൃതമായി, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ആക്റ്റ് പ്രകാരം നൽകപ്പെട്ട വിഷയങ്ങളിൽ മെച്ചപ്പെട്ട പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിനാവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളുക, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വിഷയ ചുമതലയിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ആവശ്യാനുസരണം വിളിച്ചുചേർക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, അവ ഫലപ്രദമായി പ്രവർത്തിക്കുന്നതിനു വേണ്ട ഇടപെടലുകൾ നടത്തുക, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വിഷയവുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ വർക്കിംഗ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് പൂർണ്ണവും കുറ്റമറ്റതുമാക്കുക. അപ്രകാരമുള്ള പ്രോജക്റ്റുകളുടെ കൃത്യതയും നിയമ സാധുതയും ഉറപ്പുവരുത്തി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അംഗീകരിച്ച് ഭരണസമിതിക്ക് ശുപാർശ ചെയ്യുക എന്നിവ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകളാണ്.

**അനുബന്ധം :4**

## അഗതി കുടുംബങ്ങൾക്ക് ആശ്രയ പ്രോജക്ട്

1. ദാരിദ്ര്യം ലഘൂകരിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ നഗരസഭകളും അഗതി കുടുംബങ്ങൾക്കുവേണ്ടി ആശ്രയ പ്രോജക്ട് തയ്യാറാക്കണം .

2. **അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ**

2.1 ആശ്രയ പ്രോജക്ട് തയ്യാറാക്കുന്നതിന്റെ ആദ്യപടിയായി കുടുംബശ്രീ ആവിഷ്ക്കരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തണം. ചുവടെ കൊടുത്തിരിക്കുന്ന ഒൻപത് മാനദണ്ഡങ്ങളിൽ ഏഴ് മാനദണ്ഡമെങ്കിലും ബാധകമായ എല്ലാ കുടുംബങ്ങളുടേയും ഒരു പട്ടിക ആദ്യ പടിയായി തയ്യാറാക്കണം

(1) ഭൂരഹിതർ/5 സെന്റിൽ താഴെ ഭൂമിയുള്ളവർ

(2) ഭവന രഹിതർ/ജീർണ്ണിച്ച വീട്ടിൽ താമസിക്കുന്നവർ

(3) 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ലാത്ത കുടുംബങ്ങൾ

(4) ശുചിത്വ കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ

(5) ജോലിയുള്ള ഒരാൾപോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി)

(6) വനിത കുടുംനാഥയായിട്ടുള്ള കുടുംബം

(7) ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവരോ തീരാവ്യാധികൾ പടിപെട്ടവരോ ഉള്ള കുടുംബം

(8) പട്ടികജാതി/പട്ടികവർഗ കുടുംബം

(9) കളർ ടെലിവിഷൻ ഇല്ലാത്ത കുടുംബം

**2.2 അഗതി കുടുംബമായി പരിഗണിക്കുന്നതിനുള്ള ക്ലേശ ഘടകങ്ങൾ**

(1) രാത്രി കാലം പൊതു സ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ

(2) സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ/ വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ

(3) ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ

(4) ഭക്ഷണത്തിന് വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരുംതന്നെയില്ലാത്ത കുടുംബം

(5) അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ

(6) തെരുവ് കുട്ടികൾ ദുർഗുണ പരിഹാര പാഠശാല (juvainal home) അഗതി മന്ദിരം (poor home) എന്നിവിടങ്ങളിൽ കഴിയുന്ന കുട്ടികൾ ഉള്ള കുടുംബം

(7) കുടുംബം പോറ്റുന്നതിന് തൊഴിൽ ചെയ്യാൻ നിർബന്ധിതരായ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ ഉള്ള കുടുംബം

(8) ലൈംഗിക തൊഴിലാളികൾ (Comercial sex workers) ഉള്ള കുടുംബം

(9) അബല മന്ദിരത്തിൽ താമസിക്കുന്ന വനിത അംഗമായിട്ടുള്ള കുടുംബം

(10) ചേരി പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബം

2.3 ആദ്യം തയ്യാറാക്കിയ പട്ടികയിൽ മുകളിൽ വിവരിച്ചിട്ടുള്ള 10 ക്ലേശ ഘടകങ്ങളിൽ ഏതെങ്കിലും ഒന്ന് ബാധകമായ കുടുംബത്തെ അഗതി കുടുംബമായി കണക്കാക്കാവുന്നതാണ്.

2.4 (i)മുകളിൽ വിവരിച്ച പ്രകാരം അഗതി കുടുംബങ്ങളുടെ പട്ടിക അയൽക്കൂട്ടം തയ്യാറാക്കി കഴിഞ്ഞാൽ അയൽക്കൂട്ട അംഗങ്ങൾ കഴിയുന്നിടത്തോളം വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കൊപ്പം ഗ്രൂപ്പുകളായി ഓരോ അഗതി കുടുംബവും സന്ദർശിക്കണം.

(ii) ഓരോ ഗ്രൂപ്പും സന്ദർശിക്കുന്ന അഗതി കുടുംബത്തിന്റെ ഒരു രൂപരേഖ തയ്യാറാക്കണം. ഇതിനാവശ്യമായ ഫോറങ്ങൾ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ലഭ്യമാക്കുന്നതാണ്.

(iii) കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ പട്ടിക വാർഡ്സഭ/വാർഡ്കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം തേടണം.

(iv) ഇത് സംബന്ധിച്ച് ഉണ്ടാകുന്ന ഓരോ പരാതിയും സൂക്ഷ്മമായി പരിശോധിക്കേണ്ടതും വിശദമായ റിപ്പോർട്ട് വാർഡ്സഭ/വാർഡ്കമ്മിറ്റിയിയുടെ അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

(v) ഒരു വാർഡിലെ അഗതി കുടുംബങ്ങളുടെ പട്ടിക അന്തിമമായി അംഗീകരിക്കേണ്ടത് വാർഡ് സഭ/ വാർഡ് കമ്മിറ്റിയാണ്.

### 3 അഗതി കുടുംബങ്ങൾക്കുവേണ്ടിയുള്ള പരിചരണ സേവനങ്ങളുടെ പാക്കേജ്

- നഗരസഭ അഗതി കുടുംബങ്ങൾക്കായി ആശ്രയ പദ്ധതി പ്രകാരം പരിചരണ സേവനങ്ങളുടെ ഒരു പാക്കേജ് തയ്യാറാക്കേണ്ടതാണ് അതിന്റെ .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**3.1 ഭക്ഷണം**

(1) 65 വയസിനു മുകളിൽ പ്രായമുള്ള എല്ലാ അഗതികൾക്കും അന്നപൂർണ്ണ പദ്ധതി പ്രകാരം ഭക്ഷ്യധാന്യം സൗജന്യമായി ലഭ്യമാക്കണം.

(2) പെൻഷനോ മറ്റ് യാതൊരു വരുമാന മാർഗമോ ഇല്ലാത്ത, കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന അഗതി കുടുംബങ്ങൾക്ക് അന്ത്യോദയ അന്ന യോജന പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യണം. ഭക്ഷ്യധാന്യത്തിന്റെ വില നഗരസഭകൾക്ക് നൽകുന്ന കുടുംബശ്രീ അഗതി പുനരധിവാസ ഫണ്ടിൽ നിന്നും അഗതി കുടുംബങ്ങളുടെ റേഷൻകാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുവിതരണ കേന്ദ്രത്തിൽ (റേഷൻ കടയിൽ) നേരിട്ട് ഒടുക്കേണ്ടതാണ്.

(3) അയ്യൻകാളി തൊഴിൽദാന പരിപാടികളിൽ അഗതികളെ പ്രത്യേക പരിഗണന നൽകി പങ്കെടുപ്പിക്കുന്നതിലൂടെ വേതനം ലഭിക്കുന്ന തൊഴിലും ഭക്ഷ്യധാന്യങ്ങളുടെ വിതരണവും ഉറപ്പുവരുത്തണം.

(4) ഭിന്നശേഷിക്കാർ, ദീർഘകാലമായി രോഗബാധിതർ, നിത്യരോഗികൾ, വളരെയേറെ പ്രായമുള്ളവർ എന്നിവർ മാത്രവും ഭക്ഷണം പാകം ചെയ്യാൻ ശേഷിയുള്ള ഒരാൾപോലും ഇല്ലാത്തതും ആയ അഗതി കുടുംബങ്ങൾക്ക് അംഗൻവാടികളിലൂടെ ഭക്ഷണം വിതരണം ചെയ്യണം.

(i) ഈ ചുമതല കുടുംബശ്രീ അയൽക്കൂട്ടങ്ങളേയും ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികളേയും ഏൽപ്പിക്കാവുന്നതാണ്.

(ii) ഈ വിഭാഗത്തിലെ അംഗങ്ങൾക്ക് ഭക്ഷണം പാകം ചെയ്ത് വിതരണം നടത്തുന്നതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനത്തിന്റെ അഗതി പുനരധിവാസ ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്.

(iii)അപ്രകാരം ഒരു മാസം ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനാവശ്യമായ തുക മുൻകൂറായി ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾക്ക് നൽകാവുന്നതാണ്.

### 3.2 ആരോഗ്യ സുരക്ഷ

(1) ക്ഷയം, കുഷ്ഠം, ക്യാൻസർ എയ്ഡ്സ്, ഹൃദ്രോഗം, വൃക്കരോഗം, മസ്തിഷ്ക സംബന്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്ക് ഇരയായിട്ടുള്ള അഗതികളുടെ ചികിത്സയ്ക്കായി കൈമാറ്റം ചെയ്തിട്ടുള്ള ആശുപത്രികളിൽ ലഭ്യമായ സേവനം പ്രയോജനപ്പെടുത്തണം. ഇതിനായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക നടപടി സ്വീകരിക്കണം.

(2) അഗതി കുടുംബങ്ങളുടെ വ്യത്യസ്തങ്ങളായ ആരോഗ്യ ആവശ്യങ്ങൾ ശ്രദ്ധയോടെ നിരീക്ഷിക്കേണ്ട ചുമതല പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനാണ്.

(3) അഗതി കുടുംബങ്ങൾക്ക് ഏത് രീതിയിലാണ് സേവനം പ്രദാനം ചെയ്യേണ്ടതെന്ന് തീരുമാനിക്കുന്നത് നഗരസഭാ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളും നഗരസഭകളും കൂടിയാലോചിച്ചായിരിക്കണം.

(4) നിലവിലുള്ള പദ്ധതി വിഹിതം/വികസനഫണ്ട്/മറ്റ് സ്രോതസ്സുകൾ എന്നിവയിൽ നിന്ന് ആരോഗ്യ സുരക്ഷാ പ്രവർത്തനങ്ങൾക്ക് നഗരസഭകൾ ആവശ്യമായ വിഭവം കണ്ടെത്തേണ്ടതാണ്.

(5) ക്ഷയം, കുഷ്ഠം, ക്യാൻസർ എയ്ഡ്സ്, ഹൃദ്രോഗം, വൃക്കരോഗം, മസ്തിഷ്ക സംബന്ധമായ രോഗം എന്നിവയുടെ ചികിത്സയ്ക്ക് മെഡിക്കൽ കോളേജുകളിലും ജില്ലാ/ജനറൽ ആശുപത്രികളിലും ലഭ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനവും പ്രയോജന പ്പെടുത്തേണ്ടതാണ്. ഇതിനുവേണ്ടി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതും ചെലവ് അഗതി പുനരധിവാസ ഫണ്ടിൽ നിന്നും വഹിക്കാവുന്നതുമാണ്.

(6) ആധുനിക സൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രികളെകൊണ്ട് രോഗ ബാധിതരായ അഗതികളുടെ ചികിത്സ സൗജന്യമായി സ്പോൺസർ ചെയ്യിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പരിശ്രമിക്കേണ്ടതാണ്.

(7) പ്രധാനമന്ത്രിയുടെ/മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അഗതികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേ ണ്ടതാണ്.

(8) രോഗബാധിതരായ അഗതികൾക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നഗരസഭകൾ സ്വീകരിക്കണം.

(i) അതിന് പ്രാഥമികാരോഗ്യ കേന്ദ്രം/ ഇതര സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമായ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(ii) ആവശ്യമാണെങ്കിൽ അഗതി പുനരധിവാസ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

(iii) ഈ പ്രക്രിയയിൽ സുതാര്യത ഉറപ്പവരുത്തുന്നതിന് ആരോഗ്യമേഖലയിലെ വിദഗ്ധർ ഉൾപ്പെടുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി ആവശ്യമായ മരുന്നുകൾ ഏത് എന്ന് നിശ്ചയിക്കേണ്ടതും അവ വാങ്ങി അഗതികളായ രോഗികൾക്ക് നൽകുകയും വേണം.

(iv) രോഗികൾക്കാവശ്യമായ മരുന്നുകൾ യഥാസമയം ലഭിക്കുന്നുണ്ടെന്ന് അയൽക്കൂട്ടങ്ങൾ ഉറപ്പവരുത്തേണ്ടതാണ്.

(9) പരോപകാര തൽപരരായ വ്യക്തികളേയും ധർമ്മ സ്ഥാപനങ്ങളേയും അഗതികളുടെ ചികിത്സാ ആവശ്യങ്ങൾ സ്പോൺസർ ചെയ്യുവാൻ പ്രേരിപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സ്പോൺസർമാരെ കണ്ടെത്തുന്നതിന് ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കാവുന്നതാണ്.

(10) തദ്ദേശഭരണ സ്ഥാപനതലത്തിൽ സന്നദ്ധ സേവന തൽപരരായ ആതുര ശ്രൂശ്രൂഷാ പ്രവർത്തകരുടെ ഒരു സമിതി രൂപീകരിക്കുകയും അഗതികൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവരുടെ സേവനം ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

**3.3 ഭിന്നശേഷിക്കാർക്ക് ആശ്വാസം നൽകൽ**

(1) പ്രധാനമന്ത്രി ആവാസ് യോജന പോലുള്ള കേന്ദ്രാവിഷ്കൃത പരിപാടികളിൽ ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അനുവദനീയമായ മൂന്ന് ശതമാനം തുക വിനിയോഗിക്കുന്ന പ്രോജക്ടുകൾ, ആശ്രയ കുടുംബങ്ങളിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രത്യേക മുൻഗണന നൽകി നടപ്പാക്കേണ്ടതാണ്.

(2) അഗതികൾക്ക് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണ ത്തോടെ തൊഴിൽ വൈദഗ്ധ്യ പരിശീലനം നൽകുവാനുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കണം.

(3) പൊതുവിഭാഗം വികസനഫണ്ട് വിനിയോഗിച്ച് അഗതി കുടുംബങ്ങളിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(4) ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ തൊഴിലധിഷ്ഠിത പ്രോജക്ടുകൾക്ക് കേന്ദ്ര/സംസ്ഥാന സാമൂഹ്യ ക്ഷേമ ഉപദേശക ബോർഡുകളിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

(5) നഗരസഭയക്ക് ബഡ്സ് മാതൃകയിൽ ഉള്ള സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

**3.4** അഗതികളിൽ അർഹരായവർക്ക് വാർദ്ധക്യകാല പെൻഷനും മറ്റു പെൻഷനുകളും അനുവദിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉയർന്ന മുൻഗണനന നൽകണം.

**3.5** വൃദ്ധരുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**3.6 കിടപ്പാടം**

(1) ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങിനൽകിയതിനുശേഷം മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകുവാൻ പാടുള്ളൂ.

(2) അഗതി കുടുംബങ്ങളുടെ പുനരധിവാസത്തിന് നഗരപ്രദേശങ്ങളിൽ രണ്ട് സെന്ററിൽ കുറയാതെ ഭൂമി കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ കണ്ടെത്തേണ്ടതാണ്. ഭൂമിയുടെ വില, പട്ടികജാതി/പട്ടികവർഗക്കാർക്കായി നടപ്പാക്കുന്ന സമാന പരിപാടികൾക്ക് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പരിധിക്ക് വിധേയമായി ഭൂവുടമയ്ക്ക് നേരിട്ട് നടാക്കാവുന്നതാണ്

**3.7 പാർപ്പിടം**

(1) ഭവനരഹിതരും വീട് നിർമ്മിക്കുവാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ സഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിനുശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകുവാൻ പാടുള്ളൂ.

(2) അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

**3.8 കുടിവെള്ളം**

(1) നിലവിലുള്ള കുടിവെള്ള പ്രോജക്ടുകളിൽ അഗതി കുടുംബങ്ങളുടെ വീടുകൾക്ക് ഏറ്റവും സമീപത്തായി പബ്ലിക് സ്റ്റാന്റ് പോസ്റ്റ് സ്ഥാപിക്കേണ്ടതാണ്.

(2) പുതുതായി ആരംഭിക്കുന്ന കുടിവെള്ള പ്രോജക്ടുകളിൽ അഗതി കുടുംബങ്ങൾ കൂടുതലുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

(3) അഗതി കുടുംബങ്ങൾക്കായി തുറസ്സായ കിണർ കുഴിക്കാവുന്നതാണ്.

**3.9 വിദ്യാഭ്യാസം**

(1) അഗതി കുടുംബങ്ങളിൽ സ്കൂളിൽ ചേരാത്ത കുട്ടികളുണ്ടെങ്കിൽ അവരെ കണ്ടെത്തി എല്ലാവരെയും സ്കൂളിൽ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

(2) വിദ്യാഭ്യാസം ഉപേക്ഷിച്ചവരെ വീണ്ടും സ്കൂളിൽ ചേർക്കാൻ നടപടി സ്വീകരിക്കുന്നതിലൂടെ അഗതി കുടുംബങ്ങളിലെ 18 വയസ്സിൽ താഴെ പ്രായമുള്ള എല്ലാ കുട്ടികളും വിദ്യാഭ്യാസം ചെയ്യുന്നുവെന്ന് ഉറവരുത്തണം.

(3) അഗതി കുടുംബത്തിലെ സ്കൂൾ കുട്ടികൾക്ക് ആവശ്യമായ പഠനോപകര ണങ്ങൾ, യൂണിഫോം, കുട, ചെരുപ്പ്, സ്കൂൾബാഗ് മുതലായവ ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ വ്യക്തികളോ സംഘടനകളോ ഏർപ്പെടുത്തുന്ന സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുന്നതിന് ശ്രമിക്കണം.

(4) അഗതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താൻ പ്രത്യേക കോച്ചിംഗ് ഏർപ്പെടുത്താവുന്നതാണ്. ഇതിനായി യോഗ്യതയുള്ള ബിരുദധാരികൾ, കോളേജ് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സാക്ഷരതാ പ്രേരക്മാർ മുതലായവരെ ഉൾപ്പെടുത്തി ഒരു സപ്പോർട്ട് ഗ്രൂപ്പ് നഗരസഭാതലത്തിലും വാർഡ് തലത്തിലും രൂപീകരിക്കാവുന്നതാണ്. ഇതിനാവശ്യമായ സംഘാടന ചെലവ് കുടുംബശ്രീ അഗതി പുനരധിവാസ ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്. എന്നാൽ ആർക്കും ഹോണറേറിയം അനുവദിക്കാൻ പാടില്ല.

### 3.10 സാമൂഹ്യമായ ഒറ്റപ്പെടൽ

(1) അഗതി കുടുംബത്തിലെ അംഗങ്ങളെ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെത്തുവാൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ്സൊസൈറ്റികൾ നടപടി സ്വീകരിക്കണം. അപ്രകാരം അവരുടെ സാമൂഹ്യമായ ഒറ്റപ്പെടൽ അവസാനിപ്പിക്കാവുന്നതാണ്.

(2) അഗതി കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ നിർവഹണം, മേൽനോട്ടം, മോണിറ്ററിംഗ് മുതലായ കാര്യങ്ങൾ അയൽക്കൂട്ടങ്ങളുടെ ചുമതലയിലായിരിക്കണം.

(3) അഗതി കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പൗരസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, അഗതികളെ കണ്ടെത്തുന്നതിനുള്ള സർവേ എന്നിവ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണസ്ഥാപനങ്ങൾ സംഘടിപ്പിക്കണം.

(4) അഗതി കുടുംബങ്ങളിലെ അംഗങ്ങളുടെ സർഗവാസന വികസിപ്പിക്കുന്നതിനും അവരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും സമൂഹത്തിലെ മറ്റു വിഭാഗങ്ങൾക്കൊപ്പം ഇടപഴകുന്നതിനുള്ള ആത്മബലം നൽകുന്നതിനും അനുയോജ്യമായ കൗൺസിലിംഗ് സംഘടിപ്പിക്കുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

(5) അഗതികളുടെ മാനസിക ശാരീരിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ മനഃശാസ്ത്രജ്ഞരുടെയും വിദഗ്ധരുടെയും പ്രൊഫഷണൽ ഉപദേശാനുസരണം തദ്ദേശഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. അതിന്റെ ചെലവ് പൊതുവിഭാഗം വികസനഫണ്ടിൽ ഉൾപ്പെടുത്താവുന്നതാണ്.

**3.14 വസ്ത്രം:-**

വസ്ത്രം സ്പോൺഷിപ്പിലൂടെ ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്. പട്ടികവർഗ വിഭാഗത്തിലെ ആശ്രയ കുടുംബത്തിൽ ഉൾപ്പെട്ടവർക്ക് വസ്ത്രം നൽകേണ്ടിവരുന്നുവെങ്കിൽ സ്പോൺസർഷിപ്പ് ലഭിക്കാതെ വരുമ്പോൾ ചലഞ്ച് ഫണ്ടിൽ നിന്നും വസ്ത്രം ലഭ്യമക്കാവുന്നതാണ്.

**3.12 തൊഴിൽ പരിശീലനവും തൊഴിലും:**

(1) അഗതി കുടുംബങ്ങളെ ഘട്ടംഘട്ടമായി സ്വയംപര്യാപ്തിയിലേക്ക് നയിക്കുന്നതിന്റെ ഭാഗമായി സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

(2) ആശ്രയ കുടുംങ്ങൾക്ക് അനുയോജ്യമായ സംരംഭങ്ങൾ കണ്ടെത്തി ആയത് വിജയകരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാവുന്നതാണ്. നഗരസഭകളും കുടുംബശ്രീ മിഷനും നടപ്പിലാക്കുന്ന വൈദഗ്ധ്യ പരിശീലന പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്.

(3) ആശ്രയ കുടുംങ്ങളിലെ തൊഴിൽ ചെയ്യുവാൻ ശേഷിയുള്ള അംഗങ്ങളെ അയ്യങ്കാളി തൊഴിലുറപ്പ പദ്ധതി പ്രകാരമുള്ള തൊഴിൽ കാർഡ് ലഭ്യമാക്കി തൊഴിലിൽ ഏർട്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(4) ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർ സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുമ്പോൾ സബ്സിഡിക്ക് പുറമേ ബാങ്ക് വായ്പയ്ക്ക് തുല്യമായ തുക പ്രത്യേക അപേക്ഷ പ്രകാരം കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും അനുവദിക്കാവുന്നതാണ്.

**3.13 പുനരധിവാസം**

(1) സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തതും, ആരോഗ്യപരമായി പ്രശ്നങ്ങൾ ഉള്ളവരും ഒറ്റപ്പെട്ടവരുമായവരെ തദ്ദേശഭരണ സ്ഥാപനത്തിന്റെ പുനരധിവാസ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്.

(2) തദ്ദേശഭരണ സ്ഥാപനത്തിന് സ്വന്തമായി പുനരധിവാസ കേന്ദ്രം ഇല്ലായെങ്കിൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ/സി.ഡി.എസിന്റെ ഉത്തരവാദിത്വത്തിൽ ഏറ്റവും അടുത്ത സർക്കാർ അംഗീകൃത പുനരധിവാസ കേന്ദ്രത്തിൽ പ്രവേശിപ്പിക്കണം. ഇതിനാവശ്യമായ പ്രാഥമിക ചെലവുകൾ ആശ്രയ ഫണ്ടിൽ നിന്നും ഉപയോഗിക്കാവുന്നതാണ്.

**3.15 റിസർവ് ഫണ്ട്:**

(1) ചലഞ്ച് ഫണ്ടായി അനുവദിക്കുന്ന തുകയുടെ ഒരു ശതമാനം അത്യാവശ്യ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി അക്കൗണ്ടിൽ റിസർവ് ഫണ്ടായി സൂക്ഷിക്കേണ്ടതാണ്.

(2) ആശ്രയ പ്രോജക്ടിലെ കുടുംബാംഗങ്ങൾക്ക് പെട്ടെന്നുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ, മറ്റ അത്യാഹിതങ്ങൾ എന്നിവ നേരിടുന്നതിന് ഈ തുക സി.ഡി.എസ്. തീരുമാന പ്രകാരം ഉപയോഗിക്കാവുന്നതും വിലയിരുത്തൽ സമിതിയിൽ സാധൂകരണം വാങ്ങേണ്ടതുമാണ്.

**3.15 മോണിറ്ററിംഗ്:**

(1) ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽസമിതിയിൽ നിക്ഷിപ്തമാണ്.

(i) ആശ്രയ പ്രോജക്ടിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കേണ്ടതാണ്.

(ii) തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനായിരിക്കണം ഉപസമിതി അദ്ധ്യക്ഷൻ. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, തദ്ദേശ ഭരണ സെക്രട്ടറി, സി.ഡി.എസ്. ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ആഫീസർ, അംഗൻവാടി സൂപ്പർവൈസർ, സി.ഡി.എസിലെ സാമൂഹ്യ വികസന (ആശ്രയ)ത്തിന്റെ ചുമതലയുള്ള അംഗം, ഈ രംഗത്ത് പ്രവർത്തിക്കാൻ താല്പര്യമുള്ള രണ്ട് സാമൂഹ്യപ്രവർത്തകർ തുടങ്ങിയവർ ഉപസമിതി അംഗങ്ങളായിരിക്കും.

(iii) ഉപസമിതിയുടെ റിപ്പോർട്ട് നഗരസഭാ കൗൺസിലിൽ വിലയിരുത്തേണ്ടതാണ്. രണ്ടു മാസത്തിലൊരിക്കൽ ഭരണസമിതി നിർബന്ധമായും ആശ്രയ പദ്ധതി നടത്തിപ്പ് വിലയിരുത്തേണ്ടതാണ്. ഭരണസമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(2) (i) ജില്ലാ ആസൂത്രണ സമിതിയുടെ നിയന്ത്രണത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾ സന്ദർശിച്ച് ആശ്രയ പദ്ധതി വിലയിരുത്തൽ നടത്തുന്നതിന് ചുമതലപ്പെടുത്തേണ്ടതാണ്.

(ii) ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ, ജില്ലാ കളക്ടർ കൺവീനറുമായ സമിതിയിൽ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ, ജില്ലാ മെഡിക്കൽ ആഫീസർ, ജില്ലാസാമൂഹ്യക്ഷേമ ആഫീസർ തുടങ്ങിയ ഔദ്യോഗിക അംഗങ്ങൾക്കുപുറമെ, വിദഗ്ധ അംഗങ്ങളായി കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ പ്രതിനിധി, പുനരധിവാസ

പ്രവർത്തനരംഗത്തേയും സാമൂഹ്യ ശാസ്ത്രരംഗത്തേയും വിദഗ്ധരും കൂടാതെ രണ്ടു സാമൂഹ്യ പ്രവർത്തകരേയും അംഗങ്ങളായി ഉൾപ്പെടുത്താവുന്നതാണ്.

(iii)ആവശ്യമെങ്കിൽ കൂടുതൽ അംഗങ്ങളെ സമിതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(iv) വിദഗ്ധസമിതിയിൽ അംഗങ്ങൾ പരമാവധി 15 പേർ വരെആകാവുന്നതാണ്.

(v) ആശ്രയ പ്രവർത്തന പുരോഗതി വിലയിരുത്തൽ, പ്രോജക്ടിന്റെ ഗുണനിലവാരം പരിശോധിക്കൽ, വിവിധ സ്പോൺസർഷിപ്പുകൾ കണ്ടെത്താൻ സഹായിക്കൽ തുടങ്ങിയവയാണ് സമിതിയുടെ മുഖ്യ ചുമതലകൾ.

(vi) ഈ സമിതിയുടെ പ്രവർത്തനപുരോഗതിയും വിലയിരുത്തലും സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(3) ഒരു ആശ്രയ പ്രോജക്ട് രൂപീകരിച്ച് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലെങ്കിലും അടുത്ത സാമ്പത്തിക വർഷത്തിൽ നിർബന്ധമായും സ്പിൽ ഓവറായി പദ്ധതി പ്രവർത്തനം തുടരേണ്ടതാണ്.

(4) ആശ്രയ പ്രോജക്ടുകളുടെ സേവന ഗുണനിലവാരം വിലയിരുത്തുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷൻ പ്രത്യേക വിദഗ്ധ സംഘത്തെ നിയോഗിക്കേണ്ടതാണ്.

(5) ഓരോ ആശ്രയ കുടുംബവും ഉൾപ്പെടുന്ന അയൽക്കൂട്ടം പ്രസ്തുത കുടുംബത്തിനായുള്ള പ്രോജക്ട് ഘടകങ്ങളുടെ നിർവഹണം വിലയിരുത്തേണ്ടതാണ്. പ്രോജക്ട് പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് അയൽക്കൂട്ടം സെക്രട്ടറി/പ്രസിഡന്റ് എ.ഡി.എസ്., സി.ഡി.എസ്. കമ്മിറ്റികളിൽ റിപ്പോർട്ട് നൽകേണ്ടതാണ്. ഇതിനായി ബന്ധപ്പെട്ട അയൽക്കൂട്ടങ്ങൾ ഒരു ആശ്രയ മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

**3.17** ആശ്രയ പ്രോജക്ടുകൾ പരിശോധിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിതലത്തിൽ ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും അംഗീകരിച്ച ആശ്രയ പ്രോജക്ടിന്റെ ഒരു പകർപ്പ് സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷന് അയച്ച് കൊടുത്ത് പ്രോജക്ട് അടങ്കലിന്റെ 40 ശതമാനമോ 25 ലക്ഷം രൂപയോ ഏതാണോ കുറവ് ആ തുകയും തുടർസേവനത്തിന് അനുവദിക്കുന്ന 5 ലക്ഷം രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്ന് ലഭ്യമാക്കുന്നതിന് നടപടി ആവശ്യപ്പെടേണ്ടതാണ്.

**അനുബന്ധം : 5**

## പട്ടിക വർഗ അഗതി കുടുംബങ്ങളുടെ പരിചരണ സേവനങ്ങളുടെ പാക്കേജ്

**1.1** പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് കുറഞ്ഞത് 50 ശതമാനം തുക പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ പട്ടികവർഗക്കാരുടെ പരിചരണ സേവനങ്ങളുടെ പാക്കേജിന് വകയിരുത്തണം. പരിചരണ സേവനങ്ങളുടെ പാക്കേജിന് അർഹരായ പട്ടികവർഗ അഗതികുടുംബങ്ങളെ കണ്ടെത്തുന്നതിന് രണ്ട് ഘട്ടങ്ങളിലെ തിരച്ചിൽ പ്രക്രിയ അനുവർത്തിക്കണം. അതുപ്രകാരം പ്രാഥമിക പരിശോധനയ്ക്കുള്ള മാനദണ്ഡങ്ങളും അഗതി കുടുംബമായി പരിഗണിക്കുന്നതിനുള്ള ക്ലേശ ഘടകങ്ങളും ചുവടെ വിവരിക്കുന്നു.

**1.2 അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ**

(1) ഭൂരഹിതർ/5 സെന്റിൽ താഴെ ഭൂമിയുള്ളവർ

(2) ഭവന രഹിതർ/ജീർണ്ണിച്ച വീട്ടിൽ താമസിക്കുന്നവർ

(3) 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ലാത്ത കുടുംബങ്ങൾ

(4) ശുചിത്വ കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ

(5) ജോലിയുള്ള ഒരാൾപോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി)

(6) വനിത കുടുംനാഥയായിട്ടുള്ള കുടുംബം

(7) ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവരോ തീരാവ്യാധികൾ പടിപെട്ടവരോ ഉള്ള കുടുംബം

(8) പട്ടികജാതി/പട്ടികവർഗ കുടുംബം

(9) കളർ ടെലിവിഷൻ ഇല്ലാത്ത കുടുംബം

**1.3 അഗതി കുടുംബമായി പരിഗണിക്കുന്നതിനുള്ള ക്ലേശ ഘടകങ്ങൾ**

(1) രാത്രി കാലം പൊതു സ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ

(2) സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ/ വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ

(3) ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ

(4) ഭക്ഷണത്തിന് വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരുംതന്നെയില്ലാത്ത കുടുംബം

(5) അതിക്രങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ

(6) തെരുവ് കുട്ടികൾ ദുർഗുണ പരിഹാര പാഠശാല (juvainal home) അഗതി മന്ദിരം (poor home) എന്നിവിടങ്ങളിൽ കഴിയുന്ന കുട്ടികൾ ഉള്ള കുടുംബം

(7) കുടുംബം പോറ്റുന്നതിന് തൊഴിൽ ചെയ്യാൻ നിർബന്ധിതരായ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ ഉള്ള കുടുംബം

(8) ലൈംഗിക തൊഴിലാളികൾ (Comercial sex workers) ഉള്ള കുടുംബം

(9) അബല മന്ദിരത്തിൽ താമസിക്കുന്ന വനിത അംഗമായിട്ടുള്ള കുടുംബം

(10) ചേരി പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബം

**1.4. അഗതി കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കൽ**

അഗതികളെ കണ്ടെത്തുന്നതിന് അവലംബമാക്കിയിട്ടുള്ള 9 മാനദണ്ഡങ്ങളിൽ 7 മാനദണ്ഡങ്ങളെങ്കിലും ബാധകമായിട്ടുള്ള എല്ലാ കുടുംബങ്ങളുടേയും പട്ടിക തയ്യാറാക്കണം. ഇപ്രകാരം പട്ടികപ്പെടുത്തിയിട്ടുള്ള കുടുംബങ്ങളെ ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധിക്കണം. 10 ക്ലേശ ഘടകങ്ങളിൽ ഏതെങ്കിലും ഒരു ഘടകം ബാധകമായിട്ടുള്ള കുടുംബത്തെ അഗതി കുടുംബമായി കണക്കാക്കാവുന്നതാണ്. രണ്ട് ഘട്ടങ്ങളിലേയും പരിശോധനയും പട്ടിക തയ്യാറാക്കലും നടത്തുകയെന്നത് ഊരുകൂട്ടത്തിന്റെ ചുമതലയാണ്.

**1.5 അന്തിമ പട്ടിക അംഗീകരിക്കൽ**

(1) മുകളിൽ വിവരിച്ച പ്രകാരം അഗതി കുടുംബങ്ങളുടെ പട്ടിക ഊരുകൂട്ടം തയ്യാറാക്കി കഴിഞ്ഞാൽ ഊരുകൂട്ട അംഗങ്ങൾ കഴിയുന്നിടത്തോളം വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കൊപ്പം ഗ്രൂപ്പുകളായി ഓരോ അഗതി കുടുംബവും സന്ദർശിക്കണം.

(2) ഓരോ ഗ്രൂപ്പും സന്ദർശിക്കുന്ന അഗതി കുടുംബത്തിന്റെ ഒരു രൂപരേഖ തയ്യാറാക്കണം ഇതിനാവശ്യമായ ഫോറങ്ങൾ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ ലഭ്യമാക്കുന്നതാണ്.

(3) കുടുംബ സന്ദർശനത്തിലൂടെ കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ പട്ടിക ഊരുകൂട്ടയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം തേടണം. ഇത് സംബന്ധിച്ച് ഉണ്ടാകുന്ന ഓരോ പരാതിയും സൂക്ഷ്മമായി പരിശോധിക്കേണ്ടതും വിശദമായ റിപ്പോർട്ട് ഊരുകൂട്ടത്തിന്റെ അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

(4) അഗതി കുടുംബമാണ് എന്ന് തീരുമാനിക്കേണ്ടത് ഊരുകൂട്ടമാണ്

## 2. അർഹരായ പട്ടികവർഗ അഗതികൾക്ക് ചുവടെ വിവരിക്കുന്ന പരിചരണ സേവനങ്ങളുടെ പാക്കേജ് നൽകാവുന്നതാണ്.

**2.1 ഭക്ഷണം**

(1) 65 വയസിനു മുകളിൽ പ്രായമുള്ള എല്ലാ പട്ടികവർഗ അഗതികൾക്കും അന്നപൂർണ പദ്ധതിപ്രകാരം ഭക്ഷ്യധാന്യം സൗജന്യമായി നൽകണം.

(2) യാതൊരു വരുമാനമാർഗവും ഇല്ലാത്ത, കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന പട്ടികവർഗ അഗതികുടുംബങ്ങൾക്ക്, അന്ത്യോദയ അന്നയോജന പരിപാടി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യണം. ഭക്ഷ്യധാന്യം നൽകുന്നതിനാവശ്യമായ തുക നഗരസഭകൾക്ക് പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും പട്ടികവർഗ അഗതി കുടുംബങ്ങൾ റേഷൻ കാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുവിതരണ കേന്ദ്രത്തിൽ (റേഷൻ കടയിൽ) നേരിട്ട് ഒടുക്കേണ്ടതാണ്.

(3) തൊഴിൽദാന പരിപാടികളിൽ പട്ടികവർഗ കുടുംബങ്ങളിലെ അഗതികളെ പ്രത്യേക പരിഗണന നൽകി പങ്കെടുപ്പിച്ച് തൊഴിൽ ലഭ്യമാക്കണം.

(4) പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കുന്ന ഫുഡ് സപ്പോർട്ട് പ്രോഗ്രാമിലൂടെയുള്ള (Food Support Programme) ഭക്ഷ്യധാന്യ വിതരണം പട്ടികവർഗ കുടുംബശ്രീ അയൽക്കൂട്ട ശൃംഖല മുഖേന ആയിരിക്കണം.

(5) ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ദീർഘകാലമായി രോഗ ബാധിതർ, നിത്യരോഗികൾ, വളരെയേറെ പ്രായമുള്ളവർ എന്നിവർ മാത്രവും ഭക്ഷണം പാകം ചെയ്യാൻ ശേഷിയുള്ള ഒരാൾപോലും ഇല്ലാത്തതും ആയ പട്ടികവർഗ അഗതി കുടുംബങ്ങൾക്ക് അംഗൻവാടികളിലൂടെ ഭക്ഷണം വിതരണം ചെയ്യണം.

(i) ഈ ചുമതല കുടുംബശ്രീയുടെ പട്ടികവർഗ അയൽക്കൂട്ടങ്ങളേയും ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികളേയും ഏൽപ്പിക്കാവുന്നതാണ്.

(ii) ഈ വിഭാഗത്തിലെ അഗതികൾക്ക് ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് വഹിക്കാവുന്നതാണ്.

(iii) അപ്രകാരം ഒരു മാസം ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനാവശ്യമായ തുക ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികൾക്ക് മുൻകൂറായി നൽകാവുന്നതാണ്.

### 2.2 ആരോഗ്യ സുരക്ഷ

(1) ക്ഷയം, കുഷ്ഠം, ക്യാൻസർ, എയ്ഡ്സ്, ഹൃദ്രോഗം, വൃക്കരോഗം/മസ്തിഷ്ക സംബന്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്ക് ഇരയായിട്ടുള്ള പട്ടികവർഗ അംഗതികളുടെ ചികിത്സയ്ക്കായി കൈമാറ്റം ചെയ്തിട്ടുള്ള ആശുപത്രികളിൽ ലഭ്യമായ സേവനം പ്രയോജനപ്പെടുത്തണം. ഇതിനായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം പ്രത്യേക നടപടി സ്വീകരിക്കണം

(2) പട്ടിക വർഗ അഗതി കുടുംബങ്ങളുടെ വ്യത്യസ്തങ്ങളായ ആരോഗ്യ ആവശ്യങ്ങൾ ശ്രദ്ധയോടെ നിരീക്ഷിക്കേണ്ട ചുമതല ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിനാണ്.

(3) പട്ടിക വർഗ അഗതി കുടുംബങ്ങൾക്ക് ഏതു രീതിയിലാണ് സേവനം പ്രദാനം ചെയ്യേണ്ടതെന്ന് തീരുമാനിക്കുന്നത് നഗരസഭാ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളും നഗരസഭകളും കൂടയാലോചിച്ചായിരിക്കണം.

(4) നിലവിലുള്ള പദ്ധതി വിഹിതം, വികസനഫണ്ട്, മറ്റ് സ്രോതസുകൾ എന്നിവയിൽ നിന്ന് പട്ടികവർഗ പരിചരണ പാക്കേജിന് ആവശ്യമായ വിഭവം കണ്ടെത്തേണ്ടതാണ്.

(5) ക്ഷയം, കുഷ്ഠം, ക്യാൻസർ, എയ്ഡ്സ്, ഹൃദ്രോഗം, വൃക്ക രോഗം, മസ്തിഷ്ക സംബന്ധമായ രോഗങ്ങൾ മുതലായ രോഗങ്ങളുടെ ചികിത്സയ്ക്ക് മെഡിക്കൽ കോളേജുകളിലും ജില്ലാ/ജനറൽ ആശുപത്രികളിലും ലഭ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനവും പ്രയോജനപ്പെടു ത്തേണ്ടതാണ്. ഇതിനുവേണ്ടി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതും ചെലവ് പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതുമാണ്.

(6) ആധുനിക സൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രികളെകൊണ്ട് രോഗബാധിതരായ അഗതികളുടെ ചികിത്സ സൗജന്യമായി സ്പോൺസർ ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പരിശ്രമിക്കേണ്ടതാണ്.

(7) പ്രധാനമന്ത്രിയുടെ/മുഖ്യമന്ത്രിയുടെ/പട്ടികജാതി, പട്ടികവർഗ ക്ഷേമ വകുപ്പ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടികവർഗ അഗതികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

(8) പട്ടികവർഗ അഗതി കുടുംബങ്ങളിലെ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കണം.

(i) മരുന്ന് ലഭ്യമാക്കുന്നതിൽ പ്രാഥമിക ആരോഗ്യകേന്ദ്രം/ഇതര സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമായ ഫണ്ട് ഉപയോഗിക്കാവു ന്നതാണ്.

(ii) ആവശ്യമെങ്കിൽ മരുന്ന് വാങ്ങുന്നതിന് പട്ടികവർഗ ഉപപദ്ധതി വിഹിതവും വിനിയോഗിക്കാവുന്നതാണ്.

(iii) ഈ പ്രക്രിയയിൽ സുതാര്യത ഉറുവരുത്തുന്നതിന് അരോഗ്യ മേഖലാവിദഗ്ധർ അടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി ആവശ്യ.മായ മരുന്നുകൾ ഏത് എന്ന് നിശ്ചയിക്കേണ്ടതും അവ വാങ്ങി രോഗികൾക്ക് നേരിട്ട് നൽകേണ്ടതുമാണ്.

(iv) രോഗികൾക്ക് യഥാസമയം കൃത്യമായി മരുന്നുകൾ ലഭ്യമാക്കുന്നുവെന്ന് പട്ടികവർഗ അയൽക്കൂട്ടങ്ങൾ ഉറുവരുത്തേണ്ടതാണ്.

(9) പരോപകാര തൽപരരായ വ്യക്തികളേയും ധർമ്മ സ്ഥാപനങ്ങളേയും പട്ടികവർഗ അഗതികളുടെ ചികിത്സാ ആവശ്യങ്ങൾ സ്പോൺസർ ചെയ്യുവാൻ പ്രേരിപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സ്പോൺസർമാരെ കണ്ടെത്തുന്നതിന് ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ചർച്ചകൾ മുതലായവ സംഘടിപ്പിക്കാവുന്നതാണ്.

(10) തദ്ദേശഭരണ സ്ഥാപനതലത്തിൽ സന്നദ്ധസേവന തൽപരരായ ആതുര ശ്രുശ്രൂഷാ പ്രവർത്തകരുടെ ഒരു സമിതി രൂപീകരിക്കുകയും പട്ടികവർഗ അഗതികൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവരുടെ സേവനം ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

**2.3 പട്ടികവർഗ വിഭാഗത്തിലെ ഭിന്നശേഷിക്കാർക്ക് ആശ്വാസം നൽകൽ**

(1) കേന്ദ്രാവിഷ്കൃത പരിപാടികളിലെ പട്ടികവർഗ ഉപപദ്ധതി വിഹിതം വിനിയോഗിച്ച് നടപ്പാക്കുന്ന പരിപാടികൾ ഭിന്നശേഷിക്കാർ അംഗങ്ങളായി ഉള്ള പട്ടികവർഗ അഗതി കുടുംബങ്ങൾക്ക് മുൻഗണന നൽകി നടപ്പാക്കേണ്ടതാണ്.

(2) പട്ടികവർഗ അഗതികൾക്ക്, കേരള സംസ്ഥാന വികലാംഗക്ഷേമ കോർറേഷൻ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തൊഴിൽ വൈദഗ്ധ്യ പരിശീലനം നൽകുവാനുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കാവൂന്നതാണ്

(3) പട്ടികവർഗ ഉപപദ്ധതി വിഹിതം ഉപയോഗിച്ച് പട്ടികവർഗ അഗതി കടുംബങ്ങളിലെ ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ നൽകുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(4) ഭിന്നശേഷിക്കാരായ പട്ടികവർഗക്കാരുടെ തൊഴിലധിഷ്ഠിത പ്രോജക്ടുകൾക്ക് കേന്ദ്ര – സംസ്ഥാന സോഷ്യൽ വെൽഫയർ അഡ്വൈസറി ബോർഡുകളിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

(5) പട്ടികവർഗ അഗതികളിൽ അർഹരായവർക്ക് വാർദ്ധക്യകാല പെൻഷനും മറ്റു പെൻഷനുകളും അനുവദിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉയർന്ന മുൻഗണന നൽകണം.

(6) പട്ടിക വർഗ വിഭാഗത്തിലെ വൃദ്ധരുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**2.4 കിടപ്പാടം**

(1) ഭൂരഹിതരായ എല്ലാ പട്ടികവർഗ അഗതി കുടുംബങ്ങൾക്കും വീട് വയ്ക്കുവാൻ ഭൂമി നൽകണം. അതിനുശേഷം മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു പട്ടികവർഗ കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകുവാൻ പാടുള്ളൂ. ഇതിന് പട്ടികവർഗ ഉപപദ്ധതി വിഹിതം വിനിയോഗി ക്കാവുന്നതാണ്.

(2) പട്ടികവർഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയും പട്ടികവർഗ അഗതി കുടുംബങ്ങളുടെ പുനരധിവാസ പരിപാടി ഏറ്റെടുക്കാവുന്നതാണ്.

(3) പട്ടികവർഗ അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നഗര പ്രദേശങ്ങളിൽ 2 സെന്റിൽ കുറയാതെ ഭൂമി ഗുണഭോക്താക്കൾ തന്നെ കണ്ടെത്തേണ്ടതാണ്. ഭൂമിയുടെ യഥാർത്ഥ വില, നിശ്ചയിച്ചിട്ടുള്ള ഉയർന്ന പരിധിക്ക് വിധേയമായി ഭൂവുടമയ്ക്ക് നേരിട്ട് നൽകാവുന്നതാണ്.

**2.5 പാർപ്പിടം**

(1) ഭവനരഹിതരും, വീട് നിർമ്മിക്കുവാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ പട്ടികവർഗ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ സഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകിയശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് പട്ടികവർഗ കുടുംബങ്ങൾക്ക് വീട് നൽകുന്ന കാര്യം പരിഗണിക്കേണ്ടതുള്ളൂ.

(2) പട്ടികവർഗ അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം പട്ടികവർഗ അയൽക്കൂട്ടം/ഊരുകൂട്ടം മുഖേന ആയിരിക്കണം.

**2.6 കുടിവെള്ളം**

(1) പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായിരിക്കണം ആദ്യ പരിഗണന നൽകേണ്ടത്.

(2) നിലവിലുള്ള കുടിവെള്ള പ്രോജക്ടുകളിൽ പട്ടികവർഗ അഗതി കുടുംബങ്ങളുടെ വീടുകൾക്ക് ഏറ്റവും സമീപത്തായി പബ്ലിക് സ്റ്റാന്റ് പോസ്റ്റ് സ്ഥാപിക്കേണ്ടതാണ്.

(3) പട്ടികവർഗ ഊരുകൾക്ക് പ്രയോജനം ലഭിക്കുന്ന കുടിവെള്ള പ്രോജക്ടുകൾ പട്ടികവർഗ ഉപപദ്ധതി പ്രകാരം ആരംഭിക്കേണ്ടതാണ്.

(4) പുതുതായി ആരംഭിക്കുന്ന കുടിവെള്ള പ്രോജക്ടുകളിൽ പട്ടികവർഗ അഗതി കുടുംബങ്ങൾ കൂടുതലുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

(5) പട്ടികവർഗ ഊരുകളിൽ തുറസായ കിണർ കുഴിക്കാവുന്നതാണ്.

**2.7 വിദ്യാഭ്യാസം**

(1) സ്കൂൾ വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ ഓരോ ഊരിലും സർവേ നടത്തി സ്കൂളിൽ ചേർന്നിട്ടില്ലാത്ത പട്ടികവർഗ കുട്ടികളെ കണ്ടെത്തി അവരെ സ്കൂളിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കണം.

(2) വിദ്യാഭ്യാസം ഉപേക്ഷിച്ചവരെ വീണ്ടും സ്കൂളിൽ ചേർക്കാൻ ശ്രമങ്ങൾ നടത്തുന്നതിലൂടെ 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ പട്ടികവർഗ കുട്ടികളും അവരുടെ കുടുംബസ്ഥിതി പരിഗണിക്കതെ തന്നെ വിദ്യാഭ്യാസം തുടരുന്നുവെന്ന് ഉറപ്പുവരുത്തണം.

(3) പട്ടികവർഗ അഗതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് ഹോസ്റ്റലിൽ ചേർന്ന് പഠിക്കുവാൻ സൗകര്യം ലഭിക്കാത്ത എല്ലാ പട്ടിക വർഗ വിദ്യാർത്ഥികൾക്കും ആവശ്യമായ പഠനോപകരണങ്ങൾ, യൂണിഫോം മുതലായവ തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികവർഗ ഉപപദ്ധതി വിഹിതം ഉപയോഗിച്ച് വിതരണം ചെയ്യേണ്ടതാണ്. ഈ പാക്കേജ് പ്രകാരം നൽകാവുന്ന ധനസഹായത്തിന്റെ നിരക്ക് ചുവടെ നൽകുന്നു.

| ഇനം | | വാർഷിക അലവൻസിന്റെ പരിധി (രൂപ) |
|---|---|---|
| (a) സ്കൂൾ യൂണിഫോം വാങ്ങുന്നതിന് | | |
| (i)ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 1000 |
| (ii)അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 1200 |
| (iii)ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് | : | 1500 |
| (b)നോട്ട് ബുക്ക്, സ്റ്റേഷനറി മുതലായവ വാങ്ങുന്നതിന് | | |
| (i)ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 500 |
| (ii)അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 750 |
| (iii)ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് | : | 1000 |
| (c)കുട, ചെരുപ്പ്/ഷൂസ്, സ്കൂൾ ബാഗ്, പെൻസിൽ, പേന എന്നിവ വാങ്ങുന്നതിന് | | |
| (എല്ലാ സ്റ്റാൻഡേർഡുകളിലേയും വിദ്യാർത്ഥികൾക്ക്) | : | 1000 |

(4) പട്ടികവർഗ കുടുംബങ്ങളിലെ എല്ലാ വിദ്യാർത്ഥികളുടേയും പഠന നിലവാരം ഉയർത്താൻ പ്രത്യേക കോച്ചിംഗ് ഏർപ്പെടുത്തണം. ഇതിനായി യോഗ്യതയുള്ള ബിരുദധാരികൾ, കോളേജ് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സാക്ഷരതാ പ്രേരക് മാർ, മുതലായവരെ ഉൾപ്പെടുത്തി ഒരു സപ്പോർട്ട് ഗ്രൂപ്പ് നഗരസഭാതലത്തിൽ രൂപീകരിക്കണം. സപ്പോർട്ട്ഗ്രൂപ്പിന്റെ സംഘടനാ

ചെലവ് പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്. എന്നാൽ ഈ ആവശ്യത്തിന് ഹോണറേറിയം കൊടുക്കുവാൻ പാടില്ല.

**2.8 സാമൂഹ്യമായ ഒറ്റപ്പെടൽ**

(1) പട്ടികവർഗ അഗതി കുടുംബങ്ങളിലെ അംഗങ്ങളെ പട്ടികവർഗ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തുവാൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ നടപടി സ്വീകരിക്കണം. അപ്രകാരം അവരുടെ സാമൂഹ്യമായ ഒറ്റപ്പെടൽ അവസാനിപ്പിക്കാവുന്നതാണ്.

(2) പട്ടികവർഗ അഗതി കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ നിർവഹണം, മേൽനോട്ടം, മോണിറ്ററിംഗ് മുതലായവ ബന്ധപ്പെട്ട ഊരുകൂട്ടങ്ങളുടെ ചുമതലയാണ്.

(3) പട്ടികവർഗ അഗതി കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പൗര സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ, ബോധ വൽക്കരണ പ്രവർത്തനങ്ങൾ, അഗതികളെ കണ്ടെത്തുന്നതിനുള്ള സർവേ എന്നിവ ഊരുകൂട്ടങ്ങളുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

(4) പട്ടികവർഗ അഗതികളുടെ സർഗവാസന വികസിപ്പിക്കുന്നതിനും അവരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും സമൂഹത്തിലെ മറ്റു വിഭാഗങ്ങൾക്കൊപ്പം ഇടപഴകുന്നതിനുമുള്ള ആത്മബലം നൽകുന്നതിനും അനുയോജ്യമായ കൗൺസിലിംഗ് സംഘടിപ്പിക്കുവാൻ തദ്ദേശഭരണസ്ഥപനങ്ങൾ നടപടി സ്വീകരിക്കണം.

(5) പട്ടികവർഗ അഗതികളുടെ മാനസിക ശാരീരിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ മനഃശാസ്ത്രജ്ഞരുടേയും വിദഗ്ധരുടേയും പ്രൊഫഷണലു കളുടേയും ഉപദേശാനുസരണം സംഘടിപ്പിക്കേണ്ടതാണ്. അതിന്റെ ചെലവ് പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

**പട്ടിക – 1**

## മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും വിഹിതം ലഭ്യമാക്കി ബന്ധപ്പെട്ട നഗരസഭ നിർവഹണം നടത്തുന്ന പ്രോജക്ടുകൾ

**നഗരസഭയുടെ പേര്........................................................... വാർഷിക പദ്ധതി..........**

| ക്രമ നം | പ്രോജക്ടിന്റെ പേര് | ഏതു തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും തുക ലഭ്യമാകുന്നു. | ലഭ്യമാകുന്ന തുക | ലഭ്യമാകുന്ന തുക ഏത് ഫണ്ടിൽ നിന്നും* |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

* വികസനഫണ്ട്, പൊതുവിഭാഗം/ എസ്.സി.എസ്.പി/റ്റി.എസ്.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോക ബാങ്ക് വിഹിതം

**പട്ടിക – 2**

## ബന്ധപ്പെട്ട നഗരസഭ മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഹിതം നൽകുന്ന പ്രോജക്ടുകൾ

**നഗരസഭയുടെ പേര്........................................................... വാർഷിക പദ്ധതി..........**

| ക്രമ നം | പ്രോജക്ടിന്റെ പേര് | ഏതു തദ്ദേശഭരണ സ്ഥാപനത്തിന് തുക നൽകുന്നു. | നൽകുന്ന തുക | നൽകുന്നത് തുക ഏത് ഫണ്ടിൽ നിന്നും* |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

* വികസനഫണ്ട്, പൊതുവിഭാഗം/ എസ്.സി.എസ്.പി/റ്റി.എസ്.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോക ബാങ്ക് വിഹിതം

**ഫോറം 1**

## വാർഡ്സഭാ യോഗത്തിൽ അവതരിപ്പിക്കുന്ന കരട് പ്രോജക്ട് നിർദ്ദേശങ്ങൾ

**.......................................................... വാർഷിക പദ്ധതി**

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് :.................................................................. വർക്കിംഗ് ഗ്രൂപ്പിന്റെ പേര്

| ക്രമ നം | നിർദ്ദേശിക്കുന്ന പ്രോജക്ടിന്റെ പേര് | ലക്ഷ്യങ്ങൾ എന്തെല്ലാം | ഗുണഭോക്തൃ വിഭാഗം, എണ്ണം, ഗുണഭോക്തൃ പ്രദേശം ഏത് (1) | പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം? എത്ര അളവിൽ(2) | വികസന ഫണ്ട് | മെയിന്റനൻസ് ഫണ്ട് | ലോക ബാങ്ക് വിഹിതം | പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | തനത് ഫണ്ട് | കേന്ദ്രാവിഷ്കൃതം | സംസ്ഥാനാവിഷ്കൃതം | വായ്പ | ഗുണഭോക്തൃ വിഹിതം | മറ്റുള്ളവ | ആകെ അടങ്കൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) |
| | | | | | | | | | | | | | | | |
| X | ആകെ | X | X | X | | | | | | | | | | | |

**സ്ഥലം:**

**തീയതി:**

**ഒപ്പ്**

**പേര്**

**........................വർക്കിംഗ് ഗ്രൂപ്പ്**

1. ഗുണഭോക്താക്കളുടെ എണ്ണം അവർ ഏത് വിഭാഗത്തിലുള്ളവർ അല്ലെങ്കിൽ ഏത് പ്രദേശത്തിലുള്ളവർ എന്നും എഴുതണം
2. എന്തെല്ലാം പ്രവർത്തനങ്ങൾ എന്നും അവ എത്ര അളവിൽ എന്നും എഴുതണം. ബാധമായ സംഗതികൾ എവിടെ എന്നും എഴുതണം. ഒന്നിലധികം പ്രദേശങ്ങളിലോ നടത്തേണ്ട നിർമ്മാണ പ്രവൃത്തികൾ കൂട്ടിച്ചേർത്ത് ഒറ്റ പ്രോജക്ടായി നിർദ്ദേശിക്കാൻ പാടില്ല.

**ഫോറം:2**

# വിഭവ വകയിരുത്തൽ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്:..........................................................................................................................................

**2.1 വിഭവ സ്രോതസ്സുകൾ**

| ക്രമ നം | വിഭവ സ്രോതസ്സുകൾ | | വകയിരുത്തുന്ന തുക (രൂപ) |
|---|---|---|---|
| (1) | (2) | | (3) |
| 1 | വികസന ഫണ്ട് (i) | പൊതു വിഭാഗം | |
| | (ii) | പട്ടികജാതി ഉപപദ്ധതി | |
| | (iii) | പട്ടികവർഗ ഉപപദ്ധതി | |
| | | വികസന ഫണ്ട് ആകെ | |
| 2 | ലോക ബാങ്ക് വിഹിതം | | |
| 3 | പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| 4 | മെയിന്റനൻസ് ഫണ്ട് (i) | റോഡ് ഇതരം | |
| | (ii) | റോഡ് | |
| | | മെയിന്റനൻസ് ഫണ്ട് ആകെ | |
| 5 | തനത് ഫണ്ട് | | |
| 6 | സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | | |
| 7 | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | | |
| 8 | വായ്പ - സഹകരണ സ്ഥാപനങ്ങളിൽ നിന്ന് | | |
| 9 | വായ്പ– മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് | | |
| 10 | ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടയ്ക്കുന്നത് | | |
| 11 | ഗുണഭോക്തൃ വിഹിതം – ഗുണഭോക്താവ് നേരിട്ട് വഹിക്കുന്നത് | | |
| 12 | സന്നദ്ധ സേവനം | | |
| 13 | സംഭാവന | | |
| 14 | മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | | |
| 15 | മറ്റുള്ളവ | | |
| 16 | ആകെ മൊത്തം | x | |

## 2.2 2017–18–ലെ വികസന ഫണ്ടിന്റെ വിഷയാടിസ്ഥാനത്തിലുള്ള വകയിരുത്തൽ

| വകയിരുത്തൽ (രൂപ) | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നം | വികസന മേഖല | പൊതു വിഭാഗം | പട്ടിക ജാതി ഉപ പദ്ധതി | പട്ടിക വർഗ ഉപ പദ്ധതി | ആകെ (3+4+5) | ലോക ബാങ്ക് വിഹിതം | 14–ാം ധനകര്യ കമ്മീഷൻ ഗ്രാന്റ് | മെയിന്റനൻസ് ഫണ്ട് | മറ്റ് വിഹിതം | ആകെ (6+7+8+9) |
| (1) | (2) | (3) | (4) | (5) | (6) | (7) | | (8) | (9) | (10) |
| 1 | കൃഷി | | | | | | | | | |
| 2 | മൃഗസംരക്ഷണം | | | | | | | | | |
| 3 | ക്ഷീര വികസനം | | | | | | | | | |
| 4 | ജലസേചനം | | | | | | | | | |
| 5 | മണ്ണ്–ജലസംരക്ഷണം | | | | | | | | | |
| 6 | പരിസ്ഥിതി സംരക്ഷണം | | | | | | | | | |
| 7 | വിദ്യാഭ്യാസം | | | | | | | | | |
| 8 | കല, സംസ്കാരം, യുവജനക്ഷേമം | | | | | | | | | |
| 9 | ആരോഗ്യം | | | | | | | | | |
| 10 | കുടിവെള്ളം | | | | | | | | | |
| 11 | ശുചിത്വം | | | | | | | | | |
| 12 | പാർപ്പിടം | | | | | | | | | |
| 13 | സാമൂഹ്യക്ഷേമം | | | | | | | | | |
| 14 | ഊർജ്ജം | | | | | | | | | |
| 15 | പൊതുമരാമത്ത് | | | | | | | | | |
| 16 | മറ്റുള്ളവ | | | | | | | | | |
| | ആകെ | | | | | | | | | |

## 2.3. 2017–18–ലെ വികസനഫണ്ടിന്റെ മേഖലാടിസ്ഥാനത്തിലുള്ള വകയിരുത്തൽ

| വിഭാഗം | വകയിരുത്തൽ (രൂപ) | | | | | | | |
|---|---|---|---|---|---|---|---|---|
| | ആകെ അടങ്കൽ തുക | വകയിരുത്തിയ വികസന ഫണ്ട് | ഉല്പാദന മേഖല | | സേവന മേഖല | | പശ്ചാത്തല മേഖല | |
| | | | തുക | ശതമാനം | തുക | ശതമാനം | തുക | ശതമാനം |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| പൊതു വിഭാഗം | | | | | | | | |
| പട്ടിക ജാതി ഉപപദ്ധതി | | | | | | | | |
| പട്ടികവർഗ ഉപ പദ്ധതി | | | | | | | | |
| ആകെ | | | | | | | | |

2.4 . 2017-18-ൽ നിർബന്ധമായി വകയിരുത്തേണ്ട വിഭാഗങ്ങൾക്കുള്ള / പരിപാടികൾക്കുള്ള വകയിരുത്തൽ

| ക്രമ നം | നിർബന്ധമായി തുക വകയിരുത്തേണ്ട വിഭാഗത്തിന്റെ /പരിപാടിയുടെ പേര് | വകയിരുത്തേണ്ട വികസന ഫണ്ട് | വകയിരുത്തിയ തുക (രൂപ) | | |
|---|---|---|---|---|---|
| | | | വികസന ഫണ്ട് | മറ്റുള്ളവ | ആകെ |
| (1) | (2) | (3) | (4) | (5) | (6) |
| | | | | | |
| X | **ആകെ** | | | | |

**2017-18 വാർഷിക പദ്ധതി**

## 2.5 മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകൾ

**തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്:..................................................**

| ക്രമ നം | ആസ്തിയുടെ/ആസ്തികളുടെ പേര് | ആസ്തി രജിസ്റ്ററിലെ യൂണിക് നമ്പർ | ആസ്തികളുടെ ഇപ്പോഴത്തെ അവസ്ഥ | സംരക്ഷണത്തിനായി നടത്തേണ്ട പ്രവർത്തനങ്ങൾ | പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് (രൂപ) |
|---|---|---|---|---|---|
| | | | | | |

സ്ഥലം:

തീയതി

പേര്:

ഒപ്പ്

സ്ഥാപനമേധാവി/നിർവഹണ ഉദ്യോഗസ്ഥൻ)

(സെക്രട്ടറി)

വർക്കിംഗ് ഗ്രൂപ്പ്

**ഫോറം – 3**

ടിക് ചെയ്യുക

| ജനറൽ | | SCSP | | TSP | |
|---|---|---|---|---|---|

# 2017–18 വാർഷിക പദ്ധതി
## പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | S.O/ New | W/C/ OA//DA/ TG | പരിപാടിയുടെ പേര് (1) | ഗുണഭോക്താക്കൾ/ എണ്ണം, വിഭാഗം, ഗുണഭോക്തൃ പ്രദേശം (2) | പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം | പ്രതീക്ഷിക്കുന്ന വിഭവസ്രോതസ്സുകൾ(രൂപ) | | | | | | | | | | | ഭൗതിക ലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | വികസന ഫണ്ട് | പതിനാലാം ധന - കാര്യ കമ്മീഷൻ | ലോക ബാങ്ക് വിഹിതം | മെയിന്റനൻസ് ഫണ്ട് | തനത് ഫണ്ട് | കേന്ദ്രാവിഷ്കൃതം | സംസ്ഥാനാ- വിഷ്കൃതം | വായ്പ | ഗുണഭോക്തൃ വിഹിതം | മറ്റുളളവ | അടങ്കൽ | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) | (19) |
| | | | | | | | | | | | | | | | | | | |

പൊതുവിഭാഗം, എസ്.സി.എസ്.പി. ടി.എസ്.പി എന്നീ മൂന്ന് പ്രത്യേക പട്ടികകളായി തയ്യാറാക്കണം

W -വനിതാ ഘടക പദ്ധതി C- ശിശുക്കൾ ,OA- വൃദ്ധർ DA- ഭിന്നശേഷിക്കാർ TG- ഭിന്നലിംഗ വിഭാഗം

(1)ഏതെങ്കിലും പ്രത്യേക പരിപാടിയിൽ ഉൾപ്പെടുന്ന പ്രോജക്ടാണെങ്കിൽ ആ പരിപാടിയുടെ പേര് എഴുതുക

(2)ഗുണഭോക്താക്കളുടെ എണ്ണവും അവർ ഏത് വിഭാഗത്തിലുള്ളവർ എന്നും ഏത് പ്രദേശത്തുള്ളവർ എന്നും എഴുതുക

അനുബന്ധം 6

## ജില്ലാ ആസൂത്രണസമിതി പരിശോധനക്ക് ഓൺലൈനായി നൽകേണ്ട രേഖകൾ

I പ്രോജക്ട് റിപ്പോർട്ടുകൾ ഡാറ്റാഎൻട്രി നടത്തുമ്പോൾ ലഭ്യമാകുന്ന റിപ്പോർട്ടുകൾ

(1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭവ വകയിരുത്തൽ
(2) വികസനഫണ്ടിന്റെ വിഷയാടിസ്ഥാനത്തിലുള്ള വകയിരുത്തൽ
(3) വികസനഫണ്ടിന്റെ മേഖലാടിസ്ഥാനത്തിലുള്ള വകയിരുത്തൽ

(4) നിർബന്ധമായും വകയിരുത്തേണ്ട വിഭവങ്ങൾക്കുള്ള /പരിപാടികൾക്കുള്ള വകയിരുത്തൽ
(5) മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ

(6) വാർഷിക പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിശദാംശം (ജനറൽ, പട്ടികജാതി വികസനം, പട്ടിക വർഗ വികസനം)

II. പ്രോജക്ട് റിപ്പോർട്ടിനു പുറമേ തദ്ദേശഭരണ സ്ഥാപനങ്ങൾ സുലേഖ ആപ്ലിക്കേഷനിൽ ഡാറ്റാഎൻട്രി ചെയ്യേണ്ട ഫോറങ്ങൾ

(1) തദ്ദേശഭരണസ്ഥാപന ആസൂത്രണ സമിതി അംഗങ്ങളുടെ വിശദാംശങ്ങൾ
(2) തദ്ദേശഭരണ സ്ഥാപനത്തിലെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിശദാംശങ്ങൾ
(3) ആസൂത്രണ നടപടി ക്രമങ്ങളുമായി ബന്ധപ്പെട്ട ഭരണ സമിതി തീരുമാനങ്ങൾ
(4) വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളും അവയുടെ പങ്കാളിത്തവും
(5) വാർഡ്സഭാ യോഗങ്ങളുടെ വിശദാംശങ്ങൾ സംബന്ധിച്ച റിപ്പോർട്ട്
    (i) ഊരുകൂട്ടയോഗങ്ങളുടെ റിപ്പോർട്ട് ( ബാധകമായ നഗരസഭകൾക്കുമാത്രം)
    (ii) മത്സ്യസഭായോഗങ്ങളുടെ റിപ്പോർട്ട് (ബാധകമായ നഗരസഭകൾക്കുമാത്രം)

(6) തദ്ദേശഭരണ സ്ഥാപനതല പട്ടികവർഗ ഉപപദ്ധതി രൂപീകരണ യോഗത്തിന്റെ റിപ്പോർട്ട്
(7) മെയിന്റനൻസ് പ്ലാൻ അംഗീകരിക്കുന്നതിനുവേണ്ടി ചേർന്ന ഘടക സ്ഥാപന മേധാവികളുടെ യോഗത്തിന്റെ റിപ്പോർട്ട്
(8) വികസന സെമിനാർ റിപ്പോർട്ട്
(9) വാർഡ്സഭയിൽ അച്ചടിച്ച് വിതരണം ചെയ്ത 2017-18 വർഷത്തേയ്ക്കുള്ള കരട് പ്രോജക്ട് നിർദ്ദേശങ്ങൾ
(10) നഗരസഭതല പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരണ സമിതി അംഗീകരിച്ച പ്രോജക്ടുകൾ മുൻഗണനാക്രമത്തിൽ
(11) ഘടക സ്ഥാപന മേധാവികളുടെ യോഗം അംഗീകരിച്ച മെയിന്റനൻസ് പ്ലാൻ പ്രോജക്ടുകൾ മുൻഗണനാക്രമത്തിൽ